പുരോഗതി പുസ്തകം

മഹത്തായ ഒക്ടോബർ 50 വർഷങ്ങൾ

സമാധാന ശ്രമങ്ങളുടെ 50 വർഷങ്ങൾ

വ്ളദ്‌ലെൻ കത്‌ചനോവ്



സമാധാന ശ്രമങ്ങളുടെ 50 വർഷങ്ങൾ

വ്ളദ്‌ലെൻ കത്‌ചനോവ്

സോവിയറ്റ് നാട്ട് ഗ്രന്ഥമാല

മദിരാശി 1967

50 - Year Peace Effort

By Vladlen Katchanov

Malayalam

Printed and Published by L. V. Sorokin for the Information Branch of the U. S. S. R. Consulate Genaral in Madras. 44 Thyagaraya Road, Madras-17. Printed at Janatha Press, Madras-5

ഉള്ളടക്കം

ഗ്രഹത്തിന്റെ മുകളിൽ വാൾ ... 5

മനുഷ്യദുരിതങ്ങളുടെ വ്യാപനം ... 6

സോഷ്യലിസം എന്നാൽ സമാധാനം ... 12

ലെനിനിസ്റ്റ് വിദേശനയം ... 17

വിപ്ലവത്തിന്റെ ആദ്യത്തെ ഡിക്രി ... 17

രാഷ്ട്രാന്തരീയസമ്മേളനങ്ങളിൽ ... 22

അംഗീകാരത്തിന്റെ വേലിയേറ്റം ... 26

സാർവ്വദേശീയഭദ്രതാ സംരഭത്തിന്റെ നേതൃത്വം ... 28

ലോകയുദ്ധം ആളിപ്പടിക്കുന്നതിന്റെ തൊട്ടുമുമ്പ് ... 35

ഫാസിസ്റ്റ് വിരുദ്ധയുദ്ധത്തിലെ സഖ്യകക്ഷികൾ ... 41

ശീതയുദ്ധം ... 46

സമാധാനസംരക്ഷണം സംബന്ധിച്ച ഡിക്രി ... 51

ബലാബലത്തിൽ മാറ്റം ... 54

തത്വങ്ങൾ ജീവിതത്തിലേക്ക് പകർത്തപ്പെടുന്നു ... 58

സമാധാനപരിപാടിയും അതിന്റെ ശത്രുക്കളും ... 58

ആക്രമണത്തിന്റെ സിദ്ധാന്തവും പ്രയോഗവും ... 64

സോവിയറ്റ് - യു. എസ്. ബന്ധങ്ങളെപ്പറ്റി ... 68
പരസ്പരധാരണയുടേയും മൈത്രിയുടേയും
അടിസ്ഥാനത്തിൽ ... 71
താഷ്ക്കണ്ട് സമ്മേളനം ... 78

നിരായുധീകരണം, സമാധാനത്തിലേക്കുള്ള
ഒരു ഉറച്ചപാത ... 64
സോവിയറ്റ് നിരായുധീകരണ നിർദ്ദേശങ്ങൾ ... 64
ഭാഗിക നടപടികൾ ... 90
ന്യൂക്ലിയർപ്രശ്നങ്ങളുടെ പരിഹാരം-ഒരടിയന്തര
കടമ ... 93
സമാധാനംവളർത്തുന്ന പ്രമേയങ്ങൾ ... 99
യൂറോപ്യൻ ഭദ്രതയെ കാത്തുരക്ഷിക്കൽ ... 103

സമാപനം ... 126

ഗ്രഹത്തിന്റെ മുകളിൽ വാൾ

സമാധാനമോ യുദ്ധമോ?

സ്കൂൾകുട്ടിയുടെ കൈകളിലെ കോമ്പസ്സോ, മരണത്തിന്റെ കൈകളിലെ ഒരു കൊലവാളോ?

ഒരു ഖനിത്തൊഴിലാളിയുടെ കുന്താലിയോ ഒരു പട്ടാളക്കാരന്റെ തീച്ചാണ്ടിയോ?

വിളവുകൾ വർദ്ധിപ്പിക്കുന്ന രാസവളങ്ങളോ സസ്യത്തഴപ്പാകെ നശിപ്പിക്കുന്ന വിഷപദാർത്ഥങ്ങളോ?

തൊഴിൽ സുഗമമാക്കുന്ന, വെളിച്ചവും ആനന്ദവും എത്തിച്ചുതരുന്ന ഒരണുവോ, അതോ ജീവിക്കുന്ന എല്ലാറ്റിനേയും ചാമ്പലാക്കിമാറ്റുന്ന ഒരണുവോ?

ഇതിലേതു് തിരഞ്ഞെടുക്കുമെന്ന കാര്യം വളരെ ലളിതമാണു്: ജീവിതത്തിനു വോട്ടുചെയ്യുക; മരണത്തോടു 'ഇല്ല' എന്നു പറയുക. എക്കാലവും ജനങ്ങളുടെ തിരഞ്ഞെടുപ്പുങ്ങനെയാണു്. യുദ്ധങ്ങൾക്കു് ഒരുതിവരുത്താനും ഭാവിയിൽ സർവ്വദാ ഭൂമിയിൽ സമാധാനം സ്ഥാപിക്കുന്നതിനും അവരുടെ ഉൽകൃഷ്ട വക്താക്കൾ

ആവശ്യപ്പെട്ടകയുണ്ടായിട്ടുണ്ട്. "ഹാ യുദ്ധം, നീ നരകത്തിന്റെ സന്തതി!" ഷെയിക്സ്പിയർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

"എല്ലാ രാഷ്ട്രങ്ങളുമായി സമാധാനവും വാണിജ്യവും നിസ്വാർത്ഥമായ മൈത്രിയും!"—തോമസ് ജഫേഴ്സൻ അങ്ങിനെ ഭാവിലോകത്തെ ചിത്രണം ചെയ്തു. "സമാധാനം നാഗരീകതയുടെ സൽഗുണമാണ്; യുദ്ധം അതിന്റെ പാതകവും", വിക്തർ ഹ്യൂഗോവിന്റെ ഈ വാക്കുകൾ ദീർഘകാലമായി പ്രസിദ്ധമായി നിലകൊണ്ടുവരുന്നുണ്ട്. "എല്ലാ ജനതയും തമ്മിൽ, എല്ലാ രാഷ്ട്രങ്ങളും വംശങ്ങളും തമ്മിൽ സമാധാനത്തിനു നാം അഭിലഷിക്കുന്നു!"—മഹാനായ ഈ ഫ്രഞ്ചുകവി, മനുഷ്യസ്നേഹി, 1869-ൽ ലൊസന്നേയിൽ ചേർന്ന ഒരു സമാധാന കോൺഗ്രസ്സിൽ വെച്ചു പ്രഖ്യാപിച്ചു.

നിർഭാഗ്യവശാൽ ജനങ്ങൾക്കു് എല്ലായ്പ്പോഴും തങ്ങളുടെ സ്വന്തം ഭാഗധേയങ്ങളെ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണു് അത്രയേറെ രക്തച്ചൊരിച്ചിലുകളുണ്ടായതു്; മുഴുവൻ നഗരങ്ങളും ഗ്രാമങ്ങളും ചാമ്പലായി മാറിയതു്.

മാനുഷികദുരിതങ്ങളുടെ വ്യാപനം

കഴിഞ്ഞ 5500 വർഷക്കാലത്തു് ലോകത്തിൽ 14500ൽ പരം യുദ്ധങ്ങൾ നടന്നിട്ടുള്ളതായും

3,60,00,00,000 ജനങ്ങളുടെ ജീവൻ ഇതുമൂലം അപഹരിക്കപ്പെട്ടതായും ശാസ്ത്രജ്ഞർ കണക്കാക്കിയിരിക്കുന്നു. സ്വർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുകയാണെങ്കിൽ യുദ്ധങ്ങൾമൂലമുണ്ടാകുന്ന വിഭവനാശം ഭൂഗോളത്തിനു ചുറ്റും 15.6 മീറ്റർ വീതിയും 10 മീറ്റർ കട്ടിയുമുള്ള ഒരു സ്വർണ്ണപ്പട്ടയുണ്ടാക്കുന്നതിനാവശ്യമായത്ര വരും.

സ്വാഭാവികമായും പഴയകാലത്തെ യുദ്ധങ്ങൾ പ്രാദേശികമായതും താരതമ്യേന അല്പം ചില രാഷ്ട്രങ്ങൾ മാത്രം ഉൾപ്പെട്ടതുമായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും യുദ്ധത്തിന്റെ സാങ്കേതിക വളർച്ചയും യുദ്ധതന്ത്രങ്ങളും കൂടുതൽ കൂടുതൽ രാജ്യങ്ങൾ അകപ്പെടുന്ന ലോകവ്യാപകമായ കുഴപ്പങ്ങളുടെ ഘട്ടത്തിലേക്ക് വ്യാപിച്ചു. ഒന്നാംലോകയുദ്ധത്തിൽ 36 രാഷ്ട്രങ്ങൾ, ഏഴു കോടിയോളം വരുന്ന അവരുടെ സൈന്യങ്ങൾ, യുദ്ധത്തിലകപ്പെട്ടുവെങ്കിൽ 61 രാഷ്ട്രങ്ങളാണ് 11 കോടിയോളം വരുന്ന യോദ്ധാക്കളോടൊപ്പം 2-ാം ലോകയുദ്ധത്തിലേക്കു വലിച്ചിഴക്കപ്പെട്ടത്.

ജീവഹാനികളും വിഭവനഷ്ടങ്ങളും അപാരമാംവിധം വർദ്ധിച്ചിരിക്കുന്നു. 17ഉം 18ഉം 19ഉം നൂറ്റാണ്ടുകളിൽ യൂറോപ്പിൽ നടന്ന എല്ലാ യുദ്ധങ്ങളിലുംകൂടി ഒരു കോടിയിലുംകൂടുതൽ ജനങ്ങളാണ് കൊല്ലപ്പെട്ടത്. അതേസമയം കഴിഞ്ഞ രണ്ടു യുദ്ധങ്ങളുടെ പത്തു

വർഷങ്ങളിൽ ഏതാണ്ട് 6 കോടി ജനങ്ങൾ ഉന്മൂലനം ചെയ്യപ്പെട്ടു.

ഹിറ്റ്ലർ ജർമ്മനിക്കെതിരായ യുദ്ധത്തിന്റെ ഭാരം താങ്ങിയ സോവിയറ്റ് യൂണിയൻ രണ്ടാം ലോകയുദ്ധകാലത്ത് ഭീമമായ നഷ്ടങ്ങൾ അനുഭവിച്ചു. ഫാസിസ്റ്റ് അക്രമികൾ രണ്ടുകോടിയിൽപരം സോവിയറ്റ് ജനങ്ങളെ കൊലചെയ്തു.

അവർ ഇത്രകൂടി നശിപ്പിക്കയോ കത്തിച്ചുകളകയോ ചെയ്തു:

1710 പട്ടണങ്ങളും ജനപദങ്ങളും,

70000ൽപരം ഗ്രാമങ്ങൾ;

യുദ്ധത്തിനു മുമ്പ് 2 കോടി 50 ലക്ഷം ജനങ്ങൾ അധിവസിച്ച 60,00,000ൽ പരം വസതികൾ;

31850 വ്യവസായസ്ഥാപനങ്ങൾ;

65000 കിലോമീറ്റർ റെയിൽപാത;

4100 റെയിൽവേസ്റ്റേഷനുകൾ;

ശത്രു കൊള്ളയടിച്ചതും നശിപ്പിച്ചതും;

98000 കൂട്ടുകൃഷിക്കളങ്ങൾ;

1876 സ്റ്റേറ്റ് കൃഷിക്കളങ്ങൾ;

2890 യന്ത്ര-ട്രാക്ടർ ഡിപ്പോകൾ;

40,000 ആസ്പത്രികളും മറ്റു ചികിത്സാസ്ഥാപനങ്ങളും;

84000 സ്കൂളുകളും ടെക്നിക്കൽ സ്കൂളുകളും കോളേജുകളും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളും;

43000 പൊതുഗ്രന്ഥശാലകൾ.

സോവിയറ്റ് നഷ്ടങ്ങൾ 12800കോടി ഡോളറോളം വരും. ഫ്രഞ്ച് ധനകാര്യവിദഗ്ധനായ എ, ക്ലൗഡെയുടെ താരതമ്യപഠനമനുസരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു: രണ്ടാംലോകയുദ്ധകാലത്തെ നഷ്ടം ബ്രിട്ടന് 680 കോടി ഡോളർ. പോളണ്ടിന് 2000 കോടി ഡോളർ. ഫ്രാൻസിന് 2150 കോടി ഡോളർ. ജർമ്മനിക്ക് 4800 കോടി ഡോളർ.

രണ്ടാംലോകയുദ്ധത്തിന്റെ അവസാനത്തിലെ രണ്ട അണുവിസ്ഫോടനങ്ങൾ ഹിരോഷിമ, നാഗസാക്കി എന്നീ രണ്ട് ജപ്പാനീസ് നഗരങ്ങളെ തരിശാക്കിമാറ്റി; സമാധാനപ്രിയരായ അനേകായിരം പൗരന്മാരെ ഒരു സെക്കന്റ്കൊണ്ട് ചാമ്പലാക്കിത്തീർത്തു. മനുഷ്യൻ പ്രയോഗിച്ചിട്ടുള്ളതിൽ വെച്ച ഏറ്റവും മനുഷ്യത്വഹീനമായ ന്യൂക്ലിയർ ആയുധത്തിന്റെ ആദ്യത്തെ ഇരകൾ അവരായിരുന്നു.

ഹിറ്റ്ലർജർമ്മനിയും മിലിട്ടറിസ്റ്റ് ജപ്പാനും തോല്പിക്കപ്പെട്ടിട്ട് രണ്ടിൽപരം ദശകങ്ങൾ കഴിഞ്ഞു.

ഈ വഷ്ങ്ങളത്രയും ആയുധപ്പന്തയത്തിന്നു് (റോക്കറ്റ്-ന്യൂക്ലിയർ പന്തയമടക്കം) ഒരു മിനിട്ടുപോലും ഇളവുണ്ടായിട്ടില്ല. ഇപ്പോൾ, ഒന്നു് പ്രയോഗിച്ചാൽ പറഞ്ഞറിയിക്കാൻ കഴിയാത്തത്ര നാശം വരുത്തുന്ന ഭീകര ശക്തി ന്യൂക്ലിയർ ശക്തികളുടെ കൈവശം ഇരിപ്പുണ്ടു്.

റോക്കറ്റ് ശാസ്ത്രത്തിന്റെ വികാസം ഭൂഗോളത്തിന്റെ ഏതൊരു കേന്ദ്രസ്ഥാനത്തും ന്യൂക്ലിയർ ആയുധങ്ങളെ ക്ഷണനേരംകൊണ്ടു് എത്തിക്കാനുള്ള കഴിവു് നല്കിയിരിക്കുന്നു. ഒന്നും രണ്ടും ലോകയുദ്ധങ്ങൾ പ്രധാനമായി യൂറോപ്പിനേയും ഭാഗികമായി ഏഷ്യയേയുമാണു് നശിപ്പിച്ചതെങ്കിൽ ഒരു മൂന്നാംലോകയുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ അതു് ലോകത്തെയാകെ ഗ്രസിക്കുന്നതായിരിക്കും. മാത്രമല്ല മുന്നണിയും പിന്നണിയുമെന്ന, പട്ടാളക്കാരും സിവിലിയന്മാരുമെന്ന വ്യത്യാസങ്ങളെ അതു് വിപാടനം ചെയ്യുന്നതുമായിരിക്കും. അന്യോന്യമുള്ള ആദ്യത്തെ ആറരമിക്ക് ആക്രമണം കൊണ്ടുമാത്രം 700 മുതൽ 800 വരെ മില്ല്യൻ ജനങ്ങൾ ചത്തൊടുങ്ങുന്നതാണെന്നാണു് വിദഗ്ധന്മാർ കണക്കാക്കിയിട്ടുള്ളതു്.

ഒരു റോക്കറ്റ് ന്യൂക്ലിയർയുദ്ധത്തിന്റെ ഫലങ്ങളെപ്പറ്റി ബ്രിട്ടനിലെ പ്രൊഫസർ ജോൺബർണാൾ എഴുതുന്നതിങ്ങിനെയാണു്:

"തൽക്ഷണം കൊല്ലപ്പെടുന്നവർ മഹാഭാഗ്യവാന്മാരായിരിക്കും. പൊള്ളലേറ്റും അണുപ്രസരണരോഗം

പിടിച്ചും തീവ്രയാതന തിന്നുകൊണ്ട് അതിലുമെത്രയോ കൂടുതൽ മരിയ്ക്കും. സഹായം ലഭിക്കുമെന്ന പ്രതീക്ഷയുണ്ടാവില്ല; സഹായമെത്തുമ്പോഴേക്കും പ്രയോജനവുമുണ്ടാവില്ല. ആകപ്പാടെ പൊട്ടിത്തെറിയ്ക്കുന്ന, ചുട്ടുകരിയ്ക്കുന്ന ബോമ്പുകളുടേയും ചതഞ്ഞതും വെന്തതുമായ ശരീരങ്ങളുടേയും, മദ്ധ്യകാലഘട്ടത്തിലെ നരകങ്ങളിൽ വിഭാവനംചെയ്യപ്പെട്ട എന്തിനേക്കാളും കവിഞ്ഞ, പൊതുവായ ഭീകരതയും താല്ക്കാലികമായി അതിജീവിച്ച അല്പം ചിലർക്ക് ജീവിയ്ക്കുമോ എന്ന നീണ്ട ഭയപ്പാടും മാത്രമുണ്ടാകും.

"ന്യൂക്ലിയർ യുദ്ധം, മനുഷ്യവർഗ്ഗത്തിനുണ്ടായിട്ടുള്ള മരണത്തിന്റേയും യാതനയുടേതുമായ അനുഭവത്തിന്റെ പരമാവധിയ്ക്കുപ്പുറമുള്ള ഒരു ദുരന്തമായിരിയ്ക്കും.

"അതിനർത്ഥം നൂറുകണക്കിന്നു്, അല്ലെങ്കിൽ, ഒരു പക്ഷെ, ആയിരക്കണക്കിന്നു് വർഷങ്ങൾക്കപ്പുറത്തേക്കുള്ള ഒരു പിന്നോട്ടടിയെന്നാണു്".

യുദ്ധത്തെക്കുറിച്ചു് പ്രൊഫസർ ബർണാൾ വരച്ച ചിത്രത്തിന്റെ ശരിയെക്കുറിച്ചു് ഒരാൾക്കു് അദ്ദേഹത്തോടു് തർക്കിയ്ക്കാം. ഒരു ന്യൂക്ലിയർ യുദ്ധം അത്ര നാശകരമാകയില്ലെന്നു് ചിലർ കരുതുന്നു. മറ്റു ചിലർ വിശ്വസിക്കുന്നതു് ശത്രുപക്ഷങ്ങളെ പരസ്പരം ഉന്മൂലനം ചെയ്യുന്നതിൽ അതു് കലാശിക്കുമെന്നാണു് (യു. എസ്. രാജ്യരക്ഷാസെക്രട്ടറി ഈ വിശ്വാസത്തെ പിൻതാങ്ങുന്നു).

വിശദാംശങ്ങൾക്കു് അല്പപ്രാധാന്യമേയുള്ളു. എന്നാൽ സംരാംശം അവിതർക്കിതമാണു്. അതായതു് ഒരു റോക്കറു്-ന്യൂക്ലിയർ യുദ്ധം മുഴുവൻ രാഷ്ട്രങ്ങളുടേയും പൂർണ്ണമായ തിരോധാനത്തിലേക്കു് എത്തിയ്ക്കുകയും മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയെ വളരെ പിന്നിലേക്കു് വലിച്ചെറിയുകയും ചെയ്യുമെന്നത്രം.

വ്യത്യസ്ത സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥകളോടുകൂടിയ സ്റ്റേറുകളുടെ സമാധാനപരമായ സഹവർത്തിത്വം മാത്രമാണു് സാർവ്വദേശീയബന്ധങ്ങളെ വളർത്താനുള്ള ന്യായമായ മാർഗ്ഗം. സമാധാനപരമായ സഹവർത്തിത്വമോ നാശകാരിയായ യുദ്ധമോ എന്നതാണു് പ്രശ്നം. മറെറാരു പോംവഴിയില്ല:

സോവിയറു് യൂണിയന്റെ വീക്ഷണഗതി ഇതാണു്.

സോഷ്യലിസം എന്നാൽ സമാധാനം

യു. എസ്. എസ്. ആറിന്റെ സമാധാനശ്രമം വെറും തന്ത്രപരമായ ഒരു നീക്കമാണെന്നാണു്, സോഷ്യലിസ്റ്റു് രാജ്യങ്ങളും മുതലാളിത്ത രാജ്യങ്ങളും തമ്മിൽ നടക്കുന്ന പ്രത്യയശാസ്ത്രപരമായ പോരാട്ടത്തിലെ ഒരു പ്രചാരണസൂത്രമാണെന്നാണു്, പാശ്ചാത്യദേശത്തുള്ളവർ പലപ്പോഴും അവകാശപ്പെടുന്നതു്. തെറ്റിദ്ധരിപ്പിയ്ക്കപ്പെട്ട പാമരന്മാരോ മനഃപൂർവ്വം അപവാദം പ

രുത്തുന്നവരോ ആണ് ഈ അവകാശവാദങ്ങൾ സാധാരണ പുറപ്പെട്ടുവിടുന്നുള്ളത്: സോഷ്യലിസ്റ്റ് സിദ്ധാന്തവും സോവിയറ്റ് നടപടിയും ഈ സമർത്ഥനത്തെ നിഷേധിടുന്നു; സോഷ്യലിസവും സമാധാനവും അവിഭാജ്യമാണെന്ന് തെളിയിക്കുന്നു.

മുമ്പ് 1870-ൽ ഫ്രാങ്കോ-പ്രഷ്യൻ യുദ്ധകാലത്ത് ശാസ്ത്രീയ സോഷ്യലിസത്തിന്റെ സ്ഥാപകനായ കാറൽ മാർക്സ് എഴുതി, എല്ലാ രാജ്യങ്ങളിലേയും തൊഴിലാളികൾ ഒന്നിച്ച് എല്ലാ യുദ്ധങ്ങൾക്കും അറുതി വരുത്തുകയും സാർവ്വത്രികമായ സമാധാനത്തിൽ അധിഷ്ഠിതമായ ഒരു പുതിയ സമുദായം ആവിർഭവിക്കുകയും ചെയ്യുമെന്ന്.

ലോകത്തിലെ ഒന്നാമത്തെ സോഷ്യലിസ്റ്റ് സ്റ്റേറ്റിന്റെ സ്ഥാപകനായ ലെനിൻ ഊന്നുകയുണ്ടായി, സോഷ്യലിസ്റ്റ് വിദേശനയത്തിന്റെ യഥാർത്ഥ സത്ത സമാധാനമാണ്, അത് സോഷ്യലിസ്റ്റ് സമുദായത്തിന്റെയും കമ്മ്യൂണിസ്റ്റ് സമുദായത്തിന്റെയും സ്വഭാവത്തിൽ നിന്നുതന്നെ ഉടലെടുക്കുന്നതാണ്, എന്ന്. റഷ്യയിൽ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ തൊട്ടുമുമ്പ് ലെനിൻ എഴുതി: "യുദ്ധങ്ങൾക്ക് ഒരവസാനം, രാഷ്ട്രങ്ങൾക്കിടയിൽ സമാധാനം, കൊള്ളയടിക്കും അക്രമത്തിനും വിരാമം—അതാണ് നമ്മുടെ ആദർശം". ഈ ആദർശം സോഷ്യലിസ്റ്റ് സമുദായത്തിൽ മൂർത്തീകരിക്കപ്പെടുന്നു; വിലകുറഞ്ഞ അദ്ധ്വാ

നശക്തിയുടെ, പ്രകൃതിസമ്പത്തിന്റെ ഒരുറവിടവും മൂലധനം മുടക്കാനുള്ള ഒരു മണ്ഡലവുമായി അന്യനാട്ടുകളെ വെട്ടിപ്പിടിച്ചു കവച്ചുനടത്താൻവേണ്ടി പാട്ടപെട്ടന്ന ചൂഷകവർഗ്ഗങ്ങൾ അവിടെയില്ല.

സോഷ്യലിസത്തിൻകീഴിൽ എല്ലാ ഉൽപ്പാദനോപകരണങ്ങളും സ്റ്റേറുടമയിലാണ്. ഒരു വ്യവസായവും ഒരു സംരംഭവും സ്വകാര്യവ്യക്തികൾ നിയന്ത്രിക്കുന്നില്ല. അതുകൊണ്ട് യുദ്ധോല്പാദനം വർദ്ധിപ്പിക്കുന്നതിലോ, ആയുധപ്പന്തയത്തിലോ യുദ്ധം അഴിച്ചുവിടുന്നതിലോ താല്പര്യമുള്ളവരായ, യുദ്ധോല്പാദനംകൊണ്ട് ലാഭമടിക്കുന്ന, ആളുകളില്ല.

ലാഭംകിട്ടാത്ത ചരക്കുകൾ ഉല്പാദിപ്പിക്കുന്നതിലേപ്പെട്ട പാശ്ചാത്യവ്യവസായികൾ ഉണ്ടാവുക വയ്യ. എന്നാൽ സോഷ്യലിസ്റ്റ് സ്റ്റേറ് യുദ്ധോല്പാദനംകൊണ്ട് നഷ്ടം സഹിക്കുന്ന തരത്തിൽപ്പെട്ട ഒരു വ്യവസായിയാണ്. സൈനികാവശ്യങ്ങൾക്കായി വലിയൊരുതുക അതു ചിലവാക്കുന്നുണ്ടെങ്കിൽത്തന്നെ സ്വന്തം രാജ്യരക്ഷാസന്നാഹങ്ങളെ പൊക്കിനിത്തണമെന്ന ആവശ്യത്താൽ പ്രേരിതമായിട്ടാണ്. ആധുനിക സായുധശക്തികളെ പുലത്തുകയെന്നതു് വളരെ ചിലവുള്ള കാര്യമാണ്. സമാധാനപരമായ സാമ്പത്തികശാഖകളിലേക്കു് ഈ കഴിവുകൾ തിരിച്ചുവിടാൻ സോഷ്യലിസ്റ്റ് സ്റ്റേറ് ആഗ്രഹിക്കുമായിരുന്നു. പക്ഷെ, സൈനികമായ വിപത്തു് പുറത്തു് ഇന്നും നിലനിൽക്കുന്ന എ

ന്നതിനാൽ അതിന്നു് സ്വന്തം രാജ്യരക്ഷയെപ്പറ്റി ശ്രദ്ധിക്കുകയും ഏതടിയന്തിരാവസ്ഥയേയും നേരിടാൻ സ്വന്തം സേനകളെ ഒരുക്കിനിത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

സാർവ്വത്രികവും സമ്പൂർണ്ണവുമായ നിരായുധീകരണത്തിലും ലോകത്തിൽ സുസ്ഥിരമായ സമാധാനം നിലനിൽക്കുന്നതിലും സോഷ്യലിസ്റ്റ് സ്റ്റേറ്റിന്നു് സജീവതാല്പര്യമുണ്ടു്. സ്റ്റേറ്റിന്റെ എല്ലാ സാമ്പത്തികശേഷികളേയും സമ്പൽഘടനയുടെ സമാധാനപരവും ലാഭകരവുമായ ശാഖകളിൽ ചിലവിടാനും ജീവിതനിലവാരങ്ങളെയുയർത്തുവാനും കമ്മ്യൂണിസത്തിലേക്കു് മുന്നേറുവാനും അതാഗ്രഹിക്കുന്നു.

ഒരു സ്റ്റേറ്റിന്റെ വിദേശനയം അതിന്റെ ആഭ്യന്തര നയവുമായി വളരെയധികം ബന്ധപ്പെട്ടതാണു്. സോഷ്യലിസത്തിന്റെ കീഴിൽ വിദേശനയം എല്ലാ ജനതകളും തമ്മിലുള്ള സൌഹൃദബന്ധങ്ങളാലും പരസ്പര സഹായത്താലും, സാമൂഹ്യമായി നീതിനിഷ്ഠയുള്ള ഒരു സമുദായം—കമ്മ്യൂണിസം—കെട്ടിപ്പടുക്കാനുള്ള അവരുടെ പൊതുവായ അഭിലാഷത്താലും സ്വഭാവനിർണ്ണയം ചെയ്യപ്പെട്ടതാണു്. ഈ പുതിയ സമുദായത്തിന്റെ ഭൌതികവും സാങ്കേതികവുമായ അടിസ്ഥാനം സൃഷ്ടിക്കുകയെന്നതും ജനങ്ങളുടെ ജീവിതനിലവാരങ്ങളെ സ്ഥിരമായ തോതിൽ ഉയർത്തുകയെന്നതും സമാധാന പരിതസ്ഥിതിയിൽ മാത്രമേ സാദ്ധ്യമാവൂ.

എന്നാൽ യുദ്ധം...ദുഃഖവും ദുരിതവുമല്ലാതെ മ
റ്റൊന്നുമതിന്നു് നൽകാനാവില്ല. സോഷ്യലിസത്തി
ന്നു അതിന്റെ നേട്ടങ്ങൾ പൂർണ്ണമായി സമാധാനപ
രിതസ്ഥിതികളിൽ മാത്രമേ വളർത്താനാവൂ; സ്വന്തം
ദൈനംദിന കടമകൾ നിർവ്വഹിയ്ക്കുവാനും അന്തിമ
ലക്ഷ്യത്തിലെത്താനുംവേണ്ടി സോഷ്യലിസ്റ്റു് സമുദായം
സമാധാനത്തിൽ സജീവതല്പരമായതാണു്.

ഇനി നമുക്കു് ലോകത്തിലെ ആദ്യത്തെ സോഷ്യ
ലിസ്റ്റു് രാഷ്ട്രമായ സോവിയറുയൂണിയന്റെ നയം പ
രിശോധിക്കാം.

ലെനിനിസ്റ്റ് വിദേശനയം

വിപ്ലവത്തിന്റെ ആദ്യത്തെ ഡിക്രി

റഷ്യയിൽ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയം ലോകരംഗത്തിൽ ഒരു പുതിയ വസ്തുത, അതായത് സോഷ്യലിസ്റ്റ് വിദേശനയം, കൊണ്ടുവന്നു; മനുഷ്യവർഗ്ഗത്തിന്റെ ഏറ്റവും ജീവത്തായ ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കും തികച്ചും അനുയോജ്യമായതാണത്. രണ്ടു വ്യവസ്ഥിതികളായി വിഭജിക്കപ്പെട്ട ലോകത്തിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ച നീതിയുക്തമായ ഏക തത്വം, വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളോടുകൂടിയ സ്റ്റേറ്റുകളുടെ സമാധാനപരമായ സഹവർത്തിത്വമെന്നു് ലെനിൻ നിർദ്ദേശിച്ച തത്വം, സോഷ്യലിസം മുന്നോട്ടു കൊണ്ടുവന്നു.

ഒരു സാമൂഹ്യ വ്യവസ്ഥയിൽനിന്നു് മറെറാന്നിലേക്കുള്ള പരിവർത്തനം സാമ്പത്തികവികാസത്തിന്റെ വസ്തുനിഷ്ഠമായ നിയമങ്ങളുടെ അടിസ്ഥാനത്തിലാണു് സംഭവിക്കുന്നതെന്നു് ലെനിൻ മനസ്സിലാക്കി. ഖണ്ഡിതമായ സാമ്പത്തികഘടകങ്ങൾ ഉണ്ടായിരിക്കുകയും പുതിയ വ്യവസ്ഥയെ സ്വീകരിയ്ക്കാൻ ജനങ്ങൾ തയ്യാ

ളുടെ അഭിലാഷം പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഒരു മുതലാളിത്തരാജ്യത്തിന് സോഷ്യലിസത്തിനു് സാദ്ധ്യതയുള്ളൂ. ഒക്ടോബർ വിപ്ലവത്തിനു മുമ്പു്, എല്ലാ രാജ്യങ്ങളിലും ഒരേ കാലത്തു് സോഷ്യലിലിസം വിജയിക്കുക സാദ്ധ്യമല്ലെന്ന നിഗമനത്തിൽ ലെനിൻ എത്തി. ഒരു രാജ്യത്തോ പല രാജ്യങ്ങളിലുമോ വിപ്ലവം വിജയിച്ചേക്കാം. അതേസമയം അവശേഷിക്കുന്ന രാജ്യങ്ങളിൽ മുതലാളിത്തരീതിയിലോ മറ്റു വിധത്തിലോ ഉള്ള ബന്ധങ്ങൾ നിലനിൽക്കുകയും ചെയ്യും. സോഷ്യലിസവും മുതലാളിത്തവും തമ്മിൽ സമാധാനപരമായ സഹവർത്തിത്വം സാദ്ധ്യമാണെന്നും ഒരു നീണ്ട കാലത്തേക്കുതന്നെ അതാവശ്യമാണെന്നുമുള്ള നിഗമനത്തിൽ ഇതു് അദ്ദേഹത്തെ എത്തിച്ചു.

50 കൊല്ലംമുമ്പു് റഷ്യയിൽ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചശേഷം സോവിയറ്റ് ഗവൺമെണ്ടു് സമാധാനത്തെ സംബന്ധിച്ച ഡിക്രീ പുറപ്പെടുവിച്ചു. ഈ ഇളം റിപ്പബ്ലിക്കിന്റെ ആദ്യത്തെ വിദേശനയരേഖ ലെനിൻതന്നെ തയ്യാറാക്കി. മുതലാളിത്തരാജ്യങ്ങളുമായുള്ള സോവിയറ്റ് സ്റ്റേറ്റിന്റെ സമാധാനപരമായ സഹവർത്തിത്വം എന്ന തത്വമുൾപ്പെടെ സോവിയറ്റ് വിദേശനയത്തിന്റെ മൌലികതത്വങ്ങൾ ഔദ്യോഗികമായി അതു വിളംബരം ചെയ്തു.

ഒന്നാംലോകയുദ്ധം തുടർന്നുപോകുന്നതു് മനുഷ്യവംശത്തിനെതിരായ കൊടുത്ത പാതകമായി ചരിത്രപ്രധാ

നമായ ഈ രേഖ നിർവ്വചനം ചെയ്തു. സമാധാനത്തിനും രാഷ്ട്രങ്ങൾ തമ്മിലുള്ള സൗഹൃദബന്ധത്തിനും വേണ്ടിയുള്ള സമരത്തിലും അവരുടെ പരമാധികാരത്തോടും സ്വാതന്ത്ര്യത്തോടുമുള്ള ആദരവിലും അവയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുകയെന്നതിലും അധിഷ്ഠിതമാണ് സോവിയറ്റ് ഗവണ്മെണ്ടിന്റെ വിദേശനയമെന്നു് അതു് പ്രഖ്യാപിച്ചു. സമാധാനപരമായ സാമ്പത്തിക-സാംസ്കാരികസഹകരണം വളർത്താനും വിപുലീകരിയ്ക്കാനും എല്ലാ സ്റ്റേറ്റുകളോടും സോവിയറ്റ് റിപ്പബ്ലിക്കു് ആഹ്വാനം ചെയ്തു. സമാധാനത്തെ സംബന്ധിച്ച ഡിക്രി സാർവ്വത്രികവും ജനാധിപത്യപരവുമായ സമാധാനത്തിനും എല്ലാ രാജ്യങ്ങളുമായുള്ള നല്ല അയൽവക്കബന്ധങ്ങൾക്കും വേണ്ടിയുള്ള സോവിയറ്റ് യൂനിയന്റെ അന്വേഷണത്തിന്റെ പരിശ്രമത്തിനു പ്രാരംഭം കുറിച്ചു.

എങ്കിലും, പാശ്ചാത്യരാജ്യങ്ങളിലെ ഭരണകേന്ദ്രങ്ങൾ സമാധാനത്തെ സംബന്ധിച്ചു ഡിക്രിയിലെ നിർദ്ദേശങ്ങളെ അനുകൂലിച്ചില്ല. എന്നുമാത്രമല്ല അവർ ഇളംവിപ്ലവറഷ്യയ്ക്കുമേൽ ഒരു യുദ്ധം വെച്ചുകെട്ടുകയും ചെയ്തു. എന്നാൽ സോവിയറ്റ് റിപ്പബ്ലിക്കിനെതിരായി 14 രാഷ്ട്രങ്ങൾ നടത്തിയ ഇടങ്കോലിടൽ യുദ്ധത്തിന്റെ വർഷങ്ങളിൽപോലും സമാധാനം സ്ഥാപിയ്ക്കാനും എല്ലാ രാജ്യങ്ങളുമായും സഹകരിയ്ക്കാനുമുള്ള രാജ്യത്തിന്റെ സന്നദ്ധത ലെനിൻ ഊന്നിപ്പറയുകയുണ്ടായി. സോവിയറ്റ് ഗവണ്മെണ്ടു് അന്യരാജ്യങ്ങളു

ടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാതിരിക്കുക എന്ന തത്വത്തിൽ കണിശമായി പിടിച്ചുനില്ക്കുന്നുവെന്നും യുനൈറ്റഡ് സ്റ്റേറ്റ്സുമായും മറ്റു രാജ്യങ്ങളുമായും സാമ്പത്തികക്കരാറുണ്ടാക്കുന്നതിനെ അനുകൂലിക്കുന്നുവെന്നും 1919 ഒക്ടോബർ 5-ാം തീയതി ചിക്കാഗോ ഡെയ്ലി ന്യൂസിനനുവദിച്ച ഒരു കൂടിക്കാഴ്ചയിൽ ലെനിൻ പറയുകയുണ്ടായി.

1918 ആഗസ്റ്റ് 5 മുതൽ 1919 ഡിസമ്പർ 5 വരെയുള്ള 16 മാസങ്ങളിൽ സോവിയറ്റ് ഗവൺമെണ്ടു് 11 സമാധാന നിർദ്ദേശങ്ങൾ സഖ്യശക്തികൾക്കു് നൽകിയെന്നും അവയെല്ലാം നിരാകരിക്കപ്പെട്ടുകയാണുണ്ടായതെന്നും സോവിയറ്റുകളുടെ ഏഴാംകോൺഗ്രസിനു സമർപ്പിച്ച റിപ്പോർട്ടിൽ ലെനിൻ പ്രസ്താവിച്ചു. വിദേശകാര്യങ്ങൾക്കായുള്ള ജനകീയ കമ്മിസാർ ജോർജ്ജി ചിച്ചെറിൻ 1920 ജൂണിൽ ഇങ്ങിനെ പ്രഖ്യാപിച്ചു: "ഞങ്ങളുടെ തത്വം അതേപടി നിലനില്ക്കുന്നു. അതായതു് മറ്റു ഗവർമ്മെണ്ടുകളുമായി, അവ എങ്ങിനെയുള്ളവയാണെന്നു് പരിഗണിയ്ക്കാതെ, സമാധാനപരമായ സഹവർത്തിത്വം..."

1921, സോവിയറ്റ് റിപ്പബ്ളിക്കു് അകത്തും പുറത്തുമുള്ള എണ്ണമറ്റ ശത്രുക്കളുടെമേൽ വിജയം വരിച്ചശേഷം, സോവിയറ്റു ജനത യുദ്ധംമൂലം താറുമാറായ സമ്പദ്ഘടന പുനഃസ്ഥാപിയ്ക്കുന്നതിനും ഭാവി സോഷ്യലിസ്റ്റു സമുദായത്തിനുള്ള സാമ്പത്തികമായ അടി

ത്തറകൾ പാകുവാനാരംഭിച്ചു. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനാവശ്യമായ സമാധാനം അത്യന്താപേക്ഷിതമായിരുന്നു. വിദേശനയത്തിന്റെ മണ്ഡലത്തിൽ, രാഷ്ട്രീയവും സാമ്പത്തികവുമായി രാജ്യം ഒറ്റതിരിക്കപ്പെട്ട നിലയെ ഭേദിച്ചു കടക്കുകയും എല്ലാ സ്റ്റേറുകളുമായും സമാധാനപരമായ കൂടുതൽ ഉറച്ച ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുക എന്ന കടമയാണ് സോവിയറ് സ്റ്റേറിനെ അഭിമുഖീകരിച്ചത്. അതു നിർവ്വഹിക്കപ്പെട്ടു. റഷ്യൻ സോഷ്യലിസ്റ്റ് വ്യവസ്ഥയും മുതലാളിത്തരാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾ ക്രമത്തിൽ ഒരു പുതിയ ഉള്ളടക്കം നേടി—സമാധാനപരമായ സഹവർത്തിത്വത്തിന്റെ ഉള്ളടക്കം, മൂന്നു വൻകിട യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള—സോവിയറു് റിപ്പബ്ലിക്കും, ബ്രിട്ടനും ഫ്രാൻസും—സമാധാനപരമായ സഹകരണത്തിനു് സോവിയറു് ഗവർമ്മെണ്ടു് വമ്പിച്ച പ്രാധാന്യം കൊടുത്തു. ലെനിൻ എഴുതി.

> "ഫ്രാൻസുമായി ഏതെങ്കിലും തരത്തിലുള്ള സൗഹൃദ്ബന്ധം ഞങ്ങൾ വളരെയധികം കാംക്ഷിക്കുന്ന ഒന്നാണ്—റഷ്യയുടെ വാണിജ്യ താല്പര്യങ്ങൾ സുശക്തമായ ഈ ഭൂഖണ്ഡശക്തിയുമായി കൂടുതൽ അടുത്ത ബന്ധങ്ങൾ ഒഴിച്ചുകൂടാത്തവിധം ആവശ്യപ്പെടുന്നുണ്ടെന്ന വസ്തുതയെ മുൻനിർത്തി വിശേഷിച്ചും."

അങ്ങിനെയുള്ള സുഹൃദ്ബന്ധം ഒരു നിലക്കും ബ്രിട്ടനെതിരായിട്ടുള്ളതല്ലെന്ന് സോവിയറ്റു് നേതാവു് ചൂണ്ടിക്കാണിച്ചു. പ്രത്യുത അതു് സോവിയറ്റു് റിപ്പബ്ളിക്കും ബ്രിട്ടനുമായി കൂടുതൽ മെച്ചപ്പെട്ട ബന്ധങ്ങൾക്കു് സംഭാവന ചെയ്യുകയും ചെയ്യും. മൂന്നു വൻശക്തികളും തമ്മിൽ അടുത്ത സഖ്യവും സഹകരണവും വേണമെന്ന ലെനിന്റെ നിർദ്ദേശം യൂറോപ്പിൽ കൂട്ടായ ഒരു രക്ഷാവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള ഒരു ഉറച്ച മാർഗ്ഗമായിരുന്നു.

1921 മാർച്ചിൽ വ്യാപാരം പുതുക്കുന്നതു സംബന്ധിച്ചുണ്ടാക്കിയ ആംഗ്ലോ സോവിയറ്റ് കരാറു് സോവിയറ്റു് റിപ്പബ്ളിക്കും ഒരു പാശ്ചാത്യരാജ്യവും തമ്മിൽ സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്വങ്ങളെ അടിസ്ഥാനമാക്കി ഒപ്പിട്ട ആദ്യത്തെ രേഖയായിരുന്നു. ശത്രുതാനടപടിയിൽനിന്നും എതിർപ്രചാരവേലയിൽനിന്നും ഒഴിഞ്ഞുനില്ക്കാനും അന്യോന്യം പ്രതിരോധങ്ങൾ സൃഷ്ടിക്കാതിരിക്കാനും ഇരുപക്ഷവും ബാദ്ധ്യതയേല്ക്കുകയുണ്ടായി. അധികം താമസിയാതെ ജർമ്മനി, നോർവേ, ആസ്ത്രിയ ഇറ്റലി, ഡന്മാക്കു്, ചെക്കോസ്ലോവാക്യ എന്നിവയുമായും ഇത്തരം കരാറുകൾ ഒപ്പിട്ടു.

രാഷ്ട്രാന്തരീയ സമ്മേളനങ്ങളിൽ

സോവിയറ്റു് റഷ്യ പങ്കെടുത്ത ആദ്യത്തെ രാഷ്ട്രാന്തരീയ സമ്മേളനം 1922 വസന്തത്തിൽ ജനോവയി

ലാണു് കൂടിയതു്. സമ്മേളനത്തിന്റെ ഒന്നാമത്തെ സമ്പൂർണ്ണ യോഗത്തിൽ ലെനിന്റെ നിർദ്ദേശാനുസാരം സോവിയറ്റു് പ്രതിനിധിസംഘം ഒരു പ്രസ്താവന ചെയ്തു. അതിലൊരിടത്തു് ഇങ്ങിനെ പറയുന്നു:—

"പഴയ വ്യവസ്ഥയും ഉയർന്നുവരുകൊണ്ടിരിയ്ക്കുന്ന പുതിയ സാമൂഹ്യവ്യവസ്ഥയും സമാന്തരമായി നിലനില്ക്കാൻ സാധിക്കുന്ന ഇന്നത്തെ ചരിത്രകാലഘട്ടത്തിൽ, ഉടമാവകാശത്തിന്റേതായ ഈ ഇരു വ്യവസ്ഥകളേയും പ്രതിനിധീകരിക്കുന്ന സ്റ്റേറ്റുകൾ തമ്മിൽ സാമ്പത്തികസഹകരണം സാധിക്കുകയെന്നതു് സാവ്ത്രികമായ സാമ്പത്തിക രോഗവിമുക്തിയ്ക്കു് അത്യന്താപേക്ഷിതമാണെന്നു്, കമ്മ്യൂണിസത്തിന്റെ തത്വങ്ങളിൽ ഉറച്ചു നിന്നുകൊണ്ടുതന്നെ, റഷ്യൻ പ്രതിനിധിസംഘം അഗീകരിക്കുന്നു."

അങ്ങിനെ വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളോടുകൂടിയ സ്റ്റേറ്റുകളുടെ സമാധാനപരമായ സഹവർത്തിത്വത്തിന്റേയും സഹകരണത്തിന്റേയും തത്വം റഷ്യൻ പ്രതിനിധികൾ പ്രഖ്യാപനം ചെയ്തു.

അതേസമയംതന്നെ, ആയുധ സജ്ജീകരണങ്ങൾ സാവ്ത്രികമായ നിലയിൽ കുറയ്ക്കണമെന്നു് നിർദ്ദേശിക്കാനും സൈനികസംരംഭത്തിന്റെ ഭാരം ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളെ പിൻതാങ്ങാനും ത

ങ്ങൾ ഉദ്ദേശിക്കുന്നതായി സോവിയറ്റ് പ്രതിനിധി സംഘം ജനേവാസമ്മേളനത്തിൽ സൂചിപ്പിച്ചു. മുതലാളിത്തരാജ്യങ്ങൾ സോവിയറ്റ് മുൻകയ്യിനെ അപ്പടി തള്ളിക്കളഞ്ഞുവെങ്കിലും അത് ലോകപൊതുജനാഭിപ്രായത്തിൽ വമ്പിച്ച മതിപ്പുണ്ടാക്കി. ലോകസമാധാനത്തെ കാത്തുസൂക്ഷിക്കുന്നതിനു് നിരായുധീകരണമാണു് ഏറ്റവും നല്ല ഉറപ്പു് എന്ന കാര്യം നിഷേധിക്കാൻ നിരായുധീകരണത്തിന്റെ എതിരാളികൾക്കുപോലും കഴിഞ്ഞില്ല.

നിരായുധീകരണം ചർച്ചചെയ്യാൻ പാശ്ചാത്യരാജ്യങ്ങൾ കൂട്ടാക്കാതിരുന്നതു് ആയുധസജ്ജീകരണങ്ങൾ പരിമിതിപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളാരായുന്നതിൽ സോവിയറ്റ് ഗവർമ്മെണ്ടിനെ നിരുത്സാഹപ്പെടുത്തിയില്ല. സമാധാനപരമായ ഉദ്ദേശങ്ങൾ പ്രകടിപ്പിച്ചുകൊണ്ടും പാശ്ചാത്യശക്തികൾക്കു് തെളിവുറ്റ ഒരു മാതൃക നൽകിക്കൊണ്ടും സ്വന്തം ആയുധശക്തികളെ ഏകപക്ഷീയമായി കുറച്ച സോവിയറ്റ് റിപ്പബ്ലിക്കു് മുന്നോട്ടുനീങ്ങി. 1920 ഡിസമ്പറിൽ 53,00,000 ആളുകളാണു് സൈന്യത്തിലുണ്ടായിരുന്നതു്. 1922 മദ്ധ്യമാകുമ്പോഴേയ്ക്കും ഈ സംഖ്യ 8,00,000 ആയി വെട്ടിക്കുറച്ചുകഴിഞ്ഞിരുന്നു.

1922 ഒടുവിൽ നിരായുധീകരണം സംബന്ധിച്ച ഒന്നാമത്തെ രാഷ്ട്രാന്തരീയ സമ്മേളനം സോവിയറ്റ് ഗവർമ്മെണ്ടിന്റെ ശ്രമഫലമായി മോസ്കോവിൽ

കൂടി. പോളണ്ട്, ഫിൻലണ്ട്, ലാത്വിയാ, എസ്തോണിയ, ലിത്വാനിയ. എന്നീ രാജ്യങ്ങളിലെ പ്രതിനിധികൾ അതിൽ സംബന്ധിച്ചു. ആനുപാതികാടിസ്ഥാനത്തിൽ സൈനികസജ്ജീകരണങ്ങൾ കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി സോവിയറ്റ്റഷ്യ അതിന്റെ അയൽനാടുകളുടെ മുമ്പിൽവെച്ചു. സൈനികോദ്യോഗസ്ഥന്മാരെ 75 ശതമാനം കുറയ്ക്കണമെന്നായിരുന്നു അത്. നിരായുധീകരണത്തിനുള്ള സാർവ്വത്രികമായ ഒരു സംരംഭത്തിന് ശക്തിമത്തായ ഒരു പ്രചോദനം നൽകാൻ മോസ്കോസമ്മേളനത്തിന്റെ വിജയത്തിന് കഴിയുമെന്ന് സോവിയറ്റ്ഗവൺമെണ്ട് സമർത്ഥിച്ചു. എന്നാൽ പാശ്ചാത്യശക്തികളുടെ സമ്മർദ്ദത്തിനു വിധേയരായി തങ്ങളുടെ സൈന്യത്തിൽ യഥാർത്ഥമായ ഒരു വെട്ടിക്കുറയ്ക്കലും സമ്മതിയ്ക്കാൻ കൂട്ടാക്കാതെ സോവിയറ്റുയൂണിയന്റെ അയൽക്കാർ മോസ്കോ സമ്മേളനത്തെ ഫലശൂന്യമാക്കി.

മോസ്കോസമ്മേളനത്തിൽ യാതൊരു ഒത്തുതീർപ്പും മുണ്ടായില്ലെന്നിരിക്കിലും, സോവിയറ്റ് റിപ്പബ്ളിക്കും അതിന്റെ പാശ്ചാത്യ അയൽനാടുകളും തമ്മിലുള്ള ബന്ധങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിലും സോവിയറ്റ് സ്റ്റേറ്റിന്റെ രാഷ്ട്രാന്തരീയമായ അന്തസ്സു് വർദ്ധിപ്പിക്കുന്നതിലും മോസ്കോ സമ്മേളനം ഗണനീയമായ ഒരു പങ്കുവഹിച്ചു.

1924 ജനുവരിയിൽ ലെനിൻ നിര്യാതനായി. ശ്രദ്ധേയനായ ഒരു രാഷ്ട്രീയനേതാവിന്റെ മരണം ഒരു സ്റ്റേറ്റിന്റെ രാഷ്ട്രീയ ജീവിതത്തിൽ സാരവത്തായ മാറ്റങ്ങൾ വരുത്തിയ അനുഭവങ്ങൾ കുറേയൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും ദുഃഖകരമായ ഈ നഷ്ടം യു. എസ്സ്. എസ്സ്. ആറിന്റെ വിദേശനയത്തെ സ്വാധീനിച്ചില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയും സോവിയറ്റ് ഗവർമ്മെണ്ടും ലെനിൻ കാണിച്ചുതന്ന വിദേശനയത്തിന്റെ പൊതുവ്യതിചലിയ്ക്കാതെ പിന്നെയും പിൻതുടർന്നു.

സോവിയറ്റ് റഷ്യയുമായി വ്യാപാരബന്ധങ്ങളും സമാധാനപരമായ സഹവർത്തിത്വവും പാശ്ചാത്യ രാജ്യങ്ങളിലെ ഭരണവൃത്തങ്ങൾക്ക് ഒടുവിൽ സ്വീകരിക്കേണ്ടിവരുമെന്നു് ലെനിൻ കാലേക്കൂട്ടി കണ്ടിരുന്നു. അദ്ദേഹമെഴുതി:

> "നമ്മുടെ ശത്രുക്കളായ ഏതു് ഗവർമ്മെണ്ടുകളുടേയും ആഗ്രഹങ്ങളേക്കാളും ഉദ്ദേശത്തേക്കാളും തീരുമാനങ്ങളേക്കാളും കൂടുതൽ പ്രബലമായ ഒരു ശക്തിയുണ്ടു്. ആ ശക്തി ലോകത്തിലെ പൊതുസാമ്പത്തിക ബന്ധങ്ങളാണു്. നമ്മളുമായി സമ്പർക്കം പുലർത്താൻ അതവരെ നിർബ്ബന്ധിതരാക്കുന്നു."

ലെനിന്റെ പ്രവചനം യാഥാർത്ഥ്യമായി. 1924 മുതൽ പാശ്ചാത്യരാജ്യങ്ങൾ ഒന്നിനുപുറകെ ഒന്നായി സോവിയറ്റ് സ്റ്റേറ്റുമായി നയതന്ത്രബന്ധങ്ങളും സാമ്പത്തിക-വ്യാപാരബന്ധങ്ങളും സ്ഥാപിച്ചു. അതാദ്യം ചെയ്തത് 1924 ഫിബ്രുവരി 1-ാം തീയതി ബ്രിട്ടണിലെ ലേബർഗവണ്മെണ്ടായിരുന്നു. അതേകൊല്ലം തന്നെ ഇറ്റലി, നോർവ്വെ, ആസ്ട്രിയ, സ്വീഡൻ, ഗ്രീസ്, ഡെൻമാർക്ക്, ഫ്രാൻസ് എന്നിവയും മറ്റുചില രാജ്യങ്ങളും ആ മാർഗ്ഗം പിന്തുടർന്നു. സോവിയറ്റ്യൂണിയനും മുതലാളിത്തരാജ്യങ്ങളും തമ്മിലുള്ള പുതിയ ബന്ധങ്ങളുടെ ആരംഭമായിരുന്നു ഇത്. സാർവ്വദേശീയബന്ധങ്ങളിൽ സമാധാനപരമായ സഹവർത്തിത്വം എന്ന ലെനിനിസ്റ്റ് തത്വം നടപ്പാക്കുന്നതിന്റെ ഒരു കാലഘട്ടം.

യു. എസ്. എസ്. ആറും മുതലാളിത്തരാജ്യങ്ങളും തമ്മിൽ സമാധാനപരമായ സഹവർത്തിത്വത്തിന്റെ തുടക്കം ശ്രദ്ധിച്ചുകൊണ്ട് 1925 അവസാനം മോസ്കോവിൽ ചേർന്ന സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 14-ാം കോൺഗ്രസ്സ് ഗവർമ്മെണ്ടിന്റെ വിദേശനയത്തിന്റെ നട്ടുററിയാകുന്ന ഒരു സമാധാനനയം പിന്തുടരാനും അതിന്റെ നടപടികൾ നിണ്ണയിക്കാനും പാർട്ടിയുടെ കേന്ദ്രസമിതിയെ നിർദ്ദേശിച്ചു.

സോവിയറ്റ് യൂനിയനുമായി സാധാരണ നയതന്ത്ര ബന്ധങ്ങൾ സ്ഥാപിക്കുന്നതിനെ പിടിവാശി

യോടെ എതിർത്തു് യുണൈറ്റഡ് സ്റ്റേറ്റ്സായിരുന്നു. 1920 സപ്തംബറിൽ വാഷിങ്ങ്ടൺ നൽകിയ ഒരു സോവിയറു് കുറിപ്പിൽ അതിന്റെ സോവിയറു് വിരുദ്ധ പ്രയാണത്തിന്റെ അപ്രായോഗികതയെ ചൂണ്ടിക്കാട്ടി. റഷ്യയിൽ ഒരു മുതലാളിത്ത ഭരണകൂടമാണെങ്കിൽ മാത്രമേ യുണൈറ്റഡ് സ്റ്റേറ്റ്സും റഷ്യയും തമ്മിൽ സാധാരണ ബന്ധങ്ങൾ ഉണ്ടാവുന്നതിനു് മാർഗ്ഗമുള്ളൂ എന്നു പറയുന്നതു് വാഷിങ്ങ്ടൺ ചെയ്യുന്ന പരമാബദ്ധമാണെന്നു് പ്രസ്തുത കുറിപ്പു് മറുപടിയുടെയും കൂട്ടത്തിൽ സൂചിപ്പിക്കുകയുണ്ടായി. റഷ്യയും ഉത്തര അമേരിക്കയും തമ്മിൽ പരസ്പര താല്പര്യത്തെ മുൻനിർത്തി, അവയുടെ സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥകൾ പരസ്പര വിരുദ്ധമാണെങ്കിൽകൂടി കുറെള്ളതും സമാധാന പരവും സൌഹൃദപൂർവ്വമായ ബന്ധങ്ങൾ സ്ഥാപിക്കണമെന്നു് കുറിപ്പു് നിർദ്ദേശിച്ചു. പരിതാപകരമെന്നു് പറയട്ടെ. യുണൈറഡ്സ്റ്റേറ്റ്സ് ഗവണ്മെണ്ടിന്റെ ഹ്രസ്വദൃഷ്ടിയായ നയം 1933നു് മുമ്പു് സോവിയറു് യൂനിയനുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിൽനിന്നു് ആ രാജ്യത്തെ തടഞ്ഞു.

സാർവ്വദേശീയ ഭദ്രതയ്ക്കുള്ള സംരംഭത്തിനു് നേതൃത്വം

സോവിയറു് യൂനിയൻ ചേർന്ന ആദ്യത്തെ സാർവ്വദേശീയസംഘടന നിരായുധീകരണ സമ്മേളനത്തിനായി ലീഗ് ഓഫ് നേഷ്യൻസു് സ്ഥാപിച്ച പ്രിപ്പ

റേറ്റി കമ്മീഷനായിരുന്നു. 1927 നവമ്പർ 30-ാം തിയ്യതി സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ട് സോവിയറു് പ്രതിനിധി സംഘത്തിന്റെ തലവനായ മാർക്സിം ലിത്വിനോവു് യു. എസ്. എസ്. ആർ ഗവർമ്മേണ്ടിന്റെ ഒരു പ്രഖ്യാപനം വായിച്ചു. എല്ലാ സായുധസേനകളേയും പിരിച്ചുവിടാനും എല്ലാ ആയുധങ്ങളും പടക്കോപ്പുകളും നശിപ്പിയ്ക്കുവാനും സൈനികത്താവളങ്ങൾ പൊളിച്ചുനീക്കാനും പട്ടാളപരിശീലനവും യുദ്ധപ്രചാരവേലയും നിരോധിയ്ക്കുവാനും, സാർവ്വത്രികവും സമ്പൂർണ്ണവുമായ നിരായുധീകരണത്തിന്നു് ഉറപ്പു നൽകുന്ന മറു നടപടികൾ കൈക്കൊള്ളാനും ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്ന ആ പ്രഖ്യാപനം.

സോവിയറു് നിർദ്ദേശങ്ങൾ ലോകപൊതുജനാഭിപ്രായത്തെ വളരെയേറെ സ്വാധീനിച്ചു. അമേരിക്കൻ പത്രമായ ബാൾട്ടിമോർസൺ, സോവിയറു് നിർദ്ദേശങ്ങൾ സാമാന്യജനങ്ങൾ എല്ലാടവും കൊണ്ടാടുന്നതായി അന്നെഴുതി. സാധാരണക്കാരൻ സോവിയറു് നിർദ്ദേശങ്ങൾക്കു് വോട്ടുചെയ്യുമെന്നതിൽ തനിയ്ക്കു് സംശയമില്ലെന്നു് ബ്രിട്ടീഷ് ലേബർ നേതാവു് മിസ്റ്റർ ജോർജ്ജ് ലാൻഡ്സ്ബറി പ്രസ്താവിച്ചു. സമാധാനത്തിന്നുള്ള പോരാട്ടത്തിൽ അവ ഒരു നാഴികക്കല്ലായി അദ്ദേഹം കരുതി. നിർഭാഗ്യവശാൽ സാധാരണക്കാരനായിരുന്നില്ല സോവിയറു് നിർദ്ദേശങ്ങളെ തള്ളണമോ കൊള്ളണമോ എന്ന പ്രശ്നം തീരുമാനിച്ചതു്; മുതലാളിത്തരാജ്യങ്ങളിലെ ഭരണവൃത്ത

ങ്ങളുടെ പ്രതിനിധികളായിരുന്നു. അവർ നിരായുധീകരണത്തിൽ തല്പരരുമായിരുന്നില്ല. സോവിയറ്റ് പ്രഖ്യാപനം നിരാകരിക്കപ്പെട്ടു. ആധികാരികസഭാവമുള്ള സാർവ്വദേശീയവേദികളിൽ പിന്നീട് അവതരിപ്പിച്ച ഇതേ സഭാവത്തോടുകൂടിയ മറ്റു സോവിയറ്റ് നിർദ്ദേശങ്ങൾക്കും ഇതേ ഗതിതന്നെ വന്നു.

പൊതുനിരായുധീകരണത്തിൽ യോജിയ്ക്കാൻ പാശ്ചാത്യശക്തികൾ കൂട്ടാക്കാത്തതിന്റെ യഥാർത്ഥ കാരണങ്ങളെപ്പറ്റി ലോയിഡ് ജോർജ്ജ് വളരെ പച്ചയായി പറഞ്ഞു. വൻശക്തികളെ സംബന്ധിച്ചേടത്തോളം തരണംചെയ്യാൻ പറ്റാത്തതെന്ന് അവർ എടുപ്പത്തിൽ കണക്കാക്കുന്ന ഒരു ദുർഘടമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. തങ്ങൾക്കു് സൈന്യമില്ലെങ്കിൽ മൊറോക്കോവിലും അൾജീരിയയിലും അള്ളിപ്പിടിച്ചു നിൽക്കാൻ കഴിയുമോ എന്ന് ഫ്രാൻസ് അന്ധാളിയ്ക്കും. ബ്രിട്ടൻ അതേ ചോദ്യം ഇന്ത്യയുടെ കാര്യത്തിൽ സ്വയം ചോദിയ്ക്കും. ഇറാലിയ്ക്കു് ട്രിപ്പോളിയിലെ അവകാശങ്ങളിൽ നിരായുധീകരണം കൊണ്ടുണ്ടാവുന്ന പ്രത്യാഘാതങ്ങളെപ്പറ്റി ചിന്തിക്കേണ്ടിവരും. അമേരിക്ക ഫിലിപ്പൈൻസിന്മേലുള്ള സ്വന്തം ആധിപത്യത്തെ നിരായുധീകരണം എങ്ങിനെ ബാധിക്കുന്നുവെന്ന് തൂക്കിനോക്കുന്നതായിരിയ്ക്കും.

ആയുധങ്ങൾ കുറയ്ക്കുന്നതിലേക്കു് ഒരു ചെറിയ കാൽവെപ്പു് വെക്കുന്നതിനുപോലും പാശ്ചാത്യർ കാ

ണിക്കുന്ന വൈമനസ്യം, ജനങ്ങൾ വഹിക്കേണ്ടി വരുന്ന സൈനികച്ചിലവുകളുടെ താങ്ങാനാവാത്ത ഭാരത്തിനും ഈ ഗോളത്തിലെ പല ഭാഗങ്ങളിലും യുദ്ധത്തിന്റെ പുതിയ തീക്കുണ്ഡങ്ങൾ കൂട്ടുന്നതിനു് ആരാണുത്തരവാദിയെന്നു് നല്ലപോലെ വ്യക്തമാക്കുന്നു.

സമാധാനം ഉറപ്പിക്കുന്നതിൽ ഭാഗികമായ വിജയംപോലും നേടുന്നതിനുള്ള ഓരോ സന്ദർഭത്തേയും സോവിയറ്റു് ഗവർമ്മെണ്ടു് ഉപയോഗപ്പെടുത്തി. 1928 ആഗസ്റ്റിൽ ഒട്ടേറെ രാജ്യങ്ങളുടെ പ്രതിനിധികൾ, ഒരു ദേശീയനയമെന്ന നിലയിൽ യുദ്ധത്തെ നിരാകരിച്ചുകൊണ്ടുള്ള ബ്രിയാണ്ടു്-കെല്ലോഗു് ഉടമ്പടി പാരീസിൽ ഒപ്പുവെച്ചു. ഈ ഉടമ്പടിയുടെ സ്പഷ്ടമായ സ്വഭാവത്തെ തികച്ചും ഗ്രഹിച്ചുകൊണ്ടുതന്നെ സോവിയറ്റ് ഗവർമ്മെണ്ടു്, സമാധാനത്തേയും ഭദ്രതയേയും ശക്തിപ്പെടുത്തുന്നതിനു ഉടമ്പടി ഒരളവോളം സഹായിക്കുമെന്ന വിശ്വാസത്തോടെ അതിലൊപ്പുവെച്ചു. ബ്രിയാണ്ടു്-കെല്ലോഗു് ഉടമ്പടിയോടുള്ള യു. എസ്. എസ്. ആർ. ഗവർമ്മെണ്ടിന്റെ നിലപാടു് വിശദീകരിച്ചുകൊണ്ടു് വിദേശ കാര്യങ്ങൾക്കായുള്ള പീപ്പിൾസ് കമ്മീസാർ ജി. ചിച്ചെറിൻ ചൂണ്ടിക്കാട്ടി:

"യുദ്ധങ്ങൾക്കു് ഒരു വിരാമമിടുക എന്നതു് സോവിയറ്റു് നയത്തിന്റെ അടിസ്ഥാനപര

മായ ഒരു ഉന്നമാണ്. യുദ്ധത്തിനുള്ള സാദ്ധ്യതകളെ ഉന്മൂലനം ചെയ്യുന്നതിനു് ഞങ്ങളുടെ ഗവർമ്മെണ്ടു് ശ്രമിയ്ക്കുന്നു. യുദ്ധങ്ങൾകൊണ്ടുണ്ടാകാവുന്ന പ്രത്യക്ഷ ഫലങ്ങൾ എന്തെന്നു് നോക്കാതെ എല്ലാ യുദ്ധങ്ങളേയും തടയുക എന്നതാണു് ഞങ്ങളുടെ ഗവർമ്മെണ്ടിന്റെ പ്രധാന ലക്ഷ്യം.''

അതു് മനസ്സിൽ വെച്ചുകൊണ്ടു്, 1933 ഫെബ്രുവരിയിൽ ചേന്ന നിരായുധീകരണ സമ്മേളനത്തിൽ ഒരക്രമിയെ നിർവ്വചിക്കുന്നതുസംബന്ധിച്ച ഒരു കരട പ്രഖ്യാപനം സോവിയറു യൂണിയൻ അവതരിപ്പിച്ചു. എല്ലാ രാജ്യങ്ങളുടേയും, അതു് വലുതായാലും ചെറുതായാലും, അതിർത്തികളുടെ അലംഘനീയതയെ പ്രഖ്യാപനം വിളംബരം ചെയ്തു. ഒരു സ്റ്റെയിററിന്നു മറ്റൊന്നിന്റെ കായ്ത്തിൽ ഇടപെടാനുള്ള അവകാശത്തെ അതു നിഷേധിയ്ക്കുകയും ചെയ്തു. അതിലൊരു ഭാഗത്തു് ഇങ്ങിനെ പറയുന്നു:

''രാഷ്ട്രീയമോ തന്ത്രപരമോ സാമ്പത്തികമോ ആയ സ്വഭാവങ്ങളെക്കുറിച്ചുള്ള പരിഗണനയോ, ആക്രമിക്കപ്പെട്ട സ്റ്റേറുകളുടെ പ്രദേശത്തു് ദേശീയ സമ്പത്തു് ഉപയോഗിയ്ക്കുന്നതിനോ മറു വല്ല ആദായവും പ്രത്യേകാനുകൂല്യങ്ങളും ലഭിക്കുന്നതിനോ ഉള്ള അഭിവാഞ്ഛയോ, അതുപോലെ നിക്ഷേപിയ്ക്കപ്പെട്ട മൂലധനസംഖ്യ

യുടെ വലിപ്പത്തേയോ അഥവാ ഒരു നിർദ്ദിഷ്ട രാജ്യത്തെ സംബന്ധിച്ചേടത്തോളമുണ്ടാകാവുന്ന മറ്റു വല്ല പ്രത്യേക താല്പര്യങ്ങളേയോ സംബന്ധിച്ച പരാമർശമോ, അതുമല്ലെങ്കിൽ ഒരു സ്റ്റേറ്റിന്നുവേണ്ട പ്രത്യേക ലക്ഷണങ്ങൾ അതിന്നില്ലെന്ന അഭിപ്രായമോ ഒരു നിലക്കും ആക്രമണത്തിന്നുള്ള ന്യായീകരണമായി വരാൻ പാടില്ല...''

സോവിയറ്റ് കരട്ട പ്രഖ്യാപനം ലീഗ് ഓഫ് നേഷ്യൻസ് അംഗങ്ങളിൽ ഭൂരിഭാഗവും അംഗീകരിച്ചു. ഫ്രഞ്ച് രാഷ്ട്രീയനേതാവായ എഡ്വാഡ് ദലാദിയർ നേഷനൽ അസംബ്ളിയിൽ പറഞ്ഞതു്, പ്രഖ്യാപനം ഒരു അക്രമിയെക്കുറിച്ചുള്ള സ്പഷ്ടവും ഖണ്ഡിതവുമായ നിർവ്വചനമാണെന്നും ഫ്രാൻസിന്റെ പൂർണ്ണമായ അംഗീകാരമുണ്ടെന്നുമാണു്. നിർഭാഗ്യവശാൽ ചില പാശ്ചാത്യശക്തികളുടെ, വിശേഷിച്ചും ബ്രിട്ടന്റെ, നിലപാടു് സോവിയറ്റ് കരട്ട പ്രഖ്യാപനം നിയമപരമായി പ്രാബല്യം നേടുന്നതിനെ തടഞ്ഞു. എങ്കിലും പല അയൽപക്കരാജ്യങ്ങളുമടക്കം ഒട്ടേറെ സ്റ്റേറ്റുകളുമായി ആക്രമണനിർവ്വചനത്തെ സംബന്ധിച്ചു തീരുമാനം വരുത്തുകവഴി സ്വന്തം കരട്ട പ്രഖ്യാപനത്തിലുൾക്കൊണ്ട തത്വങ്ങൾ സോവിയറ്റ് യൂണിയൻ നടപ്പാക്കി.

ഹിറ്റ്ലറുടെ അധികാരാരോഹണത്തിന്നും യൂറോപ്പിലും ദൂരപൗരസ്ത്യദേശത്തിലും യുദ്ധനടപടികൾ

ആവിർഭവിച്ചതിന്നും ശേഷം സമാധാനത്തിന്റേയും ഭദ്രതയുടേയും പ്രശ്നം കൂടുതൽക്കൂടി അടിയന്തരസ്വഭാവമുള്ളതായിത്തീന്നു. ഒരു കൂട്ടായ രക്ഷാ ഉടമ്പടി എന്ന ആശയം സോവിയറ്റു ഗവണ്മെണ്ടു് നിർദ്ദേശിച്ചു. ഈ ഉടമ്പടിയിൽ ഒപ്പിട്ട രാഷ്ട്രങ്ങൾ (പോളണ്ടു്, ചെക്കോസ്ലോവാക്യ, ജർമ്മനി, ബാൾട്ടിക് രാഷ്ട്രങ്ങൾ, ഫിൻലാണ്ടു്, സോവിയറ്റു് യൂണിയൻ) അതിർത്തികളുടെ അലംഘനീയതയുടെ ബാദ്ധ്യത ഏറ്റെടുക്കുന്നതും ഒരു ക്രമിയെ തുരത്തുന്നതിൽ സഹായം നൽകുന്നതുമായിരിക്കും. പിന്നെയും മുതലാളിത്ത രാഷ്ട്രങ്ങൾ, ഇവിടെ ജർമ്മനിയും പോളണ്ടും, കൂട്ടായ രക്ഷാഉടമ്പടി പ്രായോഗികമാക്കുന്നതിനെ തടഞ്ഞു.

1934ൽ 30 രാജ്യങ്ങളിലെ ഗവർമ്മെണ്ടുകൾ ലീഗ് ഓഫ് നേഷ്യൻസിൽ ചേരാൻ സോവിയറ്റു് യൂനിയനെ ക്ഷണിച്ചു. ലീഗിന്റെ പോരായ്മകളെ തികച്ചും മനസ്സിലാക്കിക്കൊണ്ടു്, ഈ സാർവ്വദേശീയ വേദി ആക്രമണത്തിന്നു് ഒരു വിലങ്ങുതടിയായിരിക്കും എന്ന പ്രതീക്ഷയോടെ സോവിയറ്റു യൂണിയൻ ക്ഷണം സ്വീകരിച്ചു. അങ്ങിനെ ലീഗ് ഓഫ് നേഷ്യൻസിൽ ഫാസിസ്റ്റു് സ്റ്റേറുകളുടെ ഭീഷണിയെ പൊളിയ്ക്കാനും യുദ്ധത്തെ തടയാനും സമാധാനം ഉയർത്തിപ്പിടിയ്ക്കാനും സോവിയറ്റു യൂണിയൻ കായ്മായ ശ്രമം നടത്തി. ബ്രിട്ടീഷ് ചരിത്രകാരനും ലീഗ് ഓഫ് നേഷൻസിന്റെ മുൻ ഡെപ്യൂട്ടി സിക്രട്ടറി ജനറലുമായ ഫ്രാൻസിസ് വാൾട്ടേഴ്സ് എഴുതി:

"1934 സപ്തമ്പർ 18 മുതൽ 2-ാം ലോക യുദ്ധം പൊട്ടിപ്പുറപ്പെട്ടന്നതിന്നു് അല്പം മാസങ്ങൾ മുമ്പു വരെ റഷ്യ ലീഗിന്റെ വിശ്വാസമുള്ള ഒരനുകൂലിയായി തുടന്നു. കൌൺസിലിലും അസംബ്ലിയിലുമുള്ള അതിന്റെ ചരിത്രവും ആക്രമണശക്തികളുടെ നേക്കുള്ള അതിന്റെ പെരുമാറ്റവും മറേറതു ശക്തിയുടേതിനേക്കാളും കൂട്ടുതൽ പ്രതിജ്ഞാബദ്ധമായിരുന്നു."

ലോകയുദ്ധം ആളിപ്പിടിക്കുന്നതിന്നു തൊട്ടുമുമ്പു്

യുറോപ്യൻ സമാധാനതാല്പ്യങ്ങളാൽ നയിക്കപ്പെട്ടുകൊണ്ടു് കൂട്ടായ ഒരു രക്ഷാവ്യവസ്ഥ ഏർപ്പെടുത്തുന്നതിന്നു സോവിയറ്റ് യൂനിയൻ എല്ലാ ശ്രമവും ചെയ്തു. ഇതു് മനസ്സിൽവെച്ചുകൊണ്ടു് 1935 മേയിൽ ചെക്കോസ്ലോവാക്യയുമായും ഫ്രാൻസുമായും അതു് പരസ്പരസഹായ ഉടമ്പടികളുണ്ടാക്കി. ഹിറ്റ്ലർ ജർമ്മനിയുടെ ഭീഷണിക്കു് വിധേയമായ രാജ്യങ്ങളുടെ ദേശീയതാല്പ്യങ്ങളുടെ ഐകരൂപ്യം ഉടമ്പടികളെ സുകരമാക്കിത്തീർത്തു. 1938ൽ ചെക്കോസ്ലോവാക്യക്കു ഫാസിസ്റ്റ് ആക്രമണ ഭീഷണിയുളവായപ്പോൾ സോവിയറ്റ് യൂനിയൻ അതിന്റെ ഉടമ്പടിബാദ്ധ്യതകൾ പാലിക്കാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും അതിന്റെ കാലാൾപ്പടയിലെ 30 ഡിവിഷനുകളേയും വൻതോതിൽ ആയുധങ്ങളും പടക്കോപ്പുകളും അതിന്റെ പടിഞ്ഞാറൻ അതിർത്തിയിൽ കേന്ദ്രീകരിക്കുകയും ചെയ്തു.

പക്ഷേ ബ്രിട്ടനും ഫ്രാൻസും ഫാസിസ്റ്റ് ആക്രമിയ്ക്കെതിരായി കൂട്ടായ നടപടിയെടുക്കാൻ കൂട്ടാക്കിയില്ല. ഹിറ്റ്ലറുമായി ലജ്ജാകരമായ മ്യൂണിക്ക് ഉടമ്പടി ഉണ്ടാക്കാനാണ് അവരിഷ്ടപ്പെട്ടത്. ചെക്കോസ്ലോവാക്യയെ അടിമത്തത്തിലേക്ക് തള്ളിവിട്ടതും രണ്ടാം ലോകമഹായുദ്ധത്തിലേക്ക് വഴി തെളിയിച്ചതുമായ ഇടപാടായിരുന്നു അത്. മ്യൂണിക്ക് ഉടമ്പടിയെപ്പറ്റി 1958ൽ ജനറൽ ഡൈറ്റ് ഐസനോവക്ക് പറയാനുണ്ടായിരുന്നത് ഇതാണ്:

"മ്യൂണിക്ക്" എന്ന പേര്, സ്വേച്ഛാധികാരികളെ പ്രീണിപ്പിയ്ക്കാമെന്ന ഒരു മിഥ്യാപ്രതീക്ഷയെ പ്രതിനിധീകരിക്കുന്നുവെന്ന് നാം ഓർക്കുന്നില്ലേ?

> "യൂറോപ്പിൽ സമാധാനത്തിനുള്ള വഴിയായാണ് പ്രീണനത്തെ കണ്ടത്. നടന്നുകൊണ്ടിരിയ്ക്കുന്ന കാര്യങ്ങൾ നിർത്തൽ ചെയ്യാൻ തങ്ങൾ ശ്രമിയ്ക്കുകയാണെങ്കിൽ യുദ്ധമായിത്തീരും അതിന്റെ ഫലമെന്ന് ജനാധിപത്യരാജ്യങ്ങൾക്കു തോന്നി. എന്നാൽ തുടരെത്തുടരെയുള്ള ഈ പിൻമാറ്റങ്ങൾ മൂലം യുദ്ധം അങ്ങിനെത്തന്നെ വന്നു."

ആക്രമണത്തെ കിഴക്കോട്ട്, സോവിയറ്റ് യൂനിയനെതിരായി, തിരിച്ചുവിടാമെന്ന കരുതിയതുമൂലം പാശ്ചാത്യശക്തികൾ പിന്മാറി എന്നു പറയുന്നതാവും

കൂടുതൽ ശരി. അവക്ക് സമയത്തിന്നു് ജർമ്മനിയെ ശരിപ്പെടുത്താൻ കഴിയുമായിരുന്നു. സോവിയറ്റു് യൂണിയനു് മാത്രമല്ല പാശ്ചാത്യദേശത്തും ഇതാണു് അഭിപ്രായഗതി. ഉദാഹരണത്തിനു് അമേരിക്കൻ കോളേജുകൾക്കുവേണ്ടി ചരിത്രത്തെക്കുറിച്ചെഴുതിയ ഒരു പുസ്തകത്തിൽ പ്രൊഫസർ ടി. ബെയ്ലി പ്രസ്താവിക്കുന്നു.

> "സ്റ്റാലിനെതിരായി ഹിറ്റ്ലറെ ഇളക്കിവിടാമെന്നും, അങ്ങിനെയായാൽ ഇരുവിപത്തുകളും റഷ്യയുടെ വിശാലമായ ഭൂപ്രദേശത്തുവെച്ചു് കടിപിടികൂടിക്കൊള്ളുമെന്നും ജനാധിപത്യരാജ്യങ്ങൾക്കു് സുരക്ഷിതമായി കഴിയാമെന്നുമുള്ള ഒരയഞ്ഞ സംസാരം പാശ്ചാത്യ ജനാധിപത്യരാജ്യങ്ങളിലുണ്ടായിരുന്നു."

1939 മാച്ചിൽ മഹാമാരി യൂറോപ്പിൽ പൊട്ടിവളരാനുള്ള മറെറാരു സന്ദർഭം ഉണ്ടായിരുന്നു. ഫാസിസ്റ്റു് ജർമ്മനി ഇനിയും ആക്രമണനടപടികൾ എടുക്കുകയാണെങ്കിൽ സോവിയറുയൂണിയന്റെ നിലപാടു് എന്തായിരിക്കുമെന്നു് വിശദീകരിക്കാൻ ബ്രിട്ടീഷ് ഗവണ്മെണ്ടു് ആവശ്യപ്പെട്ടതിന്നു മറുപടിയായി സ്വാതന്ത്ര്യപ്രേമികളായ രാജ്യങ്ങളുടെ രക്ഷയ്ക്കുറപ്പുവരുത്താൻ എടുക്കേണ്ട കൂട്ടായ നടപടികളെക്കുറിച്ചു് ചർച്ചചെയ്യുന്നതിന്നു് യു. എസ്. എസ്. ആർ, ബ്രിട്ടൻ, ഫ്രാൻസു്, പോളണ്ടു്, റുമേനിയ, തുർക്കി എന്നിവയുടെ ഒരു പ്രതിനിധിസമ്മേളനം വിളിച്ചുകൂട്ടണമെന്നു്

സോവിയറുയൂണിയൻ നിർദ്ദേശിച്ചു. ഈ നിർദ്ദേശവും പാശ്ചാത്യശക്തികൾ തള്ളിക്കളഞ്ഞു.

സോവിയറുയൂണിയന്റെ നിരന്തരശ്രമഫലമായി യു. എസ് എസ്. ആറും, ബ്രിട്ടനും. ഫ്രാൻസും തമ്മിൽ ഒരു പരസ്പരസഹായ ഉടമ്പടി ഉണ്ടാക്കുന്നതിനുള്ള കൂടിയാലോചനകൾ താമസിയാതെ ആരംഭിച്ചു. കൂടിയാലോചനകൾ ഒരു തീരുമാനത്തിലെത്താതെ നിരവധി മാസങ്ങളോളം നീണ്ടുപോയി. ഒരുറപ്പും പകരം ലഭിക്കാതെതന്നെ ഏകപക്ഷീയമായി സോവിയറുയൂണിയൻ ചുമതലകളേല്ക്കണമെന്ന് പാശ്ചാത്യ പ്രതിനിധികൾ ആവശ്യപ്പെട്ടു. എന്നു മാത്രമല്ല മോസ്കോവിൽ വന്ന ബ്രിട്ടീഷ്-ഫ്രഞ്ച് സൈനിക മിഷ്യനുകളുടെ തലവന്മാരെ സോവിയറുയൂണിയനുമായി യാതൊരു കരാറുണ്ടാക്കുവാനും അധികാരപ്പെടുത്തിയിരുന്നുമില്ല. യു. എസ്. എസ്. ആറുമായി പരസ്പരസഹായത്തിന്റേയും സൈനികവഴക്കത്തിന്റേയും ഒരു ഉടമ്പടി ഒപ്പുവെയ്ക്കാൻ ബ്രിട്ടനും ഫ്രാൻസും ആഗ്രഹിക്കുന്നില്ലെന്നു്, നീട്ടിക്കൊണ്ടുപോകാനുള്ള അവരുടെ അടവുകളും ഒളിഞ്ഞുമാറൽ നിലപാടും തെളിയിച്ചു. ഫാസിസ്റ്റുക്രമിയെ കൂട്ടായിത്തുരത്തുന്നതിൽ പാശ്ചാത്യശക്തികൾക്കു് താല്പര്യമുണ്ടായിരുന്നില്ലെന്നും തങ്ങളുടെ സ്വന്തം രാജ്യങ്ങളിൽനിന്നു് ഹിറ്റ്ലർ ഭീഷണി ഒഴിവാക്കുന്നതിനു് സോവിയറുയൂണിയനെതിരായി ആക്രമണം തിരിച്ചുവിടാനാണു് അവർ ഉദ്ദേശിച്ചതെന്നും വിശ്വസിക്കാൻ സോ

വിയറുഗവമ്മെണ്ടിന്നു് എല്ലാ ന്യായങ്ങളുമുണ്ടായിരുന്നു.

ഈ പരിതസ്ഥിതിയിൽ യുക്തിപരമായ ഒരേയൊരു ചുവടുവെക്കാൻ യു. എസ്സ്. എസ്സ് ആർ. ഗവമ്മെണ്ടു് നിർബ്ബന്ധിതമായി. മിക്കവാറും 2 കൊല്ലത്തോളം രാജ്യത്തിനു് ഫാസിസ്റ്റു് ഭീഷണിയെ അതുമാറിനിർത്തി. ഒരു അനാക്രമണസന്ധി ഒപ്പിടാനുള്ള ജമ്മനിയുടെ നിർദ്ദേശം സോവിയറുയൂണിയൻ സ്വീകരിച്ചു. ഈ സന്ധിയനുസരിച്ചു് അന്യോന്യമുള്ള എല്ലാ ആക്രമണനടപടികളിൽനിന്നും ഒഴിഞ്ഞുനിൽക്കാനും തക്കങ്ങളും സംഘട്ടങ്ങളും സമാധാനപരമായ മാർഗ്ഗത്തിലൂടെ പ്രത്യേകം ഒതുക്കിത്തീർക്കാനും ഇരുകക്ഷികളുമേറ്റു.

ജമ്മൻനിർദ്ദേശം യു. എസ്സ്. എസ്സ്. ആർ. സ്വീകരിച്ചിരുന്നില്ലെങ്കിൽ നിസ്സംശയമായും ജമ്മനി ആക്രമിക്കുകയും ജമ്മനിക്കെതിരായി (മിക്കവാറും മറ്റാട്ടേറെ രാജ്യങ്ങൾക്കെതിരായും) ഏറ്റവും കടുത്ത യുദ്ധം സോഷ്യലിസ്റ്റു് രാജ്യത്തിനു് ഒറ്റയ്ക്കു് നടത്തേണ്ടിവരികയും ചെയ്യുമായിരുന്നു.

ഹിറ്റ്ലറുമായി ഉടമ്പടി ചെയ്തതിനു് ചില പാശ്ചാത്യചരിത്രകാരന്മാരും രാഷ്ട്രീയക്കാരും സോവിയറുയൂണിയനെ തുടർച്ചയായി അധിക്ഷേപിക്കുകയുണ്ടായി. സോവിയറുയൂണിയനെ ജമ്മനി ആക്രമി

ച്ചുകൊണ്ടും, ബ്രിട്ടനും, ഫ്രാൻസും മാറിനിന്നുകൊണ്ടും രണ്ടാംലോകയുദ്ധം ആരംഭിക്കാനാണു് സ്പഷ്ടമായും അവർ ആഗ്രഹിച്ചിരിക്കാവുന്നതു്. അത്തരമൊരു സാദ്ധ്യതയെ തടഞ്ഞതുകൊണ്ടു് സോവിയറുയൂണിയനു് ഒന്നു് ശ്വാസംകഴിക്കാൻ സമയം കിട്ടി; ഹിറ്റ്ലർ ആക്രമണത്തെ തുരത്തുന്നതിൽ ഖണ്ഡിതമായും പ്രായോഗികമായ ഒരു പങ്കുവഹിച്ച ഒട്ടേറെ പ്രതിരോധ നടപടികൾ കൈക്കൊള്ളാനും സാധിച്ചു. തികച്ചും 6 വഷ്ങ്ങളോളം 2-ാംലോകയുദ്ധത്തിൽ സോവിയറുയൂണിയൻ പങ്കെടുത്തില്ലെങ്കിലും അച്ചുതണ്ടു് ശക്തികളുടെ മേൽ പൊതുവിജയം നേടുന്നതിനു് അതു് അതിമഹത്തായ സംഭാവന നൽകിയിട്ടുണ്ടെന്നു് പാശ്ചാത്യചരിത്രകാരന്മാർ കൂടെക്കൂടി വസ്തുനിഷ്ഠരായിരുന്നെങ്കിൽ സമ്മതിക്കുമായിരുന്നു.

ആ കാലത്തു് സമാധാനത്തിനുവേണ്ടിയുള്ള സമരം വിജയകരമായിരുന്നില്ലെന്നതിൽ സോവിയറുയൂണിയനു് തെറ്റുപറ്റിയിട്ടില്ല. സാർവ്വദേശീയരംഗത്തു് ശക്തികളുടെ ബലാബലം യു. എസ്. എസ്. ആർ., മങ്കോളിയൻ ജനകീയറിപ്പബ്ലിക്കു് എന്നീ രണ്ടു സോഷ്യലിസ്റ്റുരാജ്യങ്ങൾക്കു് അനുകൂലമായിരുന്നില്ല. ലോകകാര്യങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ അവയ്ക്കു് കഴിവില്ലായിരുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ഹിറ്റ്ലർജർമ്മനിയെ ക്ഷീണിപ്പിക്കുകയും അതിന്റെ ആക്രമണം കിഴക്കോട്ടു് തിരിച്ചുവിടുകയും ചെയ്യുക എന്ന നയത്തെ അനുകൂലിച്ചവർ രണ്ടാം

ലോകയുദ്ധം അഴിച്ചുവിടാൻ ഫാസിസ്റ്റ് ആക്രമികളെ പ്രാപ്തരാക്കിക്കൊണ്ട് മേൽക്കൈ നേടുകയും ചെയ്തു.

ഫാസിസ്റ്റ് വിരുദ്ധയുദ്ധത്തിലെ സഖ്യകക്ഷികൾ

വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളോടുകൂടിയ സ്റ്റേറ്റുകൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിന്റെ പുതിയ സാദ്ധ്യതകളും രൂപങ്ങളും ഹിറ്റ്ലർ ജർമ്മനിക്കെതിരായ യുദ്ധത്തിന്റെ ഘട്ടത്തിൽ ഉയർന്നുവന്നു. യു. എസ്സ്. എസ്സ്. ആറിന്റേയും അതിന്റെ പാശ്ചാത്യപങ്കാളികളുടേയും സാമൂഹ്യവ്യവസ്ഥകളിലുള്ള വ്യത്യാസം പൊതുലക്ഷ്യം നേടുന്നതിന് അടുത്തു സഹകരിച്ചു പ്രവർത്തിക്കുന്നതിനെ തടഞ്ഞില്ല. അത്തരം സഹകരണത്തിനനുകൂലമായി പാശ്ചാത്യനേതാക്കൾ ആവർത്തിച്ചു സംസാരിച്ചു. ഉദാഹരണത്തിന് സർ. വിൻസ്റ്റൺ ചർച്ചിൽ 1941 നവമ്പറിൽ എഴുതി:

> "റഷ്യ ഒരു കമ്യൂണിസ്റ്റ് രാഷ്ട്രമാണെന്നും ബ്രിട്ടനും അമേരിക്കയും അങ്ങിനെയല്ലെന്നും അങ്ങിനെയാകാൻ ഉദ്ദേശിക്കുന്നില്ലെന്നുമുള്ള വസ്തുത, നമ്മുടെ പരസ്പര സുരക്ഷിതത്വത്തിനും ന്യായമായ താല്പര്യങ്ങൾക്കും വേണ്ടി നല്ലൊരു പദ്ധതി സൃഷ്ടിക്കുന്നതിന് യാതൊരു പ്രതിബന്ധവുമല്ല."

ഇതേ മാതിരി പ്രസ്താവനകൾ യു. എസ്സ്. പ്രസിഡണ്ട് ഫ്രാങ്ക്ളിൻ റൂസ്വെൽട്ടും പുറപ്പെട്ടുവിക്കയുണ്ടായി. ഹിറ്റ്ലർ ജർമ്മനിക്കെതിരായ സംയുക്ത നടപടികളുടെ പരമ പ്രാധാന്യം അദ്ദേഹത്തിന്നു് നല്ല പോലെ അറിയാമായിരുന്നു. ഭാഗ്യമെന്നു് പറയട്ടെ, ഹാരിട്രൂമാൻ അന്നൊരു സെനറ്റർ മാത്രമായിരുന്നു. അദ്ദേഹത്തിന്നു അമേരിക്കൻ വിദേശനയത്തിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിരുന്നുമില്ല. മറിച്ചായിരുന്നെങ്കിൽ, സോവിയറ്റുയൂണിയനെ ഹിറ്റ്ലർ ആക്രമിച്ച ഉടനെ താഴെ കാണുംവിധം പ്രസ്താവിച്ച ഒരു മനുഷ്യനിൽനിന്നു് എന്തു് പ്രതീക്ഷിക്കാൻ കഴിയുമായിരുന്നു:

> "ജർമ്മനി ജയിക്കുന്നതായാണു് നാം കാണുന്നതെങ്കിൽ നാം റഷ്യയെ സഹായിക്കണം. റഷ്യയാണു് ജയിക്കുന്നതെങ്കിൽ ജർമ്മനിയെ സഹായിക്കണം; ആ വഴിക്കു് അവർ കഴിയുന്നത്ര കൊല്ലട്ടെ..."

യുദ്ധത്തിന്റെ അവസാനത്തിൽ സ്റ്റേറ്റിന്റെ അമരത്തിരിക്കാൻ ഇടയായ ഈ ദുരാത്മാവിന്റെ മനുഷ്യവിദ്വേഷാത്മകമായ തത്വശാസ്ത്രത്തിന്നു നിർദ്ദോഷികളായ നൂറുകണക്കിനു്, ആയിരക്കണക്കിനു് മനുഷ്യരുടെ ജീവിതങ്ങൾ ആദ്യം ഹിരോഷിമയിലും നാഗസാക്കിയിലും പിന്നെ കൊറിയയിലും ലോകം വില കൊടുക്കേണ്ടിവന്നു.

ഹിറ്റ്ലർ പരിഷ്കൾക്കെതിരായ കടുത്ത പോരാട്ടം നടത്തിക്കൊണ്ടിരിക്കെത്തന്നെ, അക്രമി നാശമടയുകയും വീണ്ടും ഭ്രമിക്കു മുകളിൽ ഫാസിസ്റ്റ് പ്ലേഗിൽ നിന്നു് സ്വതന്ത്രമായി സൂര്യൻ ഉദയം ചെയ്യുകയും ചെയ്യുന്ന ദിനം സോവിയറു് ജനത ഉറുനോക്കി. 1941 നവമ്പർ 8-ാംനു-തന്നെ യുദ്ധാനന്തരസമാധാനസംരംഭത്തിനു് സഖ്യകക്ഷികളുമായി ഒരു കരാറിലെത്താൻ സോവിയറു് ഗവമ്മേണ്ടു് ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. ഈ കരാറു് പിന്നീടു് നേടിയെടുക്കുകയും ഒട്ടേറെ സംയുക്തരേഖകളിൽ രേഖപ്പെടുത്തുകയും ചെയ്തു. 1942 മെയ് 26-ാംനു-യിലെ ആഗ്ലോ-സോവിയറു് ഉടമ്പടി ഉദാഹരണം. 1943 ഒക്ടോബറിൽ മോസ്കോവിൽ ചേർന്ന സംഖ്യകക്ഷിസമ്മേളനത്തിൽ വെച്ചു സാർവ്വത്രികഭദ്രതയെ സംബന്ധിച്ച ഒരു പ്രഖ്യാപനം തയ്യാറാക്കി. യുദ്ധത്തിനുശേഷം സഖ്യശക്തികൾ സമാധാനപുനഃസ്ഥാപനത്തിനായി തങ്ങളുടെ ശ്രമങ്ങൾ തിരിച്ചുവിടണമെന്നു് അതു് ചൂണ്ടിക്കാട്ടുകയും സമാധാനപ്രേമികളായ എല്ലാ രാഷ്ട്രങ്ങളുടേയും പരമാധികാരത്തിന്റെയും തുല്യതയുടേയും അടിസ്ഥാനത്തിൽ ഒരു സാർവ്വദേശീയസംഘടന താമസിയാതെ സ്ഥാപിക്കണമെന്നു് പ്രഖ്യാപിക്കുകയും ചെയ്തു.

ഈ സംഘടന, യു. എൻ., 1945 വസന്തത്തിൽ സാൻഫ്രാൻസിസ്കോവിൽ നടന്ന സമ്മേളനത്തിൽ വെച്ചു രൂപീകൃതമായി. അതിന്റെ മുഖ്യലക്ഷ്യം, അതിനു രൂപം നൽകിയ 50 രാഷ്ട്രങ്ങൾ നിർവ്വചിച്ചതു

പോലെ, സമാധാനവും രാഷ്ട്രാന്തരീയ ഭദ്രതയും കാത്തു രക്ഷിക്കുക എന്നതായിരുന്നു. ഏറ്റവും വിപുലമായ തോതിൽ സായുധശക്തികളും ഏറ്റവും വമ്പിച്ച രാഷ്ട്രാന്തരീയാധികാരവുമുള്ള വൻശക്തികൾ ലോകമാകെ സമാധാനം പുലർത്തുന്നതിൽ യോജിച്ചും സഹകരിച്ചും പ്രവർത്തിച്ചപ്പോൾ മാത്രമേ യു. എൻ. ഫലപ്രദമായി നിലക്കൊണ്ടിട്ടുള്ളൂ എന്നാണ് കഴിഞ്ഞകാലത്തെ അനുഭവം തെളിയിച്ചത്.

തെഹ്റാനിലും, യാൾട്ടയിലും, പോട്ട്സ്ഡാമിലും നടന്ന സഖ്യകക്ഷി സമ്മേളനങ്ങൾ യുദ്ധാനന്തരം ഉറച്ച സമാധാനം സ്ഥാപിക്കുന്നതിലേക്കും ജർമ്മനി ഒരു പുതിയ ലോകയുദ്ധം അഴിച്ചുവിടുന്നതിനുള്ള സാദ്ധ്യതയെ പ്രതിബന്ധിക്കുന്നതിലേക്കും വളരെയേറെ സംഭാവന ചെയ്തു.

"ജർമ്മനിയുടെ സൈനികശക്തിയെ അഴിച്ചുനീക്കുകയും അടുത്ത ഭാവിയിലൊന്നും ആ ശക്തി പുനഃസ്ഥാപിക്കപ്പെടാനുള്ള അവസരം നൽകാതിരിക്കുകയും ചെയ്യണം" എന്നതിൽ മൂന്നു വൻശക്തികൾക്കുമുള്ള അഭിപ്രായൈക്യം തെഹ്റാൻ സമ്മേളനത്തെക്കുറിച്ചു പ്രസംഗിക്കവേ പ്രസിഡണ്ട് റൂസ്വെൽട്ട് എടുത്തു പറയുകയുണ്ടായി.

ഏകീകൃതസഖ്യകക്ഷിനയത്തിന്റെ മൂന്നു മൂലതത്വങ്ങളെ സംബന്ധിച്ച് (ജർമ്മനിയുടെ നിസ്സൈ

ന്യവൽക്കരണവും നിർനാസീകരണവും ജനാധിപത്യ വൽക്കരണവും) യാൽട്ടാ സമ്മേളനത്തിൽവെച്ച് തീരുമാനമെടുത്തു "ജർമ്മൻ സൈനികമേധാവിത്വത്തേയും നാസിസത്തേയും നശിപ്പിക്കുകയെന്നതും ലോകത്തിന്റെ സമാധാനത്തെ തകരാറാക്കാൻ ഇനിയൊരിക്കലും ജർമ്മനിക്ക് കഴിയുകയില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുകയെന്നതുമാണ് ഞങ്ങളുടെ അചഞ്ചലമായ ഉദ്ദേശം".

തങ്ങളുടെ സംഖ്യകക്ഷികളോടൊപ്പം നിന്ന് ഈ ടുറ്റ സമാധാനത്തിനുള്ള ഉറച്ച അസ്ഥിഭാരങ്ങളിടുന്നതിനുള്ള പദ്ധതികളിൽ മൂന്നു വൻശക്തികളും യോജിച്ചു.

പോർട്ട്സ്ഡാം സമ്മേളനത്തിൽവെച്ച്, വരാനിരിക്കുന്ന എല്ലാ കാലത്തേക്കും ജർമ്മൻ സൈനിക മേധാവിത്വവും നാസിസവും വീണ്ടും തലപൊക്കുന്നതിനെ തടയാനുള്ള ഉറച്ച നടപടികൾ തങ്ങളെടുക്കുമെന്ന് നേതൃശക്തികൾ പ്രഖ്യാപിച്ചു. യുദ്ധകാലത്തും യുദ്ധത്തിനുശേഷവും ഒന്നിച്ചു പ്രവർത്തിക്കുവാനുള്ള സന്നദ്ധതയും സഖ്യകക്ഷികൾ പ്രഖ്യാപിച്ചു. സമാധാനത്തിന്റേയും പുരോഗതിയുടേയും പരിതോവസ്ഥകളിൽ ജനങ്ങൾക്കു വളരാനും പുതിയ യുദ്ധങ്ങളെ തടയാനുമുള്ള ഒരുറച്ച മാർഗ്ഗം ടെഹ്റാൻ-യാൾട്ട-പോർട്ട് സ്ഡാം സമ്മേളനങ്ങളുടെ തീരുമാനങ്ങൾ നിർദ്ദേശിച്ചു. എങ്കിലും പാശ്ചാത്യശക്തികൾ തങ്ങളുടെ സ

ന്തം തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാൻ കൂട്ടാക്കിയില്ല. സ്വന്തം പ്രതിജ്ഞകളെ അവർ വഞ്ചിച്ചു; പശ്ചിമ ജർമ്മൻ ആക്രമണശക്തികളുടെ പ്രതികാരപരമായ അവകാശവാദങ്ങളേയും ന്യൂക്ലിയർ മോഹങ്ങളേയും ശരിയ്ക്കും പിൻതാങ്ങുക എന്നിടത്തോളം അവരുമായി ഇടപാടുകൾ ചെയ്തു. ഇതു് ബുണ്ടേശ്വറിന്റെ പുനർജന്മത്തിൽ കലാശിച്ചു. ഇന്നതു് യൂറോപ്പിൽ നാറ്റോവിന്റെ 'മുഖ്യ' ഷോക്ക് ഫോഴ്സ് ആണെന്നു് അവകാശപ്പെട്ടുകയാണു്.

സാർവ്വദേശീയക്കരാറുകളോടും ബാദ്ധ്യതകളോടുമുള്ള ഇത്തരമൊരു മനോഭാവം പൊറുക്കത്തക്കതല്ല; രാഷ്ട്രാന്തരീയ നിയമത്തെ അതു് ലംഘിക്കുകയും രാഷ്ട്രാന്തരീയബന്ധങ്ങളെ തകച്ചുയിലേക്കു് നയിക്കുകയും ചെയ്യുന്നു. ഹ്യൂഗോ ഗ്രോഷ്യസിന്റെ വാക്കുകൾ ഇവിടെ അനുസ്മരിക്കുന്നതു് സംഗതമാണു്: "ഒരു പ്രതിജ്ഞ ആത്മാർത്ഥതയോടെ നിറവേറ്റുക എന്നതു് സ്റ്റേറ്റുകളുടെ നിലനില്പിന്റെയും അവയുടെ മഹത്തായ സഹകരണത്തിന്റെയും ഒരടിത്തറയാണു്..."

ശീതയുദ്ധം

യുദ്ധാനന്തരവർഷങ്ങളിലെ ഹിറ്റ്ലർവിരുദ്ധസംയുക്തസഖ്യശക്തികൾ തമ്മിലുള്ള സഹകരണത്തെ ശീതയുദ്ധം പകരംവെച്ചു: ആയുധപ്പന്തയം, പ്രഥമമായും പ്രധാനമായും റോക്കറ്റ്–ന്യൂക്ലിയർ പന്തയം, മനു

ഷ്യസമുദായത്തെ നാശത്തിന്റെ വക്കിലെത്തിച്ചിരിക്കുന്നു.

ഈ വഷ്ങ്ങളിൽ സാർവ്വദേശീയകാലാവസ്ഥ മോശമായിത്തീന്നതിന്നു് പാശ്ചാത്യചരിത്രകാരന്മാർ സോവിയറുയൂണിയനെ കുറപ്പെട്ടുത്താൻ ശ്രമിക്കുന്നു. എന്നാൽ സത്യം നേരെമറിച്ചാണു്. എന്തെന്നാൽ ലോകത്തെ നയിക്കാൻ ദൃഢവും ഉൽക്കടവുമായ ആഗ്രഹം തോന്നുന്നുവെന്നു് യുദ്ധത്തിന്നുശേഷം പ്രഖ്യാപിച്ചതു് സോവിയറുനേതാക്കളായിരുന്നില്ല, മിസ്റ്റർ ട്രൂമാനായിരുന്നു. സാർവ്വദേശീയസ്ഥിതിയിൽ മുറുക്കം കൂട്ടുന്നതിന്നു് സർ. വിൻസ്റ്റൺ ചർച്ചിൽ, മിസ്സൂറിയിൽ ഫുൾട്ടനിൽവെച്ചു ചെയ്ത അദ്ദേഹത്തിന്റെ കുപ്രസിദ്ധമായ പ്രസംഗം വഴി കായ്മമായ സംഭാവന നൽകി.

പാശ്ചാത്യനേതാക്കൾ അവരുടെ മുൻസഖ്യരാജ്യങ്ങൾക്കെതിരായി ആറാംബോംബു പയോഗിക്കുമെന്നു് ഭീഷണിപ്പെട്ടുത്തുകയുണ്ടായി എന്നതു്, സോവിയറുയൂണിയനെ പിപ്പിടി കാട്ടാൻ ശ്രമിച്ചുവെന്നതു്, ഇന്നൊരു രഹസ്യമല്ല. ഹിരോഷിമയിലും നാഗസാക്കിയിലും അറോമിക്കു് ബോംബു് വഷ്ിച്ചശേഷം സർ-വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞു.

".....റഷ്യക്കാരുമായുള്ള സന്തുലിതാവസ്ഥ മാറാൻ ഒരു വസ്തു ഞങ്ങളുടെ കയ്യിലുണ്ടു്. ഈ

വിസ്ഫോടകത്തിന്റെ രഹസ്യവും അതുപയോഗിക്കുവാനുള്ള അധികാരവും ജർമ്മനിയുടെ പരാജയം മുതൽ നിലനിൽക്കുന്ന നയതന്ത്രപരമായ സന്തുലനാവസ്ഥയിൽ അതു് സമ്പൂർണ്ണമായ മാറ്റം വരുത്തും.''

പാശ്ചാത്യശക്തികൾ അതിന്റെ ശീതയുദ്ധനയം ആരംഭിച്ചതെന്തിനെന്നു് ഈ വാക്കുകൾ വിശദീകരിക്കുന്നു. ഹിറ്റ്ലർ ജർമ്മനിക്കെതിരായ കടുത്ത യുദ്ധത്തിന്റെ ഘട്ടത്തിൽ സോവിയറ്റ്ശക്തിയിലുണ്ടായ വളർച്ചയും ഒട്ടേറെ യൂറോപ്യൻരാജ്യങ്ങളിൽ ജനങ്ങളുടെ അധികാരം സ്ഥാപിതമായതും ലോകത്തിന്റെ പരമാധികാരമെന്ന തങ്ങളുടെ സ്വപ്നം കൈവിടാനിഷ്ടപ്പെടാത്ത പാശ്ചാത്യസാമ്രാജ്യത്വ വൃത്തങ്ങൾക്കു് ഒരു കനത്ത പ്രഹരമായിരുന്നു. വളരെയേറെ യൂറോപ്യൻ-ഏഷ്യൻ രാജ്യങ്ങൾ സാമ്രാജ്യത്വമേൽക്കോയ്മയിൽനിന്നു സ്വതന്ത്രമായിരിക്കുന്നുവെന്ന വസ്തുതയുമായി പൊരുത്തപ്പെടാൻ ചർച്ചിലിനും ട്രൂമാനും അവരുടെ കൂട്ടുകാക്കും കഴിഞ്ഞില്ല. ചരിത്രത്തിന്റെ ചക്രത്തെ പിറകോട്ടു തിരിക്കാനും, ബാങ്കർമാക്കും മുതലാളിമാക്കും ഭൂവുടമകൾക്കും അധികാരം നഷ്ടപ്പെട്ടതും ജനങ്ങൾ സോഷ്യലിസം കെട്ടിപ്പടുക്കുവാൻ ആരംഭിച്ചതുമായ രാജ്യങ്ങളിൽ അവർക്കധികാരം പുനഃസ്ഥാപിച്ചുകൊടുക്കാനും പാശ്ചാത്യരാഷ്ട്രീയക്കാർ ആഗ്രഹിച്ചു. ഇതു നേടുന്നതിനു് ഏറ്റവും ആപൽക്കരമായ കാൽവെപ്പു വെക്കാൻ അവർ ഒരുക്കമായിരുന്നു. അ

ദ്യത്തെ യുദ്ധാനന്തരവർഷങ്ങളിൽ റഷ്യയ്ക്കെതിരായി ഒരു യുദ്ധത്തിനു യുണൈറ്റഡ് സ്റ്റേറ്റ്സ് ഒരുക്കം കൂട്ടുകയാണെന്നു യു. എസ്. സ്റ്റേറ്റുസിക്രട്ടറിയുടെ മുൻ അസിസ്റ്റണ്ടായ ജെ. സി. ഗ്രൂ അദ്ദേഹത്തിന്റെ "അന്തഃക്ഷോഭത്തിന്റെ കാലഘട്ടം" എന്ന പുസ്തകത്തിലെഴുതി.

മുതലാളിത്തരാജ്യങ്ങളും സോഷ്യലിസ്റ്റ് രാജ്യങ്ങളും തമ്മിൽ ഒരു സൈനികസംഘട്ടനം അനിവാര്യമാണെന്നു തെളിയിക്കാൻ ശ്രമിക്കുന്ന പുസ്തകങ്ങളുടെ പരമ്പരകൾതന്നെ പാശ്ചാത്യനാടുകളിൽ പ്രത്യക്ഷപ്പെട്ടു.

പരേതനായ ജോൺഫോസ്റ്റർ ഡള്ളസ്സ് യുദ്ധമോ സമാധാനമോ എന്ന പേരിൽ ഒരു പുസ്തകം 1950-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിലദ്ദേഹം രണ്ടു വ്യവസ്ഥകളും തമ്മിൽ സമാധാനപരമായ സഹവർത്തിത്വത്തിനും സഹകരണത്തിനുമുള്ള സാദ്ധ്യതയെ നിരാകരിക്കുകയും അവ തമ്മിൽ യുദ്ധങ്ങൾക്കുള്ള അനിവാര്യതയെ ഊന്നിപ്പറയുകയും ചെയ്തു. "ചരിത്രം വല്ല മാർഗ്ഗദർശകവുമാണെങ്കിൽ ഈ സ്ഥിതിയിൽ നിന്നു യുദ്ധം പൊട്ടിപ്പുറപ്പെട്ടേക്കും." യു. എൻ നെ പരാമർശിച്ചുകൊണ്ട്, "സോവിയറ്റ് കമ്മ്യൂണിസ്റ്റുകാരെക്കൂടാതെയുള്ള ഒരു ലോകസംഘടന വളരെയേറെ സന്തോഷകരമായ ഒരു സംഘടനയായിരിക്കും" എന്നു യുദ്ധത്തിന്റെ ഈ മാപ്പുസാക്ഷി അവകാശപ്പെട്ടു. യു

ദ്ധകാലത്തു സോവിയറ്റുയൂണിയനും പകരം ഫാസിസ്റ്റ് ജർമ്മനിയുടെ പക്ഷത്താണ് യുണൈറ്റഡ് സ്റ്റേറ്റ്സും ബ്രിട്ടനും ചേരേണ്ടിയിരുന്നതെന്നും യു. എസ്. എസ്. ആറിനെതിരായി നിൽക്കേണ്ടിയിരുന്നവെന്നും മറ്റൊരു കമ്മ്യൂണിസ്റ്റ് വിരോധിയായ ഐ. എൻ. ഫുള്ളർ 1948-ൽ എഴുതി.

ചിക്കാഗോ യൂനിവേർസിറ്റിയിലെ കെ. ഹച്ചിൻസ്, ജി. ബോർഗീസ്, എം. അഡ്ലർ എന്നിവരും മറ്റു പ്രൊഫസർമാരും ഒരു ലോകഭരണഘടനയുള്ള ഒരു പ്രാരംഭകരട്ടുരേഖ തയ്യാറാക്കുകയുണ്ടായി. ഒരു 'ലോകഗവർമ്മെണ്ടു' സ്ഥാപിക്കുന്നതിലുള്ള പ്രധാന തടസ്സം, അവരുടെ അഭിപ്രായത്തിൽ, സോവിയറ്റുയൂണിയൻ അതിന്റെ പരമാധികാരം ഉപേക്ഷിക്കാൻ ഇഷ്ടപ്പെടാത്തതാണെന്നതുകൊണ്ടു്, 'ഒരു ലോകസ്റ്റേറ്റു' രൂപീകരിക്കുന്നതിനു സമ്മതം നൽകണമെന്നാവശ്യപ്പെട്ടുന്ന ഒരു അന്ത്യശാസനം യു.എസ്. എസ്. ആറിനു നൽകണമെന്നു് അവർ നിർദ്ദേശിക്കുകയുണ്ടായി.

ഈ പ്രസ്താവനകളെല്ലാം യുദ്ധാനന്തരമുള്ള ആദ്യദശകത്തിന്റെ സ്വഭാവമായിരുന്നു. അന്നു പാശ്ചാത്യശക്തികൾ ശക്തിയുടെ 'സ്ഥാനങ്ങ'ളിൽ നിന്നുകൊണ്ടു സോവിയറ്റുയൂണിയനോടു സംസാരിക്കാൻ ശ്രമിച്ചു; ഈ രാജ്യങ്ങളിലെ പത്രങ്ങൾ യു. എസ്. എസ്.

ആറിനെതിരായ ഒരു കരുതൽയുദ്ധത്തിനു് ആവശ്യപ്പെട്ടുകയും ചെയ്തു.

സമാധാനസംരക്ഷണം സംബന്ധിച്ച ഡിക്രി

യുദ്ധാനന്തരവർഷങ്ങളിൽ, സോവിയറുയൂണിയൻ ഒരു മൂന്നാംലോകയുദ്ധം ഒഴിവാക്കുന്നതിനും രാഷ്ട്രാന്തരീയബന്ധങ്ങളുടെ ഒരു മാനദണ്ഡമായി സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്ത്വങ്ങൾ സ്ഥാപിക്കുന്നതിനും സാദ്ധ്യമായതൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണു്.

1947 നവമ്പറിൽ, യു. എൻ. ജനറലസംബ്ളിയുടെ രണ്ടാംസമ്മേളനം, സമാധാനത്തിനെതിരായ ഏതുതരം പ്രചരണത്തേയും അധിക്ഷേപിച്ചുകൊണ്ടും എല്ലാതരത്തിലുള്ള വാർത്താവിതരണ-പ്രചരണമാർഗ്ഗങ്ങളിലൂടെ സ്റ്റേറുകൾ തമ്മിലുള്ള സ്നേഹബന്ധങ്ങളെ വളർത്തുവാൻ എല്ലാ യു. എൻ. അംഗരാഷ്ട്രങ്ങളോടും ആവശ്യപ്പെട്ടുകൊണ്ടുമുള്ള ഒരു പ്രമേയം സോവിയറു മുൻകയ്യോടെ അംഗീകരിച്ചു.

പ്രമേയം ഏറ്റവുമധികം ആരെ ബാധിക്കുന്നുവോ അവരതിനെ അവഗണിച്ചു. സാർവ്വദേശീയസംഘർഷാവസ്ഥ മൂർച്ഛിപ്പിക്കാൻ അവർ തുടർന്നു ശ്രമിച്ചു. താമസിയാതെ അവരുടെ ശ്രമങ്ങൾ വിജയമാകുടം ചാർത്തുകയും ചെയ്തു; കൊറിയയിൽ യുദ്ധം ആളിപ്പിടിച്ചു.

കൊറിയ യുദ്ധത്തിലകപ്പെട്ട ആ ദുർഘടം പിടിച്ച നാളുകളിലാണ് സമാധാനസംരക്ഷണത്തെ സംബന്ധിച്ച ഒരു ഡിക്രി സോവിയറ്റ് യൂണിയൻ അംഗീകരിച്ചത്. ഏതുതരം യുദ്ധപ്രചാരവേലയും മനുഷ്യസമുദായത്തിനെതിരായി ചെയ്യുന്ന ഏറ്റവും കടുത്ത കുറ്റമാക്കിക്കൊണ്ടും യുദ്ധപ്രചരണം നടത്തുകയെന്ന കുറ്റം ചെയ്യുന്നവർ അപകടകാരികളായ ക്രിമിനൽ പുള്ളികളെപ്പോലെ വിചാരണയ്ക്ക് വിധേയരാക്കിക്കൊണ്ടുമുള്ള ഒരു നിയമം 1951 മാർച്ച് 12-ാംതീയതി യു. എസ്. എസ്. ആർ. സുപ്രീംസോവിയറ്റ് പാസ്സാക്കി. 1917-ലെ ഒക്ടോബർവിപ്ലവം കഴിഞ്ഞ ഉടൻ പുറപ്പെട്ടുവിച്ചതും അന്നു സാർവ്വദേശീയാന്തരീക്ഷത്തെ വിഷമയമാക്കിയ വർദ്ധമാനമായ യുദ്ധാപസ്സാരത്തിനെതിരെ തിരിച്ചുവിടപ്പെട്ടതുമായ ലെനിന്റെ സമാധാനഡിക്രിയുടെ സ്വാഭാവികഫലവും അതിന്റെ വികാസവുമായിരുന്ന സമാധാനസംരക്ഷണം സംബന്ധിച്ച ഈ ഡിക്രി.

സോവിയറ്റ് പത്രങ്ങൾ ഒരിക്കലുംതന്നെ യുദ്ധപ്രചരണത്തിൽ ഏർപ്പെട്ടിട്ടില്ല; യുദ്ധത്തിനു് ആഹ്വാനംചെയ്യുന്ന ഒരാളും സോവിയറ്റ് യൂണിയനിലില്ല. അറിയപ്പെടുന്ന ഒരു വസ്തുതയാണിതു്. സോവിയറ്റ് ഭരണഘടനപ്രകാരം രാജ്യത്തിലെ ഏറ്റവുമുയർന്ന നിയമനിർമ്മാണസമിതിയായ യു. എസ്. എസ്. ആർ. സുപ്രീംസോവിയറ്റിനു മറ്റു സ്റ്റേറ്റുകളുടെനേരെ യുദ്ധം പ്രഖ്യാപിക്കാൻ അധികാരമില്ല. യു. എസ്.

എസ്. ആറിന്റെ നേരെ ഒരാക്രമണമുണ്ടായാൽ ഒരു യുദ്ധാവസ്ഥയെ സ്ഥിരീകരിക്കാനോ പരസ്പരസഹായ ഉടമ്പടികളിൽ ഏറ്റെടുത്ത ബാദ്ധ്യതകൾ, യു.എസ്. എസ്. ആറിന്റെ സഖ്യകക്ഷികൾ ആക്രമിക്കപ്പെട്ടുകയാണെങ്കിൽ മാത്രം നിറവേറ്റുകയെന്ന ആവശ്യം ഉറപ്പിക്കാനോ മാത്രമേ അതിനു കഴിയൂ.

എല്ലാ രാജ്യങ്ങളിലുമുള്ള നിയമങ്ങൾ കൊലപാതകത്തിനു ശിക്ഷ കല്പിക്കുന്നുണ്ടെങ്കിൽ, ദശലക്ഷക്കണക്കിനു ജനങ്ങളെ കൂട്ടക്കൊല ചെയ്യുന്ന യുദ്ധത്തെ നീറിപ്പിടിപ്പിക്കാൻ നോക്കുന്നവരെ ശിക്ഷിക്കുകയെന്നതു കൂടുതൽ ആവശ്യമാണെന്ന മുൻവിധിയിൽനിന്നാണ്, സമാധാനസംരക്ഷണത്തെ സംബന്ധിച്ച ഡിക്രി അംഗീകരിക്കുന്നതിനു യു. എസ്. എസ്. ആർ. സുപ്രീംസോവിയറ്റ് മുന്നോട്ടു നീങ്ങിയതു്. അതേ സമയംതന്നെ സമാധാനം ശക്തിപ്പെടുത്തുകയും സോഷ്യലിസ്റ്റ്-മുതലാളിത്ത രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുകയെന്ന നയം സോവിയറ്റ് പാർലിമെണ്ടു് പിൻതുടർന്നു.

നിർഭാഗ്യവശാൽ അനിയന്ത്രിതമായ സൈനിക പ്രചരണം നടക്കുന്ന രാജ്യങ്ങൾ സോവിയറ്റുയൂണിയന്റെ ശബ്ദത്തിനു ചെവികൊടുക്കാൻ കൂട്ടാക്കിയില്ല. യുദ്ധവ്യാപാരത്തിനു് ഒരുതിവരുത്താൻ അവ സ്സാഗ്രഹവുമില്ലായിരുന്നു. അതുപോലെതന്നെ ആറ്റം ആയുധങ്ങൾ നിരോധിച്ചുകൊണ്ടും ആയുധസജ്ജീകര

ണം കറച്ചുകൊണ്ടും മറും അഞ്ചു വൻശക്തികൾക്കി ടയിൽ സമാധാനം ദൃഢീകരിക്കുന്നതിനുള്ള ഒരു സ ന്ധിയുണ്ടാക്കുന്നതിനു സോവിയറുയൂണിയൻ ഉന്നയി ച്ച നിർദ്ദേശങ്ങൾ പാശ്ചാത്യശക്തികൾ തള്ളിക്ക ളഞ്ഞു.

ബലാബലത്തിൽ മാറ്റം

സോവിയറു് സമാധാന മുൻകൈക്കളോടുള്ള പാ ശ്ചാത്യശക്തികളുടെ നിഷേധാത്മകമായ നിലപാട് നിലവിലിരിക്കുന്നതുതന്നെ സാവ്വദേശീയ കാലാവസ്ഥ മെ ച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ യു. എസ്. എസ്. ആർ. തുടർന്നും ആരാഞ്ഞുകൊണ്ടിരുന്നു. യുദ്ധാനന്തര വർഷങ്ങളിൽ സോവിയറുയൂണിയൻ അതിന്റെ സായു ധശക്തികളിൽ വൻതോതിൽ പലതരം വെട്ടിക്കുറവു കളും ഏകപക്ഷീയമായി വരുത്തിക്കൊണ്ടും സമാധാ നം കാത്തുസൂക്ഷിക്കുന്നതിനും ലോകത്തിന്റെ പല ഭാ ഗങ്ങളിലും യുദ്ധം തടയുന്നതിനും സഹായകരമായ മറു നടപടികൾ എടുത്തുകൊണ്ടും മറു രാജ്യങ്ങൾ ക്കു സോവിയറു് ഗവർമ്മെണ്ടു് ഒരു മാതൃക കാട്ടി. ഇന്തോചീനയിലും (1954) ഈജിപ്തിലും (1956) സമാധാനപരമായ ഒത്തുതീർപ്പുണ്ടാക്കുന്നതിലും കരീ ബിയൻ കുഴപ്പവും (1962) ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുണ്ടായ സൈനികസംഘട്ടനവും (1966) അവ സാനിപ്പിക്കുന്നതിലും യു. എസ്. എസ്. ആറിനുള്ള പങ്കു് സുവ്യക്തമായ ദൃഷ്ടാന്തമാണു്.

1967 ഗ്രീഷ്മകാലത്തു സോവിയറുയൂണിയൻ മറു സോഷ്യലിസ്റ്റ് രാജ്യങ്ങളുമായി ചേർന്നെടുത്ത നിർണ്ണായകമായ സത്വരനടപടികൾ ഇസ്രായേൽ മദ്ധ്യപൂർവ്വദേശത്തു് അഴിച്ചുവിട്ട ശത്രുതാനടപടികൾ അവസാനിപ്പിക്കുന്നതിൽ സുപ്രധാനമായ ഒരു പങ്കു വഹിച്ചു. ആ പ്രദേശത്തു യുദ്ധത്തിന്റെ ആളിപ്പിടുത്തത്തെ ഉന്മൂലനം ചെയ്തു സമാധാനം പുനഃസ്ഥാപിക്കുന്നതിനു സോവിയറുയൂണിയൻ സർവ്വശ്രമവും നടത്തി.

യുദ്ധം ഒഴിവാക്കുന്നതിനുള്ള സോവിയറുയൂണിയന്റെ പോരാട്ടത്തെ യുദ്ധാനന്തരവർഷങ്ങളിൽ വളരെയധികം ശക്തിനേടി നിലനിന്ന വിപുലമായ സമാധാനമുന്നണി സുഗമമാക്കിത്തീർത്തു. യൂറോപ്പിലേയും ഏഷ്യയിലേയും ഒട്ടേറെ രാജ്യങ്ങൾ സോഷ്യലിസ്റ്റ് വികസനമാർഗ്ഗം സ്വീകരിക്കുകയും, സമാധാനപരമായ സാമ്പത്തികനിർമ്മാണത്തിനു മർമ്മപ്രാധാന്യം കല്പിച്ചുകൊണ്ടുള്ള ലോകസോഷ്യലിസ്റ്റ് വ്യവസ്ഥ ഉദയം ചെയ്യുകയും ചെയ്തു. കൊളോണിയൽ ജനതകളുടെ വീരോചിതമായ ദേശീയസമരങ്ങൾ ഏഷ്യയിലും ആഫ്രിക്കയിലും ദശക്കണക്കിനു സ്വതന്ത്ര സ്റ്റേറുകൾ ഉദയംകൊള്ളുന്നതിലേക്കു നയിച്ചു. ഈ സ്റ്റേറുകൾ ക്രിയാത്മകമായ നിഷ്പക്ഷതയുടെ, അതായതു ചേരിചേരായ്മയുടേയും സമാധാനത്തിന്റെയും, നയം പിന്തുടരുകയാണു്.

ഇന്നത്തെ മർമ്മപ്രധാനമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ലോകപൊതുജനാഭിപ്രായത്തിനും വിപു

ലമായ ബഹുജനങ്ങൾക്കുമുള്ള പങ്ക് യുദ്ധാനന്തരവർഷങ്ങളിൽ വളരെയധികം വർദ്ധിച്ചിരിക്കുന്നു. ലോകവ്യാപകമായ സമാധാനപ്രസ്ഥാനം വിവിധ വർഗ്ഗങ്ങളേയും വ്യത്യസ്ത രാഷ്ട്രീയ-മതവിശ്വാസങ്ങളോടുകൂടിയ ജനങ്ങളേയും ആശ്ലേഷിക്കുന്നു. ആയുധപ്പന്തയം അവസാനിപ്പിക്കാനും എല്ലാ തർക്കപ്രശ്നങ്ങളും കൂടിയാലോചനവഴി ഒത്തുതീരാനും വ്യത്യസ്തസാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാജ്യങ്ങൾ തമ്മിൽ സൗഹൃദപരമായ ബന്ധങ്ങൾ അഭിവൃദ്ധിപ്പെടുത്താനും അവ ആവശ്യപ്പെടുന്നു.

ഒരു പുതിയ ലോകയുദ്ധത്തിന്റെ വിപത്തിനെതിരായ പോരാട്ടത്തിൽ സോവിയറ് സമാധാനപ്പോരാളികൾ വിലപ്പെടുത്തപ്പെടുള്ള സംഭാവന നൽകുന്നു. സമാധാന പ്രസ്ഥാനത്തിന്റെ എല്ലാ സാർവ്വദേശീയ സംരംഭങ്ങളിലും അവർ സജീവമായ പങ്കു വഹിക്കുന്നു. കാരണം കൂട്ടായ യത്നവും എല്ലാ സമാധാനശക്തികളുടേയും ഉറച്ച നിലയിലുള്ള ബഹുജനപ്രവർത്തനവും കൊണ്ടു മാത്രമേ യുദ്ധത്തെ തടയാൻ കഴിയൂ എന്നവർ വിശ്വസിക്കുന്നു.

രാഷ്ട്രീയശക്തികളുടെ ബലാബലത്തിൽ സമാധാനത്തിൻറേയും ജനാധിപത്യത്തിൻറേയും സോഷ്യലിസത്തിൻറേയും ശക്തികൾക്കനുകൂലമായുണ്ടായ വമ്പിച്ച മാറ്റം, സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും സമാധാനപ്രേമികളായ സോഷ്യലിസ്റ്റിതര സ്റ്റേറുകളുടേയും സൂ

വ്വദേശീയ തൊഴിലാളിവർഗ്ഗത്തിന്റെയും സമാധാനം പിൻതുടരുന്ന എല്ലാ ശക്തികളുടേയും സംയുക്തശ്രമങ്ങൾക്കു് ഇന്നത്തെ ചുറ്റുപാടുകളിൽ ഒരു ലോകയുദ്ധം ഒഴിവാക്കാൻ കഴിയുമെന്ന നിഗമനത്തിലെത്താൻ സോവിയറ്റ് കമ്മ്യൂണിസ്റ്റുംകാക്കു സാദ്ധ്യമാക്കിത്തീർത്തിരിക്കുന്നു. ഇതു നേടുന്നതിനു സാമ്രാജ്യത്വ സ്റ്റേറുകളുടെ ആക്രമണനയത്തിന്റെ എല്ലാ പ്രകടനങ്ങളേയും തുരത്തുകയെന്നതും വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളോടുകൂടിയ രാജ്യങ്ങൾ തമ്മിൽ സമാധാനപരമായ സഹവർത്തിത്വം എന്നതിന്റെ തത്വങ്ങൾ ദൃഢനിശ്ചയത്തോടെ ഉയർത്തിപ്പിടിക്കുകയെന്നതും ആവശ്യമാണു്.

തത്വങ്ങൾ ജീവിതത്തിലേക്കു പകർത്തപ്പെടുന്നു

സമാധാനപരിപാടിയും അതിന്റെ ശത്രുക്കളും

സാങ്കേതികശാസ്ത്രത്തിന്റെയും ഗതാഗതത്തിന്നും വാർത്താവിനിമയത്തിനുമുള്ള നവീനമാർഗ്ഗങ്ങളുടേയും വളർച്ച, ഏറെക്കുറെ നമ്മുടെ ഗ്രഹത്തെ ചെറുതാക്കിത്തീർത്തിരിക്കുന്നു; രാജ്യങ്ങളേയും ഭൂഖണ്ഡങ്ങളേയും പരസ്പരം കൂടുതൽ അടുപ്പിച്ചിരിക്കുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള സാംസ്കാരികബന്ധങ്ങളെ അതു വിശാലമാക്കി. രാജ്യങ്ങളുടെ അന്യോന്യാശ്രയം അതു വർദ്ധിപ്പിക്കുകയും ചെയ്തു. കൂട്ടായ നശീകരണത്തിനുള്ള ആയുധങ്ങളുടെ നിർമ്മാണവും ഭൂഗോളത്തിന്റെ ഏതൊരു ബിന്ദുവിലും അവ ഫലപ്രദമായി കൊള്ളിക്കാനുള്ള മാർഗ്ഗങ്ങളും പ്രയോജനകരമായ ഈ സാമീപ്യത്തെ ആപൽക്കരമാക്കി മാറ്റിയിരിക്കുന്നു. ഒരു സംഘട്ടനം എവിടെ പൊട്ടിപ്പുറപ്പെട്ടാലും ഇന്നു് ഒരൊറ്റ രാജ്യത്തിന്നും, ഭൂമിശാസ്ത്രപരമായി അതിന്റെ കിടപ്പു എങ്ങിനെയിരുന്നാലും, അതു തങ്ങളെ ബാധിക്കാതെ കഴിയാമെന്നു വിശ്വസിച്ചുകൂടാ. യൂറോപ്പിലാണു് ഒരു

യുദ്ധമാരംഭിക്കുന്നതെങ്കിൽ അമേരിക്കയിലോ ആസ്ട്രേലിയയിലോ ഉള്ള ദശലക്ഷക്കണക്കിനു ജനങ്ങൾക്കു മരണം വരുത്താനതിനു കഴിയും. അതുകൊണ്ടു യുദ്ധം ഒഴിവാക്കുകയും സ്റ്റേറുകൾ തമ്മിൽ സമാധാനപരമായ സൌഹൃദബന്ധങ്ങൾ വളർത്തുകയും ചെയ്യുക എന്ന പ്രശ്നം ഇന്നു മുമ്പെന്നത്തേക്കാളും അടിയന്തരപ്രാധാന്യമുള്ളതാണു്.

പുതിയ ചരിത്രപരിതഃസ്ഥിതികൾക്കനുയോജ്യമായി, പറയാൻ കഴിയാത്ത ദുരിതങ്ങളോടുകൂടിയ ഒരു പുതിയ യുദ്ധത്തെ തടയുന്നതിനു് ഭഗീരഥശ്രമം ചെയ്തുകൊണ്ടു് സോവിയറു് കമ്യൂണിസ്റ്റു് പാർട്ടി വ്യത്യസ്ത സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥകളോടുകൂടിയ സ്റ്റേറുകളുടെ സമാധാനപരമായ സഹവർത്തിത്വമെന്ന നയത്തിന്റെ മൌലികതത്വങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു. 22-ാംകോൺഗ്രസ്സു് അംഗീകരിച്ച സി. പി. എസ്. യു. പരിപാടിയിൽ അടങ്ങിയ ആ തത്വങ്ങൾ ഇവയാണു്: രാഷ്ട്രാന്തരീയ തർക്കങ്ങൾ ഒതുക്കിത്തീർക്കുന്നതിനു ഒരു മാർഗ്ഗമെന്നനിലക്കു് യുദ്ധത്തെ നിരാകരിക്കുകയും കൂടിയാലോചനവഴി അവസ്സു് പരിഹാരം കാണുകയും ചെയ്യുക; രാജ്യങ്ങൾ തമ്മിൽ തുല്യതയും പരസ്പര ധാരണയും വിശ്വാസവും; അന്യോന്യ താല്പര്യങ്ങളുടെ പരിഗണന; ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുക; എല്ലാ ജനങ്ങൾക്കും താന്താങ്ങളുടെ രാജ്യങ്ങളിലെ എല്ലാ പ്രശ്നങ്ങളും സ്വയം തീരുമാനിക്കാനുള്ള അവകാശം അംഗീകരിക്കുക; എല്ലാ രാജ്യങ്ങളുടേയും പര

മാധികാരത്തോടും ഭ്രപരമായ അവിച്ഛിന്നതയോടും കണിശമായ ആദരവു്; തികഞ്ഞ തുല്യതയുടേയും പരസ്പര ഗ്രണത്തിന്റെയും അടിസ്ഥാനത്തിൽ സാമ്പത്തിക സാംസ്കാരിക സഹകരണം വളത്തൽ.

മുതലാളിത്തത്തിന്നുമേൽ കമ്യൂണിസത്തിന്റെ പരിപൂർണ്ണവിജയം നേടുന്നതിന്നുള്ള സോവിയറിന്റെ തന്ത്രപരമായ ഒരു അടവാണെന്നു് പറഞ്ഞുകൊണ്ടു മുതലാളിത്ത പ്രത്യയശാസ്ത്രക്കാർ ഈ തത്വങ്ങളെ ദുർവ്യാഖ്യാനിക്കാൻ ശ്രമിക്കുന്നു. മുതലാളിത്തം കാലഹരണപ്പെട്ടുവെന്നും സോഷ്യലിസം അതിനെ പകരം വെക്കുകയാണെന്നുമുള്ള കമ്മ്യൂണിസ്റ്റഭിപ്രായഗതിയെ അവർ ചൂണ്ടിക്കാണിക്കുന്നു.

സോവിയറു് കമ്മ്യൂണിസ്റ്റുകാർ സ്വന്തം അഭിപ്രായഗതികളെ മറച്ചുപിടിക്കുന്നില്ല; മുതലാളിത്തരാജ്യങ്ങളിൽ സോഷ്യലിസം വിജയംവരിക്കുംവരെ വർഗ്ഗസമരം തുടന്നുപോകുമെന്നു് അവർ പറയുന്നു. എന്നാൽ വിപ്ലവങ്ങളും വർഗ്ഗപരമായ പോരാട്ടങ്ങളും ജനങ്ങളുടെ ഒരാഭ്യന്തരകാര്യമാണു്. സ്റ്റേറുകൾ തമ്മിലുള്ള സമാധാനപരമായ സഹവത്തിത്വമെന്ന തത്വം സ്റ്റേറുകൾക്കകത്തെ വർഗ്ഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾക്കു് ബാധകമാകുന്നില്ല. അതുപോലെ മർദ്ദകരും മർദ്ദിതരും തമ്മിലുള്ള കോളനിമേധാവികളും അവക്കിരയായിത്തീരുന്നവരും തമ്മിലുള്ള, ബന്ധങ്ങൾക്കും അതു് ബാധകമാക്കാൻ വയ്യ. കോളനിമേധാവിത്വത്തി

ന്നതിനായ ദേശീയവിമോചനപ്രസ്ഥാനം തങ്ങളുടെ കാര്യങ്ങൾ സ്വയം തീരുമാനിക്കാൻ ഓരോ ജനതയ്ക്കുമുള്ള അവകാശത്തിന്റെ മൂർത്തീകരണമാണ്.

സോവിയറുയൂണിയൻ വാക്കുകളിൽ സമാധാനപരമായ സഹവർത്തിത്വം എന്ന നയം ഉൽഘോഷിക്കവേതന്നെ പ്രായോഗികമായി മറു രാജ്യങ്ങളിലേക്ക് വിപ്ലവം കയറ്റിയയയ്ക്കാൻ ശ്രമിക്കയാണെന്ന് തെറ്റിദ്ധരിപ്പിച്ചുപറയുന്നവർക്ക് ശരിക്കും തെറ്റുപറ്റിയിരിക്കുന്നു. ഏതെങ്കിലും ഒരു സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥ രാഷ്ട്രങ്ങളുടെമേൽ അടിച്ചേല്പിക്കുന്നതിനു് ബദ്ധവിരോധികളാണ് കമ്മ്യൂണിസ്റ്റുകാർ. വിപ്ലവം കയറ്റി അയക്കുകയെന്നതു് മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ സത്തയ്ക്കുതന്നെ കടകവിരുദ്ധമാണ്. ഒരു രാജ്യത്തു് സോഷ്യലിസ്റ്റ് വിപ്ലവമുണ്ടാകുന്നതിനു് ആഭ്യന്തരപ്രക്രിയകളും ആഭ്യന്തരവൈരുദ്ധ്യങ്ങളും ആവശ്യമാണ്.

സോവിയറു് സ്റ്റേറ്റിനു് ഒരിക്കലും തന്നെ "വിപ്ലവം കയറ്റുമതി ചെയ്യൽ" അതിന്റെ ലക്ഷ്യമായിരുന്നിട്ടില്ല. 1918-ൽതന്നെ ലെനിൻ എഴുതി:

> "...ഒരു വിദേശരാജ്യത്തു് ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ഉത്തരവു നൽകി വിപ്ലവമുണ്ടാക്കാമെന്നു് വിശ്വസിക്കുന്ന ആളുകളുണ്ടു്. ഇക്കൂട്ടർ ഒന്നുകിൽ ഭ്രാന്തന്മാരാണു്, അല്ലെങ്കിൽ പ്രകോപനം സൃഷ്ടിക്കുന്നവരാണു്. ഉത്തരവു

പ്രകാരമോ കരാറുവഴിയോ വിപ്ലവമുണ്ടാക്കാൻ കഴിയില്ലെന്നു് നമുക്കറിയാം; പഴയമട്ടു് ഇനി ജീവിക്കാൻ സാദ്ധ്യമല്ലെന്നു് ദശദശലക്ഷക്കണക്കിനു ജനങ്ങൾ നിശ്ചയിക്കുമ്പോൾ അതു് പൊട്ടിപ്പുറപ്പെടുന്നു.''

1919-ൽ ചിക്കാഗോ ഡെയ്‌ലി ന്യൂസിന്റെ ലേഖകൻ ലെനിനുമായി ഒരു കൂടിക്കാഴ്ച നടത്തിയപ്പോൾ, മറ്റു സ്റ്റേറുകളുടെ ആഭ്യന്തരകാര്യങ്ങളിൽ തീരേ ഇടപെടുകയില്ലെന്നു് ഉറപ്പുനൽകാൻ സോവിയറുഗവമ്മേണ്ടു് സന്നദ്ധമാണെന്നു് ലെനിൻ പറഞ്ഞു.

സോഷ്യലിസം അനിവാര്യമായും മുതലാളിത്തത്തെ പകരംവെയ്ക്കുമെന്നു് കമ്യൂണിസ്റ്റുകാക്കുറപ്പുണ്ടു്; വിപ്ലവം 'കയറി അയ'ച്ചിട്ടല്ല; പ്രത്യുത, അതിന്റെ മെച്ചങ്ങൾ മുതലാളിത്തരാജ്യങ്ങളിലെ ജനങ്ങൾക്കു് ഒരിക്കൽ ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ സോഷ്യലിസ്റ്റു് വ്യവസ്ഥ അവർ സ്വയം അംഗീകരിച്ചുകൊള്ളും.

സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്വങ്ങൾ ഉൽഘോഷിക്കുമ്പോൾ, സോവിയറുയൂണിയൻ അതിന്റെ പ്രത്യയശാസ്ത്രത്തെ, കമ്യൂണിസ്റ്റാശയങ്ങളുടെ വിജയത്തിലുള്ള അഗാധമായ വിശ്വാസത്തെ, കൈവെടിയുന്നില്ല — മുതലാളിത്തത്തിന്റെ ശാശ്വതമായ മേധാവിത്വത്തിലുള്ള വിശ്വാസം പാശ്ചാത്യരാജ്യങ്ങൾ കൈവെടിയുമെന്ന പ്രതീക്ഷ സോവിയറുയൂ

ണിയന്നില്ലാത്തപോലെത്തന്നെ. ആരാണ് ശരിയെന്നും ആരുടെ പ്രത്യയശാസ്ത്രമാണ് മനുഷ്യസമുദായത്തിന്നു കൂടുതൽ ഗുണകരമെന്നും കാലം തെളിയിക്കും. നാഗരികതയെ നശിപ്പിക്കുവാൻ മാത്രം കഴിയുന്ന ആയുധശക്തികൊണ്ടല്ലാതെ സമാധാനപരമായ മാർഗ്ഗത്തിലൂടെ മാത്രം ഒരാൾ സ്വന്തം കേസ്സ് തെളിയിക്കണം. സോഷ്യലിലിസ്റ്റ് വ്യവസ്ഥയും മുതലാളിത്തവ്യവസ്ഥയും നമ്മുടെ ഗ്രഹത്തിൽ നിലനില്ക്കുന്നിടത്തോളം കാലം അവ തമ്മിലുള്ള ബന്ധങ്ങൾ സോവിയറ്റ് ചിന്താരീതിയനുസരിച്ചു സാമ്പത്തികമായും സാംസ്കാരികമായും ഗുണകരമായിരിക്കണം; ഒരു കടുത്ത പോരാട്ടത്തിനു തൊട്ടുമുമ്പ് ഒന്നു ശ്വാസംകഴിക്കാനുള്ള സന്ദർഭംപോലെയാകാൻ പാടില്ല.

ഇപ്പോഴും പാശ്ചാത്യദേശത്തു് വ്യാപകമായി നിലനില്ക്കുന്ന "വിപ്ലവത്തിന്റെ കയറ്റുമതി"യെ സംബന്ധിച്ച സംസാരം സോവിയറ്റുയൂണിയനുമായും മറ്റു സോഷ്യലിസ്റ്റ് സ്റ്റേറ്റുകളുമായും സമാധാനപരമായ സഹവർത്തിത്വത്തിന്റെ അടിസ്ഥാനത്തിൽ സഹകരിക്കാനുള്ള ചില മുതലാളിത്തവൃത്തങ്ങളിലെ വിസമ്മതത്തെ ന്യായീകരിക്കാനാണുപയോഗിക്കുന്നതു്.

സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്വങ്ങൾ പല പാശ്ചാത്യരാജ്യങ്ങളും നെടുനാളായി പിൻതുടർന്നുവരുന്ന നയങ്ങൾക്കു് തീരേ വിരുദ്ധമാണെന്നും അവ ഉപേക്ഷിക്കാൻ അവർ കൂട്ടാക്കുന്നില്ലെന്നുമുള്ളതു

കൊണ്ടാണ് ഈ വൈമനസ്യം. അസംഖ്യം ദൃഷ്ടാന്തങ്ങൾ ക്ഷണംകൊണ്ട് ഓർമ്മയിൽ വരുന്നു. പാശ്ചാത്യസ്റ്റേറുകൾ അന്യരാജ്യങ്ങളുടെ താല്പര്യങ്ങളെ അവഗണിക്കുന്നു. സ്വന്തം പങ്കാളികളുടെ ചിലവിൽ സാമ്പത്തിക കരാറുകളുണ്ടാക്കി ലാഭമടിക്കാൻ നോക്കുന്നു. ദുർബ്ബലരാഷ്ട്രങ്ങളെ സാമ്പത്തികമായി അടിമപ്പെട്ടുത്തുന്നു.

ആക്രമണത്തിന്റെ സിദ്ധാന്തവും പ്രയോഗവും

പാശ്ചാത്യരാജ്യങ്ങൾക്കുള്ള കാര്യമായ എതിർപ്പ് സമാധാനപരമായ സഹവർത്തിതത്തോടും അന്യോന്യം ആഭ്യന്തരകാര്യങ്ങളിൽ ഇടപെടരുതെന്നു് പ്രഖ്യാപിക്കുന്ന തത്വത്തോടും, എല്ലാ രാജ്യങ്ങളുടേയും പരമാധികാരത്തെയും ഭൂപരമായ അവിച്ഛിന്നതയേയും അഗാധമായി ആദരിക്കണമെന്നതിനോടുമാണു്. മറു രാജ്യങ്ങൾ എന്തു് രാഷ്ട്രീയഭരണം സ്വീകരിക്കണമെന്നു് തീരുമാനിക്കാനുള്ള അവരുടെ അവകാശം ചില പാശ്ചാത്യനേതാക്കൾ കയ്യടക്കുന്നു. മറു രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ അവർ ഇടപെടുന്നു, ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ട അഴിമതിഭരണങ്ങളെ രക്ഷിക്കാൻ ഈ രാജ്യങ്ങളിലേക്കു് പട്ടാളങ്ങളെ അയയ്ക്കുന്നു. വിപ്ലവം കയറിയടക്കുന്നുവെന്നു് സോവിയറുയൂണിയന്റെ മേൽ കുറ്റമാരോപിക്കുന്ന അവർതന്നെ പരസ്യമായി പ്രതിവിപ്ലവം കയറിയടക്കുന്നു.

ഇക്കാര്യത്തിൽ ലാറ്റിൻ അമേരിക്ക ഒരുദാഹരണമാണ്. അവിടത്തെ ഒട്ടേറെ രാജ്യങ്ങളിൽ യു. എസ്. നയതന്ത്രവിദഗ്ദ്ധരുടേയും ഡോളറിന്റേയും സഹായത്തോടുകൂടി പൊക്കിനിർത്തപ്പെട്ട ജനപിന്തുണയില്ലാത്ത ഭരണകൂടങ്ങൾക്ക് വാഷിങ്ടണിന്റെ വിശ്വാസവും പിന്തുണയുമുണ്ട്. ക്യൂബയിലെ ജനങ്ങളുടെ പിന്തുണയുള്ള ക്യൂബൻവിപ്ലവം യു. എസ്. ഭരണവൃത്തങ്ങളെ ഈറപിടിപ്പിച്ചു; അവിടത്തെ ജനാധിപത്യത്തെ മറിച്ചിടാൻ അവർ വീണ്ടും വീണ്ടും ശ്രമിച്ചു, മാത്രവുമല്ല പുന്താ ടെൽ എസ്സ്റെയിൽ 1962ൽ കൂടിയ സമ്മേളനം, ക്യൂബൻഗവർമ്മെണ്ട് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രമാണത്തിൽ ഒട്ടിനില്ക്കുന്നതുകൊണ്ട് അതു് ലാറ്റിൻ അമേരിക്കൻ സമ്പ്രദായത്തിന്റെ തത്വങ്ങൾക്കു് അനുയോജ്യമല്ല എന്നു പറയുന്ന ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു. വ്യക്തമായും ഈ പ്രമേയം സാർവ്വദേശീയ നിയമത്തിനും യു. എൻ. ചാർട്ടറിനും അനുയോജ്യമല്ല. തങ്ങളുടെ സമ്പ്രദായം മറ്റു രാഷ്ട്രങ്ങളുടെ മേൽ അടിച്ചേല്പിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന നിലയ്ക്കു് യു. എസ്. നേതാക്കൾ പുറപ്പെടുവിച്ച അസംഖ്യം പ്രസ്താവനകൾക്കു് എതിരായതാണതു്. ഏതു് ലാറ്റിനമേരിക്കൻ രാജ്യത്തിനും ആ ഭൂഭാഗത്തെ ഏതു് ദേശീയവിമോചനപ്രസ്ഥാനത്തിനുമെതിരായ ആക്രമണനടപടികൾക്കുള്ള ഒരു താത്വികാടിസ്ഥാനം "അനുയോജ്യമല്ലാത്ത പ്രമാണം" എന്നതാണു്. ഇനി നമുക്കു് ഏഷ്യയിലേക്കു് തിരിയാം.

ദക്ഷിണവിയറ്റ്നാമിൽ അമേരിക്കക്കാർ ഒരു വെറുക്കപ്പെട്ട ഭരണകൂടത്തെ കാത്തുരക്ഷിക്കുകയാണ്. യു. എസ്. പിന്തുണയില്ലെങ്കിൽ ഒരാഴ്ചയത്തു് നിലനില്ക്കില്ല. അഴിമതി നിറഞ്ഞ സൈഗോൺ കൂട്ടുകെട്ടിനെ തുരത്താൻ ഉണർന്നെണീറ്റ ജനങ്ങളുടെ ന്യായമായ രോഷത്തെ ആയുധശക്തികൊണ്ടു് അടിച്ചമർത്താൻ ശ്രമിക്കുകവഴി യുണൈറ്റഡ് സ്റ്റേറ്റ്സ് ദക്ഷിണവിയറ്റ്നാമിന്റെ ആഭ്യന്തരകാര്യങ്ങളിൽ വളരെ പ്രാകൃതമായി ഇടപെട്ടുകൊണ്ടിരിക്കുകയാണു.

അമേരിക്ക മറ്റു സ്റ്റേറ്റുകളുടെ ആഭ്യന്തരകാര്യങ്ങളിൽ കയ്യിടുന്നതിനെ വെള്ളയടിച്ചു കാണിക്കാൻ പാശ്ചാത്യദേശത്തു കുറേ ആളുകൾ മിനക്കെടുന്നുണ്ടു്. ഡി. ഗ്രേബർ തന്റെ "വിഷമഘട്ടത്തിലെ നയതന്ത്രം: യു. എസ്. ഇടപെടൽ നയങ്ങളുടേയും നടപടികളുടേയും ഒരു ചരിത്രം" എന്ന പുസ്തകത്തിൽ ഇങ്ങിനെ സമ്മതിക്കുന്നു:

> "...ലോകത്തിന്റെ പല ഭാഗങ്ങളിലും വൻതോതിലും വർദ്ധമാനമായും അമേരിക്കൻ ഇടപെടലുകൾ ഉണ്ടായിട്ടും, അതു് സമ്മതിക്കുകയും അമേരിക്കൻ നയത്തെ ന്യായീകരിക്കുന്നതിനുള്ള രാഷ്ട്രീയവും നിയമപരവുമായ കാരണങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നതിനു പകരം ഒരു മുറപോലെ ആ ഇടപെടലുകളെത്തന്നെ നിഷേധി

ക്കുകയാണു് അമേരിക്കൻ സ്റ്റേററു ഡിപ്പാർട്ടുമെണ്ടു് ചെയ്യുന്നതു്.''

അമേരിക്കൻ സാമൂഹ്യശാസ്ത്രജ്ഞനായ കെ. ഇഗിൾടൺ യു. എസ്. ഇടപെടലിനെ വിശദീകരിക്കാൻ സമരതന്ത്രപരവും സാമ്പത്തികവുമായ പരിഗണനകളാണു് മുന്നോട്ടുവെക്കുന്നതു്. പ്രൊഫസർ ജി. ബെൺഹാം കുറേക്കൂടി മുന്നോട്ടുപോകുന്നു: ''മറ്റു രാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുക എന്ന പ്രമാണം—ഒരു തൊള്ളപ്പിട്ടിലും നിസ്സാരമായിക്കഴിഞ്ഞിട്ടുണ്ടതു്—അപ്പടി തള്ളിക്കളയണം'' എന്നാണു് അദ്ദേഹം പറയുന്നതു്.

സ്വാഭാവികമായും സാമ്രാജ്യത്വക്കുവച്ചുയുമായോ അതിനെ ന്യായീകരിക്കുന്ന സിദ്ധാന്തങ്ങളുമായോ യോജിക്കാൻ സോവിയറ്റ് യൂണിയനു് കഴിയുകയില്ല. അത്തരം സിദ്ധാന്തങ്ങളും നടപടികളും മറ്റു സ്റ്റേററുകളുടെ ആഭ്യന്തരകാര്യങ്ങളിൽ ഏതുകാരണം പറഞ്ഞു ഇടപെടുന്നതിനേയും നിരോധിക്കുന്ന യു. എൻ. ചാർട്ടറിനേയും സാർവ്വദേശീയ നിയമത്തിന്റെ പ്രാഥമിക തത്വങ്ങളേയും പച്ചയായി ലംഘിക്കുകയാണു്. സ്വന്തം ഗവർമ്മെണ്ടിന്റെയും സ്റ്റേററിന്റെയും രൂപവും സാമ്പത്തികഘടനയും തിരഞ്ഞെടുക്കാനുള്ള ജനങ്ങളുടെ പരമമായ അവകാശത്തെ അപഹരിക്കാൻ ആക്രമം കഴിയില്ല. ഇനി, ഒരു ഗവർമ്മെണ്ടിന്റെ നിർദ്ദിഷ്ട രൂപമോ സാമ്പത്തികഘടനയോ തങ്ങളുടെ താല്പര്യ

ങ്ങൾക്കു് പററില്ലെന്നു് ജനങ്ങൾ തീരുമാനിക്കുകയാണെങ്കിൽ അതു മാററാൻ അവക്കവകാശമുണ്ടു്.

മഹാനായ അമേരിക്കൻ ജനാധിപത്യവാദി തോമസ് ജഫേഴ്സൻ 18–ാം നൂററാണ്ടിൽത്തന്നെ ഇതിനെപ്പററി അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു:

> "എപ്പോഴെങ്കിലും ഏതെങ്കിലും തരത്തിൽപ്പെട്ട ഗവർമ്മെണ്ടു് നാശകരമായിത്തീരുന്നുവെങ്കിൽ...അതിനെ മാററുകയോ പൊളിച്ചുനീക്കുകയോ ചെയ്യുകയെന്നതും, തങ്ങളുടെ സുരക്ഷിതത്വത്തിനും സന്തോഷത്തിനും ഏററവും പററിയതെന്നു് തോന്നുന്ന തത്വങ്ങളിന്മേൽ അടിസ്ഥാനപ്പെടുത്തിക്കൊണ്ടും തദനുസൃതമായി അതിന്റെ അധികാരങ്ങളെ സംഘടിപ്പിച്ചുകൊണ്ടും ഒരു പുതിയ ഗവർമ്മെണ്ടു് സ്ഥാപിക്കുകയെന്നതും ജനങ്ങളുടെ അവകാശമാണു്."

പല രാജ്യങ്ങളുടെ കാര്യത്തിലും യു എസ്. എ. എടുത്തു കയ്യാംകളി കളിക്കുന്ന സാർവ്വദേശീയ ജണ്ടാമ്മിയുടെ പങ്കിനെ ജഫേഴ്സൻ ഒരിക്കലും അംഗീകരിക്കുമായിരുന്നില്ല.

സോവിയററു്–യു. എസ്. ബന്ധങ്ങളെപ്പററി

അടുത്ത വർഷങ്ങളിൽ സോവിയററു് യു. എസ്. ബന്ധങ്ങളിലുണ്ടായ വിഷമാവസ്ഥയെ അകൃതിമാനാ

യ ആ പാശ്ചാത്യശക്തിയുടെ ആക്രമണനയത്താലും മറ്റു രാഷ്ട്രങ്ങളുടെ പരമാധികാരത്തോടും ഭൂപരമായ അലംഘനീയതയോടും അതിനുള്ള അവജ്ഞയാലും വിശദീകരിക്കാവുന്നതാണ്.

വിയറ്റ്നാമിൽ യുദ്ധം വ്യാപിപ്പിച്ചുകൊണ്ടിരിക്കെ സോവിയറ്റ് യൂണിയനുമായും മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുമുള്ള ബന്ധങ്ങൾ വിപുലീകരിക്കുമെന്നും മെച്ചപ്പെടുത്തുമെന്നും യു. എസ്. നേതാക്കൾ കരുതുന്നത് വിചിത്രമാണ്. സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്വങ്ങൾ യു. എസ്സ്. എ: യു. എസ്സ്. എസ്സ്. ആർ. ബന്ധങ്ങളുടെ കാര്യത്തിൽ സമ്മതിക്കുവാൻ തയ്യാറാണെന്ന് അവർ സൂചിപ്പിക്കുകൂടി ചെയ്യുന്നു. അതേസമയം ഈ തത്വം ശക്തികുറഞ്ഞ രാജ്യങ്ങളുടെ കാര്യത്തിൽ മാറ്റിവെക്കുകയും, മറ്റു രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ സൈനികമായി നേരിട്ട് ഇടപെടുക എന്ന ഒരു നയം പകരം വെക്കുകയും ചെയ്യുന്നു. പ്രസിഡണ്ട് ജോൺസൻ ഈ ശൈലിയിൽ ഇടയ്ക്കിടെ സംസാരിക്കുകയുണ്ടായി.

പക്ഷെ യു. എസ്സ്. നേതാക്കൾ ആത്മവഞ്ചനയിൽ മുഴുകേണ്ടതില്ല. ഒരു കൈകൊണ്ട് യുദ്ധത്തിന്റെ ബട്ടണമർത്തുകയും മറേറ കൈ സൌഹൃദസൂചകമായി കാപട്യത്തോടെ സോവിയറ്റ് യൂണിയന്റെ നേരെ നീട്ടുകയും ചെയ്യാൻ കഴിയില്ല. മറ്റു രാഷ്ട്രങ്ങളുടെ ചിലവിൽ വൻരാഷ്ട്രങ്ങൾക്ക് തങ്ങളുടെ ബന്ധങ്ങൾ

സൃഷ്ടിക്കാൻ കഴിയുമെന്ന വീക്ഷണഗതിയെ സോവിയറ്റ് യൂണിയൻ ഖണ്ഡിതമായും നിരാകരിക്കുന്നു. സമാധാനപരമായ സഹവർത്തിത്വമെന്ന തത്വം സാർവ്വത്രികമാണ്. അതംഗീകരിക്കുന്ന സ്റ്റേറുകൾ വലുതും ചെറുതുമായ എല്ലാ രാജ്യങ്ങളോടും ഒരു തുല്യമായ നയം കൈക്കൊള്ളണം.

സാർവ്വദേശീയ പിരിമുറുക്കങ്ങൾ കുറയ്ക്കുന്നതിനുള്ള അഭിലാഷത്തെപ്പറ്റി പൊള്ളയായ വാക്കുകളല്ല യുനൈറ്റഡ് സ്റ്റേറ്റ്സിൽനിന്ന് സോവിയറ്റ് യൂനിയൻ ആഗ്രഹിക്കുന്നത്. സമൂർത്തമായ പ്രവർത്തനങ്ങളാണ്. 1954 ലെ ജനീവാ കരാറിൽ തീരുമാനിച്ചപോലെ, വിയറ്റ്നാമിലെ അമേരിക്കൻ ആക്രമണം നിർത്തുകയും അമേരിക്കൻ പട്ടാളങ്ങളെ അവിടെനിന്നു പിൻവലിക്കുകയും സ്വന്തം കാര്യങ്ങൾ തീരുമാനിക്കാൻ വിയറ്റ്നാം ജനങ്ങൾക്കുള്ള അവകാശം അംഗീകരിക്കുകയുമാണ് ഏറ്റവും അടിയന്തിരമായ ആവശ്യം. അത്യന്താപേക്ഷിതമായ ഈ ഉപാധികൾ പ്രാവർത്തികമാക്കിയാൽ ലോകത്തിലെ സംഘർഷാവസ്ഥയിൽ പൊതുവായ ഒരയവുണ്ടാവുന്നതിനും സോവിയറ്റ്-യു. എസ്. ബന്ധങ്ങൾ മെച്ചപ്പെടുന്നതിനും സഹായകമാകും. സമാധാനപരമായ സഹവർത്തിത്വത്തിന്റെ നയത്തിനു അടിസ്ഥാനപരമായി വേണ്ട കാര്യങ്ങളിൽനിന്നു ഉരുത്തിരിഞ്ഞതാണ് ഈ സോവിയറ്റ് നിലപാട്.

പരസ്പരധാരണയുടെയും സൗഹൃദ്ബന്ധത്തിന്റെയും അടിസ്ഥാനത്തിൽ

സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്വങ്ങളാണ് മുതലാളിത്തരാജ്യങ്ങളുമായുള്ള സോവിയറ്റ്യൂനിയന്റെ ബന്ധങ്ങളെ നിർണ്ണയിക്കുന്നതെന്ന് സോവിയറ്റ്യൂനിൻ വീണ്ടും വീണ്ടും തെളിയിച്ചു. സോവിയറ്റ്-ഫിന്നിഷ് ബന്ധങ്ങൾ ഒരു മികച്ച ദൃഷ്ടാന്തമാണ്.

ഫിൻലണ്ട് സാറിസ്റ്റ് റഷ്യയുടെ ഒരു ഭാഗമായിരുന്ന കാലത്ത്, 1905-ൽ തന്നെ ഫിന്നിഷ് ജനതയുടെ സ്വയംനിർണ്ണയാവകാശം ലെനിൻ അംഗീകരിച്ചു. റഷ്യയിൽ 1917 ലെ വിപ്ലവം വിജയിച്ച ഉടനെ സ്റ്റേറ്റിന്റെ പരമാധികാരം ഫിന്നിഷ് റിപ്പബ്ലിക്കിനു് അനുവദിച്ചുകൊണ്ടുള്ള ഒരു ഡിക്രിയിൽ ലെനിൻ ഒപ്പുവെച്ചു:

രണ്ടു രാജ്യങ്ങളുടേയും വികസനം വ്യത്യസ്തമാർഗ്ഗങ്ങളിൽ നീങ്ങി. റഷ്യ സോഷ്യലിസം കെട്ടിപ്പടുക്കാൻ തുടങ്ങി. അപ്പോൾ ഫിൻലണ്ട് മുതലാളിത്തമാർഗ്ഗംതന്നെ പിന്തുടർന്നു. സോവിയറ്റ്-ഫിന്നിഷ് ബന്ധങ്ങളുടെ 50 കൊല്ലത്തെ ചരിത്രത്തിൽ മങ്ങിയ

താളുകൾ ഉണ്ടായിട്ടുണ്ട്. ഭൂതകാലത്തെ പ്രതിബന്ധം തരണംചെയ്യാനും, സാമൂഹ്യ വ്യവസ്ഥകളുടെ വ്യത്യാസങ്ങൾ നല്ല അയൽപക്കബന്ധങ്ങൾക്ക് തടസ്ഥമല്ലെന്ന് തെളിയിയ്ക്കാനും രണ്ടയൽപക്കരാജ്യങ്ങൾക്കും കഴിഞ്ഞിട്ടുണ്ടെന്നതു് ചാരിതാർത്ഥ്യജനകമാണു്.

1948–ൽ ഇരു രാജ്യങ്ങളും തമ്മിലുണ്ടാക്കിയ സൗഹൃദ്ബന്ധത്തിന്റെയും സഹകരണത്തിന്റെയും പരസ്പരസഹായത്തിന്റെയും ഉടമ്പടി അവയുടെ സൽബന്ധങ്ങൾക്കു് ഉറച്ച അടിത്തറയായിത്തീർന്നു. അതുമുതൽ പരസ്പരം ഗുണകരമായ രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക ബന്ധങ്ങൾ സോവിയറ്റ്-ഫിന്നിഷ് ജനതകൾ തമ്മിലുണ്ടായിട്ടുണ്ടു്. ദീർഘകാല കരാറുകളുടെ അടിസ്ഥാനത്തിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര ഇടപാടുകൾ അനേകമടങ്ങു വർദ്ധിച്ചു. പലതരം പ്രതിനിധിസംഘങ്ങളുടേയും സഞ്ചാരികളുടേയും കൈമാറ്റങ്ങൾ സ്ഥിരമായി വളർന്നുകൊണ്ടിരിയ്ക്കുന്നു.

വിദേശനയത്തിന്റെ മണ്ഡലത്തിൽ സമാധാനം ശക്തിപ്പെടുത്തുവാനും ഒരു ന്യൂക്ലിയർ യുദ്ധത്തിന്റെ വിപത്തു് തള്ളിമാറ്റാനും സാർവ്വത്രീകവും സമ്പൂർണ്ണവുമായ നിരായുധീകരണം സാധിയ്ക്കാനുമുള്ള പൊതുവായ അഭിലാഷത്താൽ ഇരു രാഷ്ട്രങ്ങളും ഏകോപിയ്ക്കപ്പെട്ട നിൽക്കുന്നു. ഫിൻലണ്ടു് പ്രസിഡണ്ടു് കെക്കോനന്റെ സമാധാന നിർദ്ദേശങ്ങളെ, വിശേഷിച്ചും യൂറോപ്പിന്റെ ഉത്തരഭാഗത്തു് ഒരു ആറ്റം വിമു

കുതമേഖല സൃഷ്ടിക്കുണമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശത്തെ, സോവിയറ്റ്യൂണിയൻ വളരെയധികം വിലമതിക്കുന്നു.

സോവിയറ്റ്-ഫിന്നിഷ് അയൽപക്ക സൽബന്ധങ്ങൾ കാലത്തിന്റെ പരീക്ഷണത്തെ നേരിട്ടു; സമാധാനപരമായ സഹവർത്തിത്വം കായ്മായ സാമ്പത്തികനേട്ടമുണ്ടാക്കുന്നതാണെന്നു്, അതിലും പ്രധാനമായി സൈനികമായ സംഘട്ടനത്തിന്റെയും പൊതുവായ യുദ്ധത്തിന്റെയും കാരണങ്ങളെ നീക്കം ചെയ്യുന്നതാണെന്നു, തെളിയിക്കുകയുംചെയ്തു. "പല ആപത്തുകളും ഭീഷണിപ്പെട്ടത്തിക്കൊണ്ടിരിക്കുന്ന കലങ്ങിയ നമ്മുടെ ലോകത്തു് സോവിയറ്റ്യൂണിയനും ഫിൻലണ്ടും തമ്മിലുള്ള സൽബന്ധങ്ങൾ ആപത്തിനെ നന്മയിലേക്കു മാറ്റാനും രാജ്യങ്ങളുടെ അതിർത്തികളെ സമാധാനത്തിന്റെ അതിർത്തികളാക്കിത്തീർക്കാനും എങ്ങിനെ കഴിയുമെന്നതിനു് ഉജ്ജ്വലമായ ഒരു ദൃഷ്ടാന്തമാണു്" എന്നാണു് ഫിൻലണ്ടു് പ്രധാനമന്ത്രി മിസ്റ്റർ റാഫേൽ പാസിയോ പറഞ്ഞതു്.

അയൽരാജ്യങ്ങളുമായും മറ്റെല്ലാമുതലാളിത്തരാജ്യങ്ങളുമായുമുള്ള യു.എസ്സ്.എസ്.ആറിന്റെ ബന്ധങ്ങൾക്കു് അടിസ്ഥാനരൂപം നൽകുന്ന സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്വങ്ങൾ നടപ്പാക്കുന്നതിന്റെ ഒരുദാഹരണം മാത്രമാണു് സോവിയറ്റ്-ഫിന്നിഷ്ബന്ധങ്ങൾ.

അടുത്തായി യു. എസ്സ്. എസ്സ്. ആറും ഫ്രാൻസും തമ്മിലുള്ള ബന്ധങ്ങൾ കാര്യമായി അഭിവൃദ്ധിപ്പെട്ടിരിയ്ക്കുകയാണ്. ലോകപൊതുജനാഭിപ്രായത്തിൽ വലിയ താല്പര്യവും അംഗീകാരവും അതുണർത്തിയിരിക്കുന്നു. രണ്ടു വൻശക്തിയുടേയും നേതാക്കൾ മോസ്കോവിലും പാരീസിലും പരസ്പരം നടത്തിയ സന്ദർശനങ്ങൾ ഇരു രാജ്യങ്ങളുടേയും താല്പര്യങ്ങളെ സംബന്ധിച്ച വിപുലമായ പ്രശ്നങ്ങളിൽ വിപുലമായ പരസ്പര ധാരണയുണ്ടാക്കാൻ വളരെയേറെ സംഭാവന ചെയ്തു. വ്യാപാര-ശാസ്ത്രീയ-സാങ്കേതിക സഹകരണം വർദ്ധിപ്പിക്കുന്നതിലേക്ക് ഇതു് നയിച്ചു. സോവിയറ്റ്-ഫ്രഞ്ചു് ശാസ്ത്രജ്ഞന്മാർ തമ്മിലും എഞ്ചിനിയർമാർ തമ്മിലും ഇരു രാജ്യങ്ങളുടേയും താല്പര്യത്തിൽ ബന്ധം വളർത്തുന്ന ശാസ്ത്രീയ-സാങ്കേതിക സഹകരണത്തിനും സമാധാനപരമായ ലക്ഷ്യങ്ങൾക്കുവേണ്ടി ബഹിരാകാശപര്യേഷണത്തിനുള്ള സഹകരണത്തിനും കരുക്കൾ ഒപ്പുവെക്കപ്പെട്ടു.

സോവിയറ്റ്യൂണിയനും ഫ്രാൻസിനും ലോകരാഷ്ട്രീയത്തിൽ, സർവ്വോപരി സമാധാനം കാത്തുസൂക്ഷിക്കുന്നതിലും യൂറോപ്പിന്റെ ഭദ്രതയ്ക്കു് ശക്തികൂട്ടുന്നതിലും, പൊതുതാല്പര്യങ്ങളുണ്ടു്. യൂറോപ്യൻ ഭ്രഖണ്ഡത്തിലെ സ്ഥിതി സാധാരണനിലയിലെത്തിക്കുന്നതിനു് അവരുടെ സംയുക്തശ്രമത്തിനു നിർണ്ണായകമായ സംഭാവന നൽകാൻ കഴിയും. എല്ലാ യൂറോപ്യൻ രാജ്യങ്ങളേയും സ്വാധീനിയ്ക്കാനുള്ള ശ്രമം നടത്തിക്കൊ

ണ്ട് ഈ മാഗ്രം പിൻതുടരാൻ ഇരുപക്ഷവും വാശ്ദാനം ചെയ്തിരിയ്ക്കുന്നു. ഈ ഭൂഖണ്ഡത്തിലെ എല്ലാ രാജ്യങ്ങളുടേയും സംരക്ഷയും സഹകരണവും സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ചചെയ്യാൻ ഒരഖില യൂറോപ്യൻ സമ്മേളനം വിളിച്ചുകൂട്ടണമെന്നു അവർ നിർദ്ദേശിച്ചു. യൂറോപ്പിന്റെ രക്ഷക്കു് ശരിയായ ഉറപ്പുകൾ സൃഷ്ടിക്കുന്നതിലും, മുഴുവൻ രാഷ്ട്രങ്ങളേയും തുടച്ചുനീക്കാനും നാഗരീകതയെ നശിപ്പിക്കാനും കഴിയുന്ന പുതിയ സൈനിക മഹായുദ്ധം ഒഴിവാക്കുന്നതിലും കവിഞ്ഞ പ്രാധാന്യമുള്ള മറെന്തൊന്നാണുള്ളതു്? മോസ്കോവിലും പാരീസിലും ഒപ്പുവെക്കപ്പെട്ട രേഖകൾ അന്യത്ര നടക്കുന്ന സൈനികാക്രമണവ്യാപനത്തിനു വിപരീതമായി, സമാധാനം വ്യാപിപ്പിക്കുന്നതിനുള്ള സാക്ഷാൽ അടിത്തറയാണെന്നാണു് സുപ്രസിദ്ധ ഫ്രഞ്ചു് ജർണലിസ്റ്റായ ജനേവീവു് ടാബോയിസ് ശരിയ്ക്കും അഭിപ്രായപ്പെട്ടതു്.

സോവിയറ്റ്-ഫ്രഞ്ചു് ബന്ധങ്ങൾ താല്ക്കാലീകമോ അവസരോചിതമായ സ്വഭാവത്തോടുകൂടിയതോ അല്ലെന്നു് സോവിയറ്റ്യൂണിയൻ വിശ്വസിക്കുന്നു. സോവിയറ്റ്ജനതയും ഫ്രഞ്ചു്ജനതയും പരസ്പരം പുലർത്തുന്ന പരമ്പരാഗതമായ സൌഹൃദത്തിനും അനുഭാവത്തിനും തികച്ചും യോജിച്ചതാണവ. ഇരു രാജ്യങ്ങളും തമ്മിലുള്ള ഈ സൽബന്ധം മൂന്നാമതൊരു സ്റ്റേറ്റിനെതിരായി ചൂണ്ടിക്കൊണ്ടുള്ളതുമല്ല. നേരെ മറിച്ചാണു്; സമാധാനപരമായ സഹവർത്തിത്വ

ത്തിന്റെ തത്വങ്ങൾ നടപ്പിൽ വരുത്തുന്നതിന്റെ സമുചിതമായ ഒരു ദൃഷ്ടാന്തമാണത്.

സോവിയറ്റു്-ഇറ്റാലിയൻ ബന്ധങ്ങൾക്കും അതുതന്നെ ബാധകമാണു്. ഇരു രാജ്യങ്ങളും എതിർ സൈനിക വിഭാഗങ്ങളിൽപെട്ടവയാണെന്ന വസ്തുതയിരിക്കുന്നതന്നെ അവയ്ക്കു് രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ സഹകരണം സ്ഥാപിക്കുന്നതും സ്ഥിരമായി വളർത്തുന്നതും കഴിഞ്ഞിരിക്കുന്നു. ഇറ്റലിയും സോവിയറ്റ്യൂണിയനും ഭിന്നമല്ലാത്തതോ, ഒരുപോലെയുള്ളതോ ആയ വീക്ഷണഗതികളാണു് പ്രധാനമായ ഒട്ടേറെ ലോകപ്രശ്നങ്ങളിൽ പുലർത്തുന്നതു്: ന്യൂക്ലിയർ ആയുധങ്ങൾ പരത്താതിരിക്കുകയും അവയുടെ പരീക്ഷണങ്ങളും ഉല്പാദനവും നിരോധിക്കുകയും ചെയ്യുക, ഒരു നിരായുധീകരണസമ്മേളനം വിളിക്കുക, യൂറോപ്യൻ ഭദ്രതയ്ക്കുവേണ്ടിയുള്ള ഒരഖില യൂറോപ്യൻ സമ്മേളനം ചേരുക.

സൌഹാർദ്ദപരവും സമാധാനപരവുമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള സോവിയറ്റു് നീക്കങ്ങൾക്കു് ലണ്ടനിലും വിയന്നയിലും അങ്കാറയിലും കോപ്പൻഹേഗനിലും മറ്റു തലസ്ഥാനങ്ങളിലും അനുകൂലമായ പ്രതികരണങ്ങൾ ഉണ്ടായിരിക്കുന്നു. യു. എസ്സ്. എസ്സ്. ആർ പ്രധാനമന്ത്രി എ. കൊസീഗിൻ ബ്രിട്ടൻ സന്ദർശിച്ചതു പ്രമാണിച്ചു പുറപ്പെടുവിച്ച സംയുക്ത

സോവിയറ്റ്–ബ്രിട്ടീഷ് പ്രസ്താവനയിൽ ഒരു ഭാഗത്തിങ്ങനെ പറയുന്നു:

> "മുന്നിനില്ക്കുന്ന സാർവ്വദേശീയ പ്രശ്നങ്ങളിൽ സമാധാനപരമായ ഒത്തുതീർപ്പുണ്ടാക്കാനുള്ള ഒരു പൊതുതാല്പര്യം ഇരു ഭാഗങ്ങളും അംഗീകരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെയും ദേശീയപരമാധികാരത്തിന്റെയും തത്വങ്ങളും തുല്യതയും മറ്റുള്ളവരുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കലും സ്റ്റേറുകൾ തമ്മിലുള്ള തർക്കങ്ങൾ തീർക്കുന്നതിൽ ശക്തിയുടെ പ്രയോഗമോ ഭീഷണിയോ നിരാകരിക്കലും പാലിച്ചുകൊണ്ട് വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളോടുകൂടിയ സ്റ്റേറുകൾക്കു സമാധാനത്തിൽ സഹകരിക്കാൻ കഴിയുമെന്നും സഹകരിക്കണമെന്നും അവർ പ്രഖ്യാപിച്ചു."

സോവിയറ്റ് വിദേശനയത്തിന്റെ സ്വാധീനം മൂലമാണ് ഏറ്റവും പ്രധാനപ്പെട്ട സാർവ്വദേശീയ രേഖകളിൽ സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്വങ്ങൾ കൂടുതൽ കൂടുതലായി ഉൾപ്പെടുത്തപ്പെടുന്നതും ലോകപൊതുജനത്തിലെ വളരെ വിപുലമായ വൃത്തങ്ങളിൽ അംഗീകരിക്കപ്പെടുന്നതും. ഇപ്പോൾ മുതലാളിത്ത പത്രങ്ങൾ സോവിയറ്റ് നേതാക്കളുടെ സ്റ്റേറ്റ് സന്ദർശനങ്ങളും സോവിയറ്റ് യൂണിയന്റെ മറ്റു വിദേശനയ നടപടികളും വിശകലനം ചെയ്യുന്നതിൽ, വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകളോടുകൂടിയ സ്റ്റേറുകൾ

തമ്മിലുള്ള ബന്ധങ്ങളുടെ ഏറ്റവും ന്യായയുക്തമായ രൂപം സമാധാനപരമായ സഹവർത്തിത്വമാണെന്ന് കൂടുതൽ പതിവായി നിഗമനം ചെയ്യുന്നുണ്ട്. കൊസീഗിന്റെ ബ്രിട്ടീഷ് സന്ദർശനവേളയിൽ ബ്രിട്ടനിലെ ഡെയ്‌ലി മിറർ എന്ന പത്രം എഴുതി: ലോകം ഒരു പ്രകാരാന്തരത്തെ അഭിമുഖീകരിയ്ക്കുന്നു: ഒരു ശീതയുദ്ധം അല്ലെങ്കിൽ സമാധാനപരമായ സഹവർത്തിത്വം. "നാം എല്ലാം ഒരേ ഗ്രഹത്തിൽ ജീവിയ്ക്കുന്നു എന്നതുകൊണ്ട്", പത്രം തുടർന്നുപറഞ്ഞു, "നമ്മുടെ ബന്ധങ്ങൾ എത്രമാത്രം നല്ല നിലക്കായിരിയ്ക്കും എന്നതിനെയാണ് നമ്മുടെ ഭാവി ആശ്രയിച്ചുനില്ക്കുന്നത്."

സോവിയറ്റ് യൂണിയന്റെ സമാധാനപരമായ നയം ലോകത്തിലെ എല്ലാ ജനതകളുടേയും മർമ്മപ്രധാനമായ താല്പര്യങ്ങൾക്കനുസരിച്ചിരിയ്ക്കുന്നു എന്ന കാര്യം ആർക്കും നിഷേധിയ്ക്കാൻ കഴിയുകയില്ല.

താഷ്കണ്ട് സമ്മേളനം

സോവിയറ്റ്യൂണിയന്റെ വിദേശനയത്തെക്കുറിച്ചുള്ള പരിഗണനയിൽ, സമാധാനപരമായ സഹവർത്തിത്വത്തിന്റെ മഹത്തായ തത്വങ്ങളെ, വിശേഷിച്ചും അതിപ്രധാനമായ ഒരു തത്വം—സാർവ്വദേശീയ തർക്കങ്ങൾ ഒതുക്കിത്തീർക്കുന്നതിന്നു് യുദ്ധത്തെ നിരാകരിക്കുകയും കൂടിയാലോചനവഴി പരിഹാരം തേടുകയും ചെയ്യണമെന്ന തത്വം—പ്രാവർത്തികമാക്കാൻ മറ്റു

രാജ്യങ്ങളെ സഹായിക്കാൻ സോവിയറ്റുയൂണിയൻ സർവ്വദാ സന്നദ്ധമാണെന്നു് മനസ്സിലാക്കിയിരിക്കേണ്ടതുണ്ടു്. ഇന്ത്യാ-പാക്കിസ്ഥാൻ സംഘട്ടനം ഒതുക്കിത്തീർക്കുന്നതിൽ സോവിയറ്റുയൂണിയൻ വഹിച്ച മാദ്ധ്യസ്ഥ്യം, ആപല്ക്കരമായ സൈനികസംഭവവികാസങ്ങൾ നിർത്തൽ ചെയ്യുന്നതിൽ അതു വഹിക്കുന്ന പങ്കു് സുസ്പഷ്ടമായി തെളിയിക്കുന്നു.

1947-ൽ ഹിന്ദുസ്ഥാൻ ഉപഭ്രഖണ്ഡത്തിൽനിന്നു് തുരത്തിയോടിക്കപ്പെട്ട കോളണിമേധാവികൾ വിമോചിതജനതകളെ എളുപ്പത്തിൽ തങ്ങൾക്കു് ഇരയാക്കിത്തീർക്കാമെന്ന പ്രതീക്ഷയോടെ ചില രാഷ്ട്രീയ കെണികൾ വെക്കുകയുണ്ടായി. അവരുടെ ഗൂഢപദ്ധതികൾ കുറെ ഫലവത്താണെന്നു് തെളിഞ്ഞു. കോളണിമേധാവികൾ ഇന്ത്യൻ-പാക്കിസ്ഥാനി ജനതകൾക്കിടയിൽ ആളിക്കത്തിച്ച നിരന്തരമായ കലഹം ഇന്ത്യാ-പാക്കിസ്ഥാൻ ബന്ധങ്ങളിൽ ഒരു സ്ഥിരം കുഴപ്പമായി നിലനിന്നു. രക്ഷാകർത്താക്കളായും ഉപദേഷ്ടാക്കളായും ചമഞ്ഞവക്കു് അതു് ചില നേട്ടങ്ങളുണ്ടാക്കിക്കൊടുത്തു. ഭൂപരവും മതപരവുമായ സംഘട്ടനങ്ങൾ ഒട്ടുക്കും ഒരു സായുധസംഘട്ടനമായി മാറി.

ദശലക്ഷക്കണക്കിനു് ജനങ്ങൾക്കു് ശത്രുതാനടപടികൾ ഒരു വമ്പിച്ച നാശമായിത്തീരുമായിരുന്നു. എന്നാൽ സോവിയറ്റുഗവൺമ്മെണ്ടു് ഇന്ത്യക്കും പാക്കിസ്ഥാനും ഒരുപോലെ ഒരു യഥാർത്ഥ സുഹൃത്തായി വ

ത്തിക്കുകയും അവസ്സാടയിൽ സാധാരണബന്ധങ്ങൾ പുനസ്ഥാപിക്കുന്നതിനു് നിസ്വാർത്ഥമായി പ്രവർത്തിക്കുകയും ചെയ്തു. യുദ്ധം നിർത്തുന്നതിൽ സഹായിക്കുക മാത്രമല്ല യു. എസ്സ്. എസ്സ്. ആർ ചെയ്തതു്. തക്കം സമാധാനപരമായി തീർക്കുന്നതിനു് അതിന്റെ മികച്ച സേവനങ്ങളർപ്പിക്കുകയും ചെയ്തു.

താഷ്കണ്ടു് സമ്മേളനത്തിന്റെ ഫലം സോവിയറ്റു് മുൻകയ്യോടെ നേടിയ സൌമനസ്യത്തന്റെ ഒരു വിജയമായി ശരിയ്ക്കും ആദരിക്കപ്പെട്ടു. അക്കാലത്തു് ഇന്ത്യൻ എക്സ്പ്രസ് എഴുതി:

> "സോവിയറ്റ് നയതന്ത്രം ഇരു ഭാഗങ്ങളേയും അവരുടെ ഭിന്നതകൾ കുഴിച്ചുമൂടുവാനും സഹകരണത്തിനു വമ്പിച്ച സാദ്ധ്യതയുള്ള എല്ലാ പ്രശ്നങ്ങളിലും യോജിപ്പിലെത്താനും പ്രേരിതമാക്കുന്നതിൽ വമ്പിച്ച സഹായം നല്കി. ഇതു് ഒരു പുതിയതരം നയതന്ത്രമാണു്. മുന്നിനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഒരുപക്ഷേ ഇതൊരു മാതൃകയായിത്തീർന്നേക്കാം."

പാക്കിസ്ഥാനിലെ പൊതുജനവും താഷ്കണ്ടു് തീരുമാനങ്ങളെ വളരെ ഉയർത്തിപ്പറയുകയുണ്ടായി. ഡോൺ വർത്താന്തപത്രം പറഞ്ഞു: "പ്രസിഡണ്ടു് അയൂബ് ഖാനും പ്രധാനമന്ത്രി ശാസ്ത്രിയും തമ്മിൽ നടന്ന ഏഴു ദിവസത്തെ താഷ്കണ്ടു് സംഭാഷണങ്ങൾ അവക്കു്

നേടാൻ കഴിയുമെന്നു് പ്രതീക്ഷിച്ചുവോ അതിലേറെത്തോളം നേടിയിരിക്കുന്നു".

സോവിയറ്റ് പ്രധാനമന്ത്രിക്കു് വിൽസനും ജോൺസനും നേടാൻ സാധിക്കാത്തതു് നേടിയെടുക്കാൻ കഴിഞ്ഞിരിക്കുന്നു എന്നു് പാശ്ചാത്യദേശത്തെ പൊതുജനവും സമ്മതിക്കുകയുണ്ടായി. പാശ്ചാത്യപത്രങ്ങളെ ഇതു് വളരെയധികം അസ്വസ്ഥമാക്കി. ലണ്ടനിലെ സൺഡേ ടൈംസിലെ ഫ്രാങ്ക് ഗൈൽസ് പശ്ചാത്തപിച്ചു, ഈ പ്രശ്നം സൃഷ്ടിച്ച ബ്രിട്ടനു് ഒരുപാടു് ശ്രമിച്ചിട്ടും അതിന്റെ പരിഹാരത്തിനു് ഒരു യഥാർത്ഥ സംഭാവന നൽകാൻ കഴിഞ്ഞില്ലെന്നു്. അനതിവിദൂരമെങ്കിലും വീണ്ടെടുക്കാൻ കഴിയാത്ത ബ്രിട്ടന്റെ കോളനിമേധാവിത്വപരമായ ഭൂതകാലത്തെ അനുസ്മരിച്ചുകൊണ്ടു് ലെണ്ടൻ ടൈംസ് പറഞ്ഞതു്, താൻ ഒരുകാലത്തു് ഭരണംനടത്തിയ ഹിന്ദുസ്ഥാൻ, താഷ്കണ്ടിലെ ഒരു കൂടിയാലോചനാസൂചകമായിത്തീർത്ത അസാധാരണവും അസഹനീയവുമായ സ്ഥിതിവിശേഷത്തിൽ കേഴ്സൺ പ്രഭു പരിതപിക്കുന്നുണ്ടായിരിക്കും എന്നാണു്.

താഷ്കണ്ടിലെ കാലാവസ്ഥ ബ്രിട്ടീഷ് ദ്വീപുകളിലെ ഈപ്പുമുള്ള കാലാവസ്ഥയേക്കാളും ആരോഗ്യദായകവും രണ്ടു ഏഷ്യൻ ശക്തികൾക്കും കൂടുതൽ ഇഷ്ടപ്പെട്ടതുമായിത്തീർന്നു. നമ്മുടെ കാലത്തു് കൊളോണിയൽ ഭൂതകാലത്തെ പുനസ്ഥാപിക്കുകയോ, ലോകത്തിന്റെ

ഭൂപടത്തിൽ മാറിക്കൊണ്ടിരിയ്ക്കുന്ന വണ്ണങ്ങൾക്കുനേരെ വണ്ണാന്ധത നടിയ്ക്കുകയോ ചെയ്യുന്നതു് ബുദ്ധിപൂർവ്വകമല്ല. സത്യത്തിൽ പുതിയ രാഷ്ട്രങ്ങളുടെ കായ്വങ്ങൾ സ്വതന്ത്രമായി നിണ്ണയിയ്ക്കാനുള്ള അവരുടെ അവകാശം അംഗീകരിയ്ക്കുകയാണു് നമ്മുടെ കാലത്തു് നന്നായിരിയ്ക്കുക. സോവിയറ്റ് വിദേശനയത്തിന്റെ സ്വാർത്ഥതാല്പര്യരഹിതവും സമാധാനപരവുമായ സ്വഭാവത്തിനു് പ്രശംസ നൽകുകയെന്നതാണു് ഉചിതമായിട്ടുള്ളതു്. പല നിരീക്ഷകന്മാരും അങ്ങിനെ ചെയ്തിട്ടുണ്ടു്: വാൾട്ടർ ലിപ്മാനും അക്കൂട്ടത്തിൽ പെടുന്നു. അദ്ദേഹമെഴുതി: "താഷ്കണ്ടിൽ നടന്നതിനു് പറ്റിയതാണു് ലോകം. മാനുഷികകായ്വങ്ങളുടെ നേർക്കുള്ള ദുർദ്ദമമായ അക്രമങ്ങളെ കീഴ്പ്പെടുത്താൻ ഇപ്പോഴും സാദ്ധ്യമാണെന്നു് തെളിയിയ്ക്കുകയെന്നതു് മനുഷ്യവർഗ്ഗത്തിനു് വലിയ ആവശ്യമായിത്തീർന്നിരിയ്ക്കുന്നു". സ്റ്റേറുകൾ തമ്മിലുള്ള തർക്കങ്ങൾ കൂടിയാലോചനവഴി പരിഹരിയ്ക്കുകയെന്ന തത്വത്തിന്റെ സഫലതയെ, നീതിയുക്തവും മനുഷ്യസ്നേഹപരവുമായ അതിന്റെ സ്വഭാവത്തെ, താഷ്കണ്ടു് സമ്മേളനത്തിന്റെ വിജയം തെളിയിച്ചുകാട്ടി.

സോവിയറ്റ് മുൻകൈ സമാധാനശക്തികളേയും ജനതകളുടെ സൌഹൃദത്തേയും പൊക്കിനിർത്തുന്നതിനു് അത്യന്തം പ്രധാനമാണെന്നു് താഷ്കണ്ടു് സമ്മേളനം പ്രസ്പഷ്ടമാക്കി.

സംഭവങ്ങളുടെ ഏറ്റവും നല്ല വിധികർത്താവ് കാലമാണെന്ന് ആളുകൾ പറയാറുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ ഉൽക്കൃഷ്ടമായ നിർമ്മിതികൾക്കു് അനുയോജ്യമല്ലാത്ത എല്ലാറിനേയും അതു് തുടച്ചുവാരുന്നു; ലോകത്തിലെ മുഴുവൻ രാഷ്ട്രങ്ങൾക്കും ഒരു മാർഗ്ദീപമാണെന്നു് വിധിയ്ക്കപ്പെട്ടതിനെ അതു് അനശ്വരമാക്കിത്തീർക്കുന്നു. താഷ്കണ്ടു് സമ്മേളനത്തിനുശേഷം കാലം കുറേ കഴിഞ്ഞിട്ടുള്ളുവെങ്കിലും അതിന്റെ ചൈതന്യം ദീർഘകാലം നിലനില്ക്കുമെന്നു് ഉറപ്പിയ്ക്കാൻ കഴിയും. താഷ്കണ്ടു് പ്രഖ്യാപനത്തിന്റെ ഒന്നാംവാർഷികം സംബന്ധിച്ചുനടന്ന ഒരു പത്രസമ്മേളനത്തിൽ സംസാരിച്ചുകൊണ്ടു്, ഇന്ത്യയുടേയും പാക്കിസ്ഥാന്റേയും ചരിത്രത്തിൽ അവ തമ്മിലുള്ള ബന്ധങ്ങളെ വിഷമകരമാക്കാൻ ബാഹ്യശക്തികൾ ശ്രമിച്ച സംഭവങ്ങളുണ്ടായിട്ടുണ്ടെന്നു് യു. എസ്. എസ്. ആറിലെ ഇന്ത്യൻ അമ്പാസിഡർ ശ്രീ. കേവൽസിങ്ങു് അഭിപ്രായപ്പെടുകയുണ്ടായി. രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ സമാധാനപരമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിൽ മൂന്നാമതൊരു രാജ്യം ആത്മാർത്ഥമായ സൌഹൃദസഹായം നൽകിയ ആദ്യസംഭവമാണു് താഷ്കണ്ടു് സമ്മേളനമെന്നും അദ്ദേഹം പറഞ്ഞു.

നിരായുധീകരണം, സമാധാനത്തിലേക്കുള്ള ഒരു ഉറച്ചപാത

സോവിയറ്റ് നിരായുധീകരണ നിർദ്ദേശങ്ങൾ

സോവിയറ്റ് യു. എൻ. പ്രതിനിധിസംഘം കൊല്ലത്തോട്ടുകൊല്ലം, വരാനിരിക്കുന്ന എല്ലാ കാലത്തേക്കുമായി യുദ്ധത്തിന്റെ ഭീകരതകളിൽനിന്ന് മനുഷ്യസമുദായത്തിനാശ്വാസം നൽകുവാനുള്ള സമൂർത്തമായ നിരായുധീകരണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. അതുവഴി ലോകസമാധാനത്തിനും ജനതകളുടെ പരമാധികാരത്തിനുമുള്ള സമരത്തിൽ ഈ സംഘടനക്കുള്ള പങ്ക് സോവിയറ്റ് യൂനിയൻ വർദ്ധിപ്പിക്കുന്നു. 1959ൽ, വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളോടുകൂടിയ സ്റ്റേറുകളുടെ സമാധാനപരമായ സഹവർത്തിതത്തിനുള്ള ഏറ്റവും ദൃഢതരമായ ഉറപ്പായി സാർവ്വത്രികവും സമ്പൂർണ്ണവുമായ നിരായുധീകരണം സാധിക്കണമെന്ന് എല്ലാ ഗവൺമെണ്ടുകളേയും ജനതകളേയും സോവിയറ്റ് യൂനിയൻ ആഹ്വാനം ചെയ്തു.

നിരായുധീകരണത്തോടുള്ള റഷ്യൻ കമ്മ്യൂണിസ്റ്റുകാരുടെ മനോഭാവം ഒക്ടോബർ വിപ്ലവത്തിനുമുമ്പ്

1916ൽ നിർവ്വചിച്ചിരുന്നു. "നിരായുധീകരണം സോഷ്യലിസത്തിന്റെ ആദർശമാണു്" എന്നു് ലെനിൻ അന്നു് പറയുകയുണ്ടായി. 1922ലെ ജെനോവ സമ്മേളനത്തിൽ സാർവ്വത്രികമായ നിരായുധീകരണത്തിനുള്ള നിർദ്ദേശം ആദ്യമായി സമർപ്പിച്ചതു് സോവിയറ്റു് യൂണിയൻ ആയിരുന്നു. അമേരിക്കൻ ഗ്രന്ഥകാരനായ വിൽബർ എൽ. മഹാനി എഴുതി:

> "1922ലെ ജെനോവ-മോസ്കോ സമ്മേളനങ്ങളുടെ കാലം മുതൽ 1934ലെ നിരായുധീകരണ സമ്മേളനത്തിന്റെ അവസാനത്തെ യോഗം വരെ, നിരായുധീകരണത്തിനു സാദ്ധ്യമായ അങ്ങേ അറ്റത്തെ നടപടി എടുക്കാൻ കഴിഞ്ഞാലേ സാർവ്വദേശീയ സമാധാനം സ്ഥാപിതമാകൂ എന്നു് സോവിയറ്റുകാർ ഇടവിടാതെ വാദിച്ചു. പല സാർവ്വദേശീയ സമ്മേളനങ്ങളിലും സോവിയറ്റ് പ്രതിനിധികളാണു് നിരായുധീകരണത്തിനുള്ള കർശനമായ പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതു്."

രണ്ടു് ലോകയുദ്ധങ്ങളുടെ ഇടക്കുള്ള കാലത്തു് പാശ്ചാത്യശക്തികൾ സോവിയറ്റ് നിരായുധീകരണ പരിപാടിയെ കാര്യമായെടുത്തില്ല. എന്നാൽ ലോക സോഷ്യലിസ്റ്റു് വ്യവസ്ഥ രൂപംകൊണ്ടതിൽപിന്നെ, ശക്തികളുടെ ബലാബലം മൌലികമായും സമാധാന പ്രേമികളായ സ്റ്റേറുകൾക്കനുകൂലമായി മാറിക്കഴിഞ്ഞ

ഇന്നു് ഈ നിർദ്ദേശങ്ങൾ നിരാകരിക്കുകയെന്നതു് കൂടുതൽ വിഷമകരമായിത്തീർന്നിരിക്കയാണു്. സോവിയറ്റ് നിരായുധീകരണപരിപാടിയ്ക്കു് സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും ഭൂരിപക്ഷം വികസ്വര സ്റ്റേറുകളുടേയും പിന്തുണ ഇപ്പോഴുണ്ടു്. എല്ലാ രാഷ്ട്രങ്ങളുടേയും ക്രിയാത്മകമായ പ്രതികരണം കിട്ടുന്നുമുണ്ടു്.

ഉല്പാദന രഹിതമായ സൈനികച്ചിലവുകളുടെ ഭാരത്തിൽനിന്നു് മനുഷ്യവർഗ്ഗത്തെ മോചിപ്പിയ്ക്കുന്നതെന്നു്, സാർവ്വത്രികവും സമ്പൂർണ്ണവുമായ നിരായുധീകരണം തികച്ചും സുകരവും അഞ്ചു കൊല്ലക്കാലം കൊണ്ടു് സാധിയ്ക്കാവുന്നതുമാണെന്നു്, സോവിയറ്റ് യൂണിയൻ പ്രഖ്യാപിച്ചു. സോവിയറ്റു പരിപാടിയനുസരിച്ചു് ഈ കാലാവധി കഴിയുമ്പോഴേക്കും എല്ലാ രാജ്യങ്ങളിലേയും എല്ലാ സായുധശക്തികളേയും എന്നെന്നേക്കുമായി ഇല്ലായ്മ ചെയ്യണം. പട്ടാളക്കാരും, ഓഫീസർമാരും ജനറൽമാരും സൈനികവിദഗ്ധന്മാരും സിവിലിയൻ ജോലികളിലേക്കു് തിരിച്ചുവരും. സൈനികപരിശീലനം തുടരുന്നതല്ല.

ആയുധകൂമ്പാരങ്ങൾ, സർവ്വോപരി അണുശക്തിയെക്കൊണ്ടും മാരകാണുക്കളെക്കൊണ്ടും രാസപദാർത്ഥങ്ങളെക്കൊണ്ടും നിർമ്മിച്ച ആയുധങ്ങളുടെ കൂമ്പാരങ്ങൾ, നശിപ്പിക്കുകയും അവയുടെ ഉല്പാദനം നിർത്തലാക്കുകയും ചെയ്യും. അതുപോലെ യുദ്ധോപകരണങ്ങൾ നശിപ്പിയ്ക്കുകയോ കർശനമായ നിയന്ത്രണത്തിൻ കീഴിൽ സമാ

ധാനപരമായ ആവശ്യങ്ങൾക്കുപയോഗിക്കുകയോ ചെയ്യും. യുദ്ധവിമാനങ്ങളും യുദ്ധക്കപ്പലുകളും ടാങ്കുകൾ, പീരങ്കിനിരകൾ, യന്ത്രത്തോക്കുകൾ, റൈഫിളുകൾ എന്നിവയും ഉപേക്ഷിയ്ക്കും. അന്യ പ്രദേശങ്ങളിൽ സ്ഥാപിച്ച വിദേശസൈനികത്താവളങ്ങൾ പൊളിച്ചുനീക്കും. സൈനികച്ചിലവുകൾക്ക് ജനങ്ങൾ നികുതികൊടുക്കുന്നത് നിൽക്കും.

കാലാൾപ്പടയുടെ ശക്തികുറഞ്ഞ ആയുധങ്ങളോടുകൂടിയ ചെറിയ പോലീസ് വിഭാഗങ്ങൾ മാത്രമേ അവശേഷിയ്ക്കൂ. അതതു് രാജ്യങ്ങളിലെ ഭൂഭാഗങ്ങളിൽ നിയമക്രമം പാലിക്കുക, ആവശ്യമായി വരികയാണെങ്കിൽ യു. എൻ. ചാർട്ടറിന്നനുസൃതമായി സാവ്വദേശീയ സമാധാനവും ഭദ്രതയും പാലിക്കുക എന്നതായിരിക്കും അവയുടെ ചുമതല.

എല്ലാ നിരായുധീകരണനടപടികളും കർശനമായ സാവ്വദേശീയ നിയന്ത്രണത്തിൻകീഴിൽ നടപ്പാക്കണമെന്നു് സോവിയറ്റ് കരടുപരിപാടി വ്യവസ്ഥ ചെയ്യുന്നു.

സാർവ്വത്രികവും സമ്പൂർണ്ണവുമായ നിരായുധീകരണത്തിന്നുള്ള സോവിയറ്റു് പരിപാടി യു. എൻ. നിരായുധീകരണ സമിതിയിൽ വളരെക്കാലമായി ചച്ച് ചെയ്തുകൊണ്ടിരിയ്ക്കുന്നു. കാലാവധികളെ സംബന്ധിച്ചും പരിശോധനയെ സംബന്ധിച്ചും മറും മറും

പാശ്ചാത്യപ്രതിനിധികൾ തടസ്സവാദങ്ങൾ ഉന്നയിച്ചു കൊണ്ടിരിയ്ക്കുന്നുണ്ട്. എങ്കിലും ഏറെ താമസിയാതെ യു. എൻ. നിരായുധീകരണസമിതിയ്ക്ക് ഒരു യോജിപ്പിലെത്താനും എല്ലാ രാഷ്ട്രങ്ങളുടേയും നന്മക്കുവേണ്ടി അതിലഭിപ്രായപ്പെട്ട ചുമതല നിർവ്വഹിയ്ക്കുവാനും സാദ്ധ്യമാവുമെന്നു് സോവിയറ്റ്യൂണിയൻ പ്രത്യാശിയ്ക്കുന്നു.

ലോകത്തെമ്പാടുമുള്ള ശതലക്ഷക്കണക്കായ ജനങ്ങൾ സോവിയറ്റ് നിരായുധീകരണ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്തിട്ടുണ്ട്. നിരായുധീകരണത്തിനും സംഘട്ടനാവസ്ഥ ലഘൂകരിയ്ക്കുന്നതിനും എതിരായവർക്കുതന്നെ സോവിയറ്റ് നിർദ്ദേശങ്ങളെ പരസ്യമായി എതിർക്കാൻ കഴിയുന്നില്ല. സത്യത്തിൽ ദശക്കണക്കിനു രാജ്യങ്ങളിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും രോഗവും നിരക്ഷരതയും ഇന്നും നടമാടിക്കൊണ്ടിരിയ്ക്കുമ്പോൾ ആയുധസജ്ജീകരണങ്ങൾക്കുവേണ്ടി ഭീമമായ വിഭവങ്ങൾ എന്തിനു ചിലവഴിയ്ക്കുന്നുവെന്നു് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ അത്യന്തം വിഷമമുണ്ട്.

സോവിയറ്റ് മുൻകൈ സംബന്ധിച്ചു് ജനങ്ങൾ വെച്ചുപോറുന്ന അഭിലാഷം പ്രകടമാക്കിക്കൊണ്ടു് 1962ഡിസമ്പറിൽ ഐക്യരാഷ്ട്രസംഘടന ഒരു പ്രഖ്യാപനമംഗീകരിച്ചു: സാർവ്വദേശീയനിയന്ത്രണത്തിൻകീഴിൽ സാർവ്വത്രികവും സമ്പൂർണ്ണവുമായ നിരായുധീകരണം മനുഷ്യവർഗ്ഗത്തിനു് തികച്ചും ഗുണകരമായിത്തീരുമെന്നു് അതിൽ പ്രസ്താവിച്ചിരിയ്ക്കുന്നു.

സാർവ്വത്രികവും സമ്പൂർണ്ണവുമായ നിരായുധീകരണം സമ്പദ്ഘടനയുടെ സമാധാനപരമായ ശാഖകളെ വളർത്താനും ജനങ്ങളുടെ ജീവിതനിലവാരങ്ങളുയർത്താനും പ്രയോജനപ്പെടുത്തുന്നതിനുള്ള വമ്പിച്ച മാർഗ്ഗങ്ങൾ തുറന്നിടും. സായുധസേനകളെ പുലർത്തുന്നതിനു് സ്റ്റേറുകൾക്കു് ഇപ്പോൾ വരുന്ന പ്രത്യക്ഷമായ യുദ്ധച്ചിലവുകൾ പ്രതിവർഷം മൊത്തത്തിൽ 130000 മില്ല്യൻ ഡോളറാണു്. എന്നാൽ ഒമ്പതോ പത്തോ മില്ല്യൻ കുടുംബങ്ങൾക്കു് വസതികളോ നാലു മില്ല്യൻ കിടക്കകളോടുകൂടിയ 25,000 ആസ്പത്രികളോ 50,000 സ്കൂളുകളോ 1,000 വ്യവസായ സ്ഥാപനങ്ങളോ നിർമ്മിക്കുന്നതിനുള്ള ചിലവു് 100,000 മില്ല്യൻ ഡോളറാണു്. 25 കൊല്ലത്തെ നിരായുധീകരണം കൊണ്ടു് ലാഭിക്കാൻ കഴിയുന്ന വിഭവങ്ങൾക്കു് മനുഷ്യൻ സൃഷ്ടിച്ച സമ്പത്തിനെ ഇരട്ടിപ്പിക്കാൻ കഴിയും. സ്വാഭാവികമായും വലുതും ചെറുതുമായ, വികസിതവും വികസ്വരവുമായ, എല്ലാ രാഷ്ട്രങ്ങളുടേയും ജീവിതത്തിൽ മൌലികമായ അഭിവൃദ്ധിയെന്നാണു് ഇതിനർത്ഥം. അതുകൊണ്ടു് സാർവ്വത്രികവും സമ്പൂർണ്ണവുമായ നിരായുധീകരണത്തിനുവേണ്ടിയുള്ള തങ്ങളുടെ സമരം മനുഷ്യസമുദായത്തിന്റെ ആകെ ജീവത്തായ താല്പര്യങ്ങൾക്കനുയോജ്യമാണെന്നു് സോവിയറ്റ്യൂണിയൻ സിദ്ധാന്തിക്കുന്നു.

എല്ലാ ഗവർമ്മെണ്ടുകളുടേയും, പ്രഥമമായും വൻ ശക്തിഗവർമ്മെണ്ടുകളുടെ, അന്തിമലക്ഷ്യം ആയുധസജ്ജീകരണത്തിന്റെ കനത്ത ഭാരത്തിൽനിന്ന് എല്ലാ ജനതകളേയും പരിപൂർണ്ണമായി മോചിപ്പിക്കുക എന്നതായിരിക്കണമെന്ന് സോവിയറുയൂണിയൻ അഭിപ്രായപ്പെട്ടുന്നു. എന്നാൽ ഭാഗികമായ നടപടികളെ — ആയുധസജ്ജീകരണങ്ങളും ആയുധശക്തികളും കുറയ്ക്കുക, ന്യൂക്ലിയർ പരീക്ഷണങ്ങൾ നിർത്തുക തുടങ്ങിയവയെ — സോവിയറുയൂണിയൻ നിരാകരിക്കുന്നുവെന്ന് ഇതിനർത്ഥമില്ല. നിരായുധീകരണത്തിലേക്ക് നയിക്കുന്നതോ, കുറഞ്ഞപക്ഷം ആയുധസജ്ജീകരണങ്ങളെ പരിമിതിപ്പെടുത്തുന്നതോ ആയ ഏതു് ചുവടുവെപ്പുകളേയും യു. എസ്സ്. എസ്സ്. ആർ. സ്വാഗതം ചെയ്യുന്നു. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ യു. എൻ. സംഘടനയ്ക്ക് സമർപ്പിച്ചുകൊണ്ടും സ്വന്തം സൈനികച്ചിലവുകൾ വെട്ടിക്കുറച്ചുകൊണ്ടും മറ്റും അതു് മറ്റു രാജ്യങ്ങൾക്ക് വീണ്ടും വീണ്ടും മാതൃക കാട്ടുന്നു.

അന്തരീക്ഷത്തിലും ബഹിരാകാശത്തും വെള്ളത്തിനടിയിലും ന്യൂക്ലിയർ പരീക്ഷണങ്ങൾ നടത്തുന്നതിനെ നിരോധിച്ചുകൊണ്ട് 1963-ൽ മോസ്കോവിൽ ഒപ്പുവെച്ച ഉടമ്പടിയെ സോവിയറുജനത, സമാധാനപ്രേമിയായ മുഴുവൻ ജനതകളോടുമൊപ്പം ഹാർദ്ദമായി സ്വാഗതം ചെയ്തു. മുതലാളിത്തരാജ്യ

ങ്ങൾക്കും സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കും ആയുധപ്പന്തയം നിയന്ത്രിക്കുന്ന കരാറുകളുണ്ടാക്കാൻ തികച്ചും സാദ്ധ്യമാണെന്ന് ഈ ഉടമ്പടി പ്രസ്പഷ്ടമാക്കി.

അതിനെത്തുടർന്ന് ഇതേവഴിക്ക് മറ്റു നടപടികളും എടുക്കുകയുണ്ടായി. അണുവായുധങ്ങൾ കയറ്റിയ വസ്തുക്കൾ ഭ്രമണപഥത്തിലേക്ക് അയയ്ക്കാതിരിക്കുകയെന്ന ഒരു കരാറിൽ (യു. എൻ, അംഗീകരിച്ചത്) യു. എസ്സ്. എസ്സ്. ആറും യു. എസ്സ്. എ.യും എത്തിയിരിക്കുന്നു. സൈനികാവശ്യങ്ങൾക്കായുള്ള വിസ്ഫോടകമായ പദാർത്ഥങ്ങളുടെ ഉല്പാദനം കുറയ്ക്കാമെന്ന് സോവിയറ്റുയൂണിയനും യുണൈറ്റഡ് സ്റ്റേറ്റ്സും ബ്രിട്ടനും പ്രതിജ്ഞ ചെയ്യുകയുണ്ടായി.

എങ്കിലും ആയുധപ്പന്തയം ഒരളവോളം പരിമിതിപ്പെടുത്താനുള്ള ഈ പ്രവണതയെ ദക്ഷിണപൂർവ്വേഷ്യയിലെ യു. എസ്സ്. ആക്രമണനടപടികൾ തകരാറിലാക്കിയിരിക്കുന്നു. വിയറ്റ്നാമിൽ യുദ്ധം നടന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ കുഴപ്പംപിടിച്ച സാർവ്വദേശീയസ്ഥിതി മൌലികമായ നിരായുധീകരണനടപടികൾക്ക് ഉതകുന്നതല്ല. എന്നിരിക്കിലും സൈനിക സജ്ജീകരണങ്ങൾ കൂടുതൽ കുന്നുകൂട്ടുന്നതിനേയും സൈനികോല്പാദനത്തിന്റെ വളർച്ചയേയും നിർത്തൽ ചെയ്യാൻ ഭാഗികമായ ഒട്ടേറെ നടപടികൾ എടുക്കാൻ കഴിയും:

ചന്ദ്രനും മറ്റു ആകാശവസ്തുക്കളുമടക്കമുള്ള ബഹിരാകാശത്തു് പരീക്ഷണം നടത്തുന്നതിലും അതിനെ ഉപയോഗിക്കുന്നതിലും സ്റ്റേറുകൾ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച തത്വങ്ങളിൽ അത്തരം കരാറുകൾ സാദ്ധ്യമാണെന്നു് ഈ ഉടമ്പടി കാണിയ്ക്കുന്നു. സൈനികമായ ശത്രുതയോടുകൂടിയതല്ലാത്തതും, വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളോടുകൂടിയതുമായ സ്റ്റേറുകൾക്കു് ഫലപ്രദമായ സഹകരണത്തിനുള്ള ഒരു മണ്ഡലമാക്കി ബഹിരാകാശത്തെ മാറുന്നതിൽ താല്പര്യമുള്ള പല സ്റ്റേറുകളും ഈ ഉടമ്പടിയിൽ ഒപ്പുവെച്ചിട്ടുണ്ടു്. ഇറാലിയൻ വൃത്താന്തപത്രമായ "സ്റ്റാമ്പ" ഉടമ്പടിയെ പുകഴ്ത്തുകയും "ആയുധപ്പന്തയത്തിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങുന്നതിനെ അടയുക"യാണു് അതിന്റെ ലക്ഷ്യമെന്നു് പ്രസ്താവിക്കുകയും ചെയ്തു. "ഭൂരിപക്ഷം രാഷ്ട്രങ്ങളും ഉടമ്പടിയിൽ ഒപ്പുവെക്കുന്നുണ്ടെന്ന വസ്തുത, ഒരു തെർമോ-ന്യൂക്ലിയർ യുദ്ധത്തിന്റെ സാദ്ധ്യത വൻതോതിൽ കുറയ്ക്കുന്നതിനുള്ള സോവിയറൂണിയന്റെ ശ്രമത്തിനുണ്ടായ ഒരു പുതിയ വിജയത്തെയാണു് സൂചിപ്പിക്കുന്നതു്" എന്നു് ചിലിയിലെ എൽസിഗ്ലോ എന്ന പത്രം എഴുതി.

ബഹിരാകാശത്തെ ആയുധപ്പന്തയത്തെ പ്രതിബന്ധിക്കാനുള്ള ഉടമ്പടി ഭൂമിയിൽ ഒരു നിരായുധീകരണക്കരാറുണ്ടാക്കുവാൻ സഹായിക്കുമെന്നാണു് സോവിയറൂണിയന്റെ പക്ഷത്തുള്ള പ്രത്യാശ.

ന്യൂക്ലിയർ പ്രശ്നങ്ങളുടെ പരിഹാരം — ഒരടിയന്തര കടമ

1963-ലെ മോസ്കോ ഉടമ്പടിയുടെ അനുബന്ധമായി, ഏറ്റവും ഭീകരമായ ഈ ആയുധത്തെ കുറേമെങ്കിലും താക്കിത്തീർക്കാനുള്ള ഭൂഗർഭന്യൂക്ലിയർ പരീക്ഷണങ്ങളെ നിരോധിക്കുന്ന ഒരു കരാറ് എന്തുകൊണ്ടുണ്ടായില്ല എന്ന പ്രശ്നമുദിക്കുന്നു. അപ്രകൃതമായ തടസ്സവാദങ്ങളുന്നയിച്ചുകൊണ്ടും സാർവ്വദേശീയ പരിശോധനയ്ക്കുള്ള ഏർപ്പാടുകൾ വേണമെന്നാവശ്യപ്പെട്ടുകൊണ്ടും — ഇന്നത്തെ സാങ്കേതികശാസ്ത്രനിലവാരത്തിൽ നിലവിലുള്ള ദേശീയ പരിശോധനാമാർഗ്ഗങ്ങളുപയോഗിച്ച് കരാറ് നടപ്പാക്കുന്നതു സംബന്ധിച്ച നിയന്ത്രണം തികച്ചും സാദ്ധ്യമാണെന്നിരിക്കിലും — അത്തരമൊരു കരാർ ഒപ്പിടുന്നതിന്നു് യുനൈറ്റഡ് സ്റ്റേറ്റ്സ് കൂട്ടാക്കിയില്ല. അവസാനമായി ഒരു കരാറുണ്ടാകുന്നതുവരെ ഒരു നിശ്ചിതശക്തിയിൽ കൂടുതലുള്ള വിസ്ഫോടനങ്ങൾ ഭൂഗർഭത്തിൽ നടത്തുന്നതു് നിരോധിക്കാനും മറ്റെല്ലാ ഭൂഗർഭ വിസ്ഫോടനങ്ങളുടേയും മേൽ സമ്മേധയാ ഒരു മൊറാട്ടോറിയം ഏർപ്പെടുത്താനുമുള്ള ഐക്യ അറബ് റിപ്പബ്ലിക്കിന്റെ മദ്ധ്യസ്ഥനിർദ്ദേശത്തെ അമേരിക്ക തള്ളിക്കളഞ്ഞു.

റഷ്യക്കാർ തങ്ങളെ വിഡ്ഢികളാക്കാൻശ്രമിച്ചേക്കുമെന്നു്, കംചാത്കയിലെ ഒരു ഭൂകമ്പമാണെന്ന നാട്യത്തിൽ ഒരു ഭൂഗർഭവിസ്ഫോടനം നടത്തിയേക്കുമെന്നു്,

അമേരിക്കക്കാർ ഭയപ്പെട്ടതുകൊണ്ടല്ല ഇത് ഒന്നിനെ മറ്റേതിൽനിന്നു വേർതിരിച്ചു മനസ്സിലാക്കേണ്ടതെങ്ങിനെയെന്നു വളരെ മുമ്പുതന്നെ അമേരിക്കൻ ശാസ്ത്രജ്ഞർക്കറിയാം. യുണൈറ്റഡ് സ്റ്റേറ്റ്സ് തങ്ങളുടെ ന്യൂക്ലിയർ ആയുധങ്ങൾ ഇനിയും കൂട്ടമാറ്റാക്കിത്തീർക്കാൻ ആഗ്രഹിക്കുന്നുവെന്നതാണു കാര്യം. ഔദ്യോഗിക വിവരങ്ങളനുസരിച്ചു 1963-ലെ മോസ്കോ ഉടമ്പടി ഒപ്പിട്ടതിനുശേഷമുള്ള 3കൊല്ലക്കാലത്തു് 570മില്ല്യൻ ഡോളർ ചിലവഴിച്ചു തയ്യാറാക്കിയ ഏതാണ്ടു നൂറോളം ഭൂഗർഭ വിസ്ഫോടനങ്ങൾ യുണൈറ്റഡ്സ്റ്റേറ്റ് നടത്തിയിട്ടുണ്ടു്. ഈ പരീക്ഷണങ്ങളുടെ സഹായത്തോടെ ന്യൂക്ലിയർ യുദ്ധായുധങ്ങളുടെ ഒരു പുതിയ പരമ്പരയും സൃഷ്ടിച്ചിട്ടുണ്ടു്. 18 രാഷ്ട്രങ്ങളുടെ നിരായുധീകരണസമിതിയിൽ ഭൂഗർഭ ന്യൂക്ലിയർ പരീക്ഷണങ്ങൾ നിരോധിക്കുന്നതിനുള്ള ഒരു കരാറുണ്ടാക്കാൻ കഴിയാതെ പോയതിനു കാരണമതാണു്.

മറ്റൊരു പ്രധാന പ്രശ്നം അണുവായുധങ്ങളുടെ നിർവ്യാപനമാണു്. ജീവത്തായ ഈ പ്രശ്നം താമസംകൂടാതെ പരിഹരിക്കാൻ കഴിയുമെന്നും പരിഹരിക്കണമെന്നുമാണു് സോവിയറ്റ് യൂണിയന്റെ അഭിപ്രായം. ന്യൂക്ലിയർ ആയുധങ്ങൾ കൈവശമുള്ള രാജ്യങ്ങൾ എത്രകണ്ടു വർദ്ധിക്കുന്നുവോ അത്രകണ്ടു് ലോകത്തെ നശിപ്പിക്കുവാൻ കഴിയുന്ന ഒരു ന്യൂക്ലിയർ സംഘട്ടനത്തിന്റെ വിപത്തു് വലുതായിത്തീരുന്നുവെന്നു എല്ലാവരും മനസ്സിലാക്കുന്നു. ആറ്റംബോംബുകളുല്പാദി

പ്പിക്കാൻ കഴിവു നൽകുന്ന ആറ്റമിക് റിയാക്ടറുകളോ ടുകൂടിയ 26 രാജ്യങ്ങളുണ്ടെന്ന വസ്തുത ഒരു നിർവ്യാപന ഉടമ്പടിക്കുള്ള കാലം എത്രയോ അതിക്രമിച്ചിരിക്കുന്നുവെന്നാണു കാണിക്കുന്നതു്.

ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിലെ ന്യൂക്ലിയർ സന്നാഹങ്ങൾ പ്രത്യേകിച്ചും ആപൽക്കരമാണു്. റോക്കറ്റ്-ന്യൂക്ലിയർ ഗവേഷണത്തിനുള്ള ചിലവുകൾ ഈയ്യിടെയായി ബഹുവിധമായി വർദ്ധിച്ചിരിക്കുകയാണു്. ആറ്റമിക് റിയാക്ടറുകളുടെ നിർമ്മാണം ഊർജ്ജിതമായി നടക്കുന്നു. പ്രതിവർഷം നൂറുകണക്കിനു് ആറ്റംബോംബുകൾ ആ രാജ്യത്തിനുണ്ടാക്കുവാൻ കഴിയുമാറു് അതിവേഗം അവിടത്തെ പ്ലൂട്ടോണിയം ഉല്പാദനം വർദ്ധിക്കും.

ലോകപൊതുജനാഭിപ്രായത്തെ മയപ്പെടുത്താനുള്ള ശ്രമത്തിൽ തങ്ങൾ സ്വന്തമായ ന്യൂക്ലിയർ ആയുധങ്ങളുണ്ടാക്കാനോ കൈവശമാക്കാനോ, അഥവാ തങ്ങളുടെ ഭൂപ്രദേശത്തേക്കു അവ കൈമാറ്റം ചെയ്യാനോ ശ്രമിക്കുന്നില്ലെന്നു ബോൺ നേതാക്കൾ അവകാശപ്പെടുന്നു. ബോണിന്റെ വാഗ്ദാനങ്ങളുടെ ഫലമെന്തായിരുന്നുവെന്നു വിസ്മരിക്കണമെങ്കിൽ ഓർമ്മശക്തി വളരെ കുറഞ്ഞുപോകണം. ഒരൊറ്റ ദൃഷ്ടാന്തമിതാ: അഞ്ഞൂറാദശകത്തിന്റെ അവസാനത്തിൽ. പശ്ചിമജർമ്മനി വരാനിരിക്കുന്ന എല്ലാ കാലത്തേക്കുമായി അതിന്റെ സ്വന്തമായ ഒരു സൈന്യത്തെ സൃഷ്ടിക്കുന്നതിനുള്ള എല്ലാ

അവകാശവാദങ്ങളും ഉപേക്ഷിക്കുന്നുവെന്നു ഫെഡറൽ ജർമ്മനിയുടെ പ്രസിഡണ്ടും ചാൻസിലറും സഗൗരവം പ്രഖ്യാപിച്ചു. ഇന്നു പശ്ചിമയൂറോപ്പിലെ ഏറ്റവും ശക്തിമത്തായ സൈന്യം ബുണ്ടേശ്വർ ആണു്.

സ്വന്തം ന്യൂക്ലിയർശക്തി സൃഷ്ടിക്കുവേതന്നെ നാറ്റോ വഴി ന്യൂക്ലിയർ ആയുധം നേടാൻ ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്ക് ശ്രമിച്ചുകൊണ്ടിരിക്കുന്നുമുണ്ടു്. ന്യൂക്ലിയർ ആയുധസജ്ജീകരണത്തിനുള്ള കൂട്ടുവ്യവസ്ഥയിൽ പശ്ചിമജർമ്മനിയെ ഉൾപ്പെടുത്താനുള്ള പദ്ധതികൾ ന്യൂക്ലിയർ ആയുധങ്ങളിലേക്കു പ്രച്ഛന്നവേഷത്തിൽ അതിനു പ്രവേശനം നൽകാൻ ഉദ്ദേശിക്കപ്പെട്ടതാണു്. ഈ പദ്ധതികളെ വാഷിങ്ടൺ വളരെ ആനുകൂല്യത്തോടെയാണു പരിഗണിക്കുന്നതു്. ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കും നാറ്റോ സഖ്യശക്തികളും തമ്മിലുള്ള 1954-ലെ കരാറുകൾ ന്യൂക്ലിയർ ആയുധങ്ങൾ നിർമ്മിക്കുന്നതിൽനിന്നു ബോണിനെ തടയുന്നുണ്ടെങ്കിലും അവ മറ്റു രാജ്യങ്ങളിൽനിന്നു വാങ്ങുന്നതിനെ തടയുന്നില്ലെന്നുള്ള അമേരിക്കൻ പത്രങ്ങളിലെ റിപ്പോർട്ടുകൾ, മറ്റു പലതിന്റെയും കൂട്ടത്തിൽ, ഇതു സ്ഥിരീകരിക്കുന്നു. സ്പഷ്ടമായും തങ്ങൾക്കെതിരായി ഉപയോഗിക്കുന്ന റോക്കറ്റുകൾക്കും ബോംബുകൾക്കും 'യു. എസ്. എ. യിൽ ഉണ്ടാക്കിയതു്' എന്ന അടയാളമായിരിക്കും 'എഫ്. ആർ. ജി. യിൽ ഉണ്ടാക്കിയതു്' എന്നതിനേക്കാൾ ഫ്രഞ്ചുകാരോ പോളണ്ടുകാരോ ഇ

ഷ്ടപ്പെട്ടുക എന്നു് ഈ റിപ്പോർട്ടുകളുടെ കർത്താക്കൾ കരുതുന്നു.

ബോൺഗവൺമെണ്ടു് ന്യൂക്ലിയർ ആയുധങ്ങൾ സമ്പാദിക്കാൻ മറ്റു മാർഗ്ഗങ്ങളും ആരായുന്നു. നേരിട്ടു പങ്കെടുക്കാമെന്ന പ്രതീക്ഷയോടെ, ഒരു യൂറോപ്യൻ ന്യൂക്ലിയർസേന സൃഷ്ടിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി അവർ സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. പശ്ചിമയൂറോപ്പിൽ പശ്ചിമജർമ്മൻ മേധാവിത്വം സ്ഥാപിക്കുന്നതിനു തൊട്ടുതാഴെയുള്ള ഒരു നടപടിയാണിതു്.

ഒട്ടേറെ യൂറോപ്യൻരാജ്യങ്ങളുടെ മേൽ ഭൂപരമായ അവകാശവാദങ്ങൾ പരസ്യമായി ഉന്നയിക്കുന്ന പ്രതികാരമോഹികൾക്കു് ഈ ഭയങ്കരമായ ആക്രമണായുധങ്ങളിലേക്കു പ്രവേശനം കിട്ടിയാൽ എന്താണു സംഭവിക്കുകയെന്നു പശ്ചിമജർമ്മനിയുടെ അയൽപക്കക്കാർ നല്ലപോലെ മനസ്സിലാക്കുന്നുണ്ടു്. തീർച്ചയായും പല യൂറോപ്യൻരാജ്യങ്ങളും തങ്ങളുടെ സൈന്യശക്തി വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടിയെടുക്കാൻ നിർബ്ബന്ധിതരായിത്തീരും. കൂട്ടായ നശീകരണത്തിന്റെ ആയുധങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിലേക്കും വലുതും ചെറുതുമായ എല്ലാ രാജ്യങ്ങളേയും ഒരു ന്യൂക്ലിയർ പന്തയത്തിലേക്കു വലിച്ചിഴയ്ക്കുന്നതിലേക്കും ഇതെല്ലാം എത്തിക്കുമെന്ന അഭ്യൂഹം സയുക്തികം മാത്രമാണു്.

ഒരു നിർവ്യാപനഉടമ്പടി ഒപ്പുവെക്കാൻ ഇന്നും യുണൈറഡ്സ്റ്റേറ്റ്സ് തയ്യാറാണെന്ന്, ചില പ്രമുഖ യു. എസ്. രാഷ്ട്രതന്ത്രജ്ഞരെ വിശ്വസിക്കാമെങ്കിൽ, നമുക്കനുമാനിക്കാം. ഉദാഹരണത്തിന്ന്, അണുവായുധങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതുകൊണ്ടുണ്ടാകുന്ന നാശം തടയുവാനുള്ള ശ്രമങ്ങൾ യുണൈറ്റഡ്സ്റ്റേറഡ് എല്ലാ നിലയ്ക്കും തുടരുമെന്ന വൈസ് പ്രസിഡണ്ട് ഹംഫ്രി പ്രസ്താവിച്ചു. വൈസ്പ്രസിഡണ്ടിന്റെ ഭംഗിയുള്ള വാക്കുകൾക്ക വിപരീതമായി, യുണൈറഡ്സ്റ്റേറ്സിലെ സ്വാധീനവൃത്തങ്ങൾ, പശ്ചിമയൂറോപ്പിലെ തങ്ങളുടെ സൈനികനിലകൾ ശക്തിപ്പെടുത്താനുള്ള ഒരു മാർഗ്ഗമെന്ന കരുതി ജർമ്മൻ ഫെഡറൽ റിപ്പബ്ളിക്കുമായി സൈനികസഹകരണം തുടരുകയാണ്. ഒരു നിർവ്യാപനക്കരാറിൽ എത്തുന്നതിനുള്ള യു. എസ്. വൈമനസ്യത്തെ ഇതു വിശദീകരിക്കുന്നു. കരാറിനുള്ള അമേരിക്കയുടെ കരടുരേഖയ്ക്കു തികച്ചും മറെറാരു ലക്ഷ്യമാണുള്ളത്; അണുവായുധങ്ങൾ കൈവശമുള്ള രാജ്യങ്ങളിൽനിന്ന് അണുവായുധങ്ങളില്ലാത്ത ശക്തികൾക്കു ലഭിച്ച അണുവായുധങ്ങളുടെ ഉപയോഗത്തെ ക്രമീകരിക്കുന്നതിന്ന് ഉറപ്പുവരുത്തുക. എല്ലാ തരത്തിലുമുള്ള, പ്രത്യക്ഷവും പരോക്ഷവുമായ (സൈനികബ്ളോക്കുകൾവഴിയും സഖ്യങ്ങൾവഴിയും) അണുവായുധവ്യാപനം നിർത്തൽചെയ്യുന്നതിനുള്ള ഒരു കരാറുണ്ടാക്കാൻ നിർദ്ദേശിക്കുന്ന സോവിയറുയൂണിയൻ മൗലികമായി പ്രശ്നം പരിഹരിക്കുന്നതിനനുകൂലമാണ്. അതു സാധിക്കുന്നതിനു നൃക്ലി

യർരഹിതസ്റ്റേറുകളിലെ സായുധശക്തികൾക്കോ ഘടകങ്ങൾക്കോ വ്യക്തികൾക്കോ ന്യൂക്ലിയർ ആയുധങ്ങൾ നൽകുന്നതിൽനിന്നു ന്യൂക്ലിയർ ശക്തികളെ തടയുകയോ അവയുടെമേൽ നിയന്ത്രണം വെക്കുകയോ ചെയ്യേണ്ടതാവശ്യമാണു്. അത്തരമൊരു കരാറു് അതിലെ വകുപ്പുകളെ ഇഷ്ടംപോലെ ദുർവ്യാഖ്യാനം ചെയ്യാനുള്ള എല്ലാ സാദ്ധ്യതകളേയും ഒഴിവാക്കിയുള്ളതായിരിക്കണമെന്നു സോവിയറുയൂണിയനു നിർബ്ബന്ധമുണ്ടു്.

സമാധാനം വളർത്തുന്ന പ്രമേയങ്ങൾ

അണുവായുധങ്ങളുടെ നിർവ്യാപനത്തിനുള്ള ഒരു കരാറിനെ നിരാകരിക്കുന്ന സ്റ്റേറുകളെ സംബന്ധിച്ച ഒരു പ്രമേയം യു. എൻ. ജനറലസംബ്ളിയുടെ 21-ാംസമ്മേളനം അംഗീകരിച്ചു. തദ്വാരാ ബഹുജനനാശത്തിനുള്ള ഉപാധികളിലേക്കു പ്രവേശനംകിട്ടാൻ ബോൺ പട്ടാളമേധാവികൾ നടത്തുന്ന ശ്രമങ്ങളുടെനേക്കു് ഏറ്റവും വലിയ സാർവ്വദേശീയവേദി അതിന്റെ വിസമ്മതം വ്യക്തമായി പ്രകടിപ്പിച്ചു. ഈ പ്രമേയത്തിനു വോട്ടുചെയ്ത സ്റ്റേറുകളാണു് അതു നടപ്പാക്കേണ്ടതു്. ചിരപ്രതീക്ഷിതമായ നിർവ്യാപന ഉടമ്പടിയും അടുത്ത ഭാവിയിൽ ഉണ്ടായിത്തീരും.

ന്യൂക്ലിയർ ആയുധങ്ങൾ പരിപൂർണ്ണമായി നിരോധിക്കുന്നതും നശിപ്പിക്കുന്നതുമായ ഒരു മികച്ച കാൽവെപ്പു് സോവിയറുയൂണിയനും അതിനെ പിൻതാ

ങ്ങുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങളും ഈ ഉടമ്പടിയിൽ കാണുന്നു.

ആയുധങ്ങളില്ലാത്ത ഒരു ലോകത്തിനുവേണ്ടി യത്നിക്കുന്ന സോവിറ്റ്നയതന്ത്രം മേല്പറഞ്ഞ പ്രശ്നങ്ങളിൽ മാത്രം സ്വയം ഒതുങ്ങിനിൽക്കുന്നില്ല. അണുവായുധങ്ങളുടെ ഉപയോഗം നിരോധിക്കൽ, ഈ ആയുധങ്ങൾ ആദ്യമായി ഉപയോഗിക്കുകയില്ലെന്നു സ്റ്റേറുകൾ ബാദ്ധ്യതയേൽക്കൽ, ലോകത്തിന്റെ വ്യത്യസ്ത ഭൂഭാഗങ്ങളിൽ ആറ്റംസ്വതന്ത്രമേഖലകൾ സൃഷ്ടിക്കൽ എന്നിവ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ആയുധങ്ങളിൽനിന്നു ലോകത്തെ രക്ഷിക്കാനുള്ള മറ്റു നിർദ്ദേശങ്ങളും യുദ്ധാനന്തരവർഷങ്ങളിൽ സോവിയറ്റ്യൂണിയൻ സമർപ്പിക്കുകയുണ്ടായി.

നമ്മുടെ ഗ്രഹത്തിൽ സമാധാനം കാത്തുസൂക്ഷിക്കുന്നതിനുള്ള മർമ്മപ്രധാനമായ മറ്റു പ്രശ്നങ്ങളും സോവിയറ്റ് മുൻകയ്യോടെ 21-ാംസമ്മേളനം ചർച്ചചെയ്തു.

ഈ പ്രശ്നങ്ങളിൽ ആദ്യത്തേതിനെപ്പറ്റിയുള്ള ചർച്ച—മറ്റു സ്റ്റേറുകളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനെ അനുവദിക്കാതിരിക്കുക എന്നതും അവയുടെ സ്വാതന്ത്ര്യവും പരമാധികാരവും കാത്തുരക്ഷിക്കുകയെന്നതും സംബന്ധിച്ചത്—ഒരു പ്രമേയം അംഗീകരിച്ചുകൊണ്ടവസാനിച്ചു. ചില സ്റ്റേറുകൾ മറ്റുള്ളവയുടെ ആഭ്യന്തരകാര്യങ്ങളിൽ തുടർച്ചയായി സായുധം ഇടപെടുന്നതിൽ പ്രമേയം ഉൽക്കണ്ഠ പ്രക

ടിപ്പിച്ചു. അതു പ്രഥമവും പ്രധാനവുമായി വിയറ്റ് നാമിലെ യു. എസ്. ആക്രമണത്തിലുള്ള ലോകപൊതുജനത്തിന്റെ പരിഭ്രാന്തിയെ പ്രതിഫലിപ്പിച്ചു.

ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാറ്റിൻഅമേരിക്കയിലേയും നാടുകളിലുള്ള വിദേശസൈനികത്താവളങ്ങൾ പൊളിച്ചുനീക്കുന്നതു സംബന്ധിച്ച മറെറാരു സോവിയറ്റ് നിർദ്ദേശം ചർച്ചയെ ചൂടുപിടിപ്പിക്കുകയും പൊതുവേ അടക്കം കാണിക്കുന്ന ചില പാശ്ചാത്യരാജ്യതന്ത്രജ്ഞരെ ക്ഷോഭിപ്പിക്കുകയും ചെയ്തു. കാരണമുണ്ട്: പരമാധികാരമുള്ള രാജ്യങ്ങൾക്കും ദേശീയ വിമോചന പ്രസ്ഥാനങ്ങൾക്കും എതിരായ അട്ടിമറിപ്രവത്തനത്തിന്റെ ശക്തികേന്ദ്രങ്ങളായ പാശ്ചാത്യശക്തികളുടെ സൈനികത്താവളങ്ങൾ ശക്തിയായ എതിർപ്പിന്നു വിധേയമായി. താവളങ്ങളുടെ പ്രശ്നം, സാവ്വദേശീയ സമാധാനത്തേയും ഭദ്രതയേയും സംബന്ധിച്ചേടത്തോളം അതിന്നുള്ള പ്രാധാന്യം മുൻനിർത്തി കാര്യമായ പരിഗണന അർഹിക്കുന്നതാണെന്നു പറയുന്ന ഒരു പ്രമേയം ജനറൽ അസംബ്ളി അംഗീകരിച്ചു. ഈ പ്രശ്നം സംബന്ധിച്ച ചർച്ച് 18 രാഷ്ട്രങ്ങളുടെ നിരായുധീകരണസമിതിയിൽ തുടന്നുവരുന്നു.

മറു രാജ്യങ്ങൾഅവതരിപ്പിച്ചിരുന്നതും സമാധാനലക്ഷ്യത്തെ സഹായിക്കുന്നതുമായ എല്ലാ പ്രമേയങ്ങൾക്കും സോവിയറ്റ് പ്രതിനിധിസംഘം വോട്ടുചെയ്തു. സാവ്വദേശീയബന്ധങ്ങളിൽ ശക്തിയുടെ ഭീഷണിയോ പ്രയോഗമോ സംബന്ധിച്ച നിരോധനത്തി

ന്റെ കണിശമായ അനുഷ്ഠാനവും സ്വയംനിർണ്ണയാവകാശത്തിനുള്ള രാഷ്ട്രങ്ങളുടെ അവകാശവും സംബന്ധിച്ച ഒരു ചെക്കോസ്ലോവാക്ക് പ്രമേയം, രാസപദാർത്ഥങ്ങളും വിഷാണുക്കളുമടങ്ങിയ ആയുധങ്ങളുടെ ഉപയോഗത്തെ നിരോധിക്കണമെന്നും, എല്ലാ രാജ്യങ്ങളും 1965-ലെ ജനീവാ പ്രമാണത്തെ അനുവർത്തിക്കണമെന്നും ആവശ്യപ്പെടുന്ന ഒരു ഹങ്കേറിയൻ പ്രമേയം എന്നിവ അവയിൽ പെടുന്നു. ഒടുവിലത്തെ പ്രമേയം ഫലത്തിൽ വിയറ്റ്നാമിൽ രാസായുധങ്ങൾ പ്രയോഗിക്കുന്ന അമേരിക്കയെ അധിക്ഷേപിക്കുന്നതാണ്. അതു ജനറൽ അസംബ്ളി അംഗീകരിച്ചു.

ഏതു സ്റ്റേറ്റിനേറെയും ആത്മാർത്ഥമായ സമാധാനനീക്കങ്ങളെ എല്ലായ്പോഴും സോവിയറ്റു പ്രതിനിധിസംഘം പിൻതാങ്ങിയിട്ടുണ്ട്.

ആക്രമണത്തിനെതിരായി പരസ്യമായി മുന്നോട്ടുവന്ന യു. എൻ. അംഗരാഷ്ട്രങ്ങളുടെ ഐക്യംനേടാനും തദ്വാരാ ലോകസമാധാനത്തിനും ദേശീയസ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സമരത്തിൽ ഐക്യരാഷ്ട്രസഭയുടെ പങ്കു് വർദ്ധിപ്പിക്കാനും സോവിയറ്റുയൂണിയൻ ഇടതടവില്ലാതെ ശ്രമിച്ചു.

ചില പാശ്ചാത്യശക്തികൾ സൃഷ്ടിക്കുന്ന എല്ലാ പ്രതിബന്ധങ്ങളുണ്ടായിട്ടും ആയുധപ്പന്തയം, സർവ്വോപരി ന്യൂക്ലിയർപന്തയം, നിറുത്തൽചെയ്യുന്നതിനും പരിമിതിപ്പെടുത്തുന്നതിനുമുള്ള ഒരു മാഗ്രം ജനകീയാഭി

ലാഷത്തിന്നനുസരിച്ചു വൻശക്തികൾ കണ്ടെത്തുമെന്നു്, ഈ വഴിക്കു പ്രായോഗികമായ നടപടികളെടുക്കുമെന്നു്, സോവിയറുപൊതുജനം വിശ്വസിക്കുന്നു.

അതുകൊണ്ടു സമാധാനം വളർത്താനുള്ള പ്രമേയത്തിനു വോട്ടുചെയ്യുന്ന എല്ലാ സ്റ്റേറുകളും ഈ പ്രമേയങ്ങൾ നടപ്പാക്കുന്നതിനു പരമാവധി യത്നിക്കേണ്ടതാവശ്യമാണു്.

യൂറോപ്യൻ ഭദ്രതയെ കാത്തുരക്ഷിക്കുക

ദശക്കണക്കിനു് രാഷ്ട്രങ്ങളുണ്ടു് യൂറോപ്പിൽ. നിർഭാഗ്യവശാൽ അവർ എല്ലായ്പ്പോഴും സമാധാനത്തിലും മമതയിലും കഴിയുന്നില്ല. ഈ നൂറാണ്ടിന്റെ ആദ്യപകുതിയുടെ കാലത്തു് രണ്ടുപ്രാവശ്യം യുദ്ധത്തിന്റെ തീജ്ജ്വാലകൾ യൂറോപ്പിനെ മൂടുകയുണ്ടായി. ഓരോ ഘട്ടത്തിലും ജർമ്മൻ സൈനികമേധാവിത്വമാണു് യുദ്ധം അഴിച്ചുവിട്ടതു്.

1945–ൽ ഹിറ്റ്ലർ വെഹ്ർമാക്ടു് പരാജയപ്പെട്ടശേഷം, വിനാശകരമായ രണ്ടു യുദ്ധങ്ങളുടെ എണ്ണമറ്റ നഷ്ടങ്ങളനുഭവിച്ച യൂറോപ്പിലെ ജനതകൾ ഹിറ്റ്ലർ സൈനികമേധാവിത്വം എന്നെന്നേക്കുമായി ഉച്ചനീക്കപ്പെട്ടുവെന്നു് വിശ്വസിച്ചു. ജർമ്മൻ സൈനികമേധാവിത്വത്തിനും നാസിസത്തിനും സ്ഥിരമായ ഒരു നിരോധം പ്രഖ്യാപിക്കുകയും കൂട്ടുഭദ്രതയുടെ അടിസ്ഥാനത്തിൽ സമൂർത്തമായ ഒരു സമാധാന പരി

പാടി തയ്യാറാക്കുകയും ചെയ്ത പോട്ട്സ് ഡാം കരാറു് അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തി.

പക്ഷെ ചില വർഷങ്ങൾക്കകം പാശ്ചാത്യലോകം പോട്ട്സ് ഡാം തീരുമാനങ്ങളെ മറന്നപോലായി. സൈനികമേധാവിത്വം റൈനിൽ അതിന്റെ തല പൊക്കുകയായി, രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങളെ മാറ്റിപ്പുതുക്കണമെന്നും 1947ന്റെ അതിർത്തിക്കുള്ളിൽ റീഷിനെ പുനരധിവസിപ്പിക്കണമെന്നും ജർമ്മൻ ജനാധിപത്യറിപ്പബ്ലിക്കിനെ കൂട്ടിച്ചേർത്തുകൊണ്ടു് രണ്ടു ജർമ്മൻസ്റ്റേറുകളെ പുനസ്സംയോജിപ്പിക്കണമെന്നും പരസ്യമായി ആവശ്യപ്പെട്ടുകൊണ്ടു് ബോൺ രാഷ്ട്രീയതന്ത്രത്തിന്റെ പഴുതുകളിലൂടെ പ്രതികാരമോഹികൾ പുറത്തേക്കു് നുഴഞ്ഞുകയറുവാൻ തുടങ്ങി.

പ്രധാനമായും യു. എസ്. എയുടെ പരിശ്രമഫലമായി സൃഷ്ടിക്കപ്പെട്ട ഉത്തര അത്തലാന്തിക്കു് സൈനികച്ചേരിയിൽ ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കു് ഒരു പ്രമുഖസ്ഥാനം കൈവശമാക്കിയിരിയ്ക്കുന്നു. അതു് നാറ്റോവിലെ യൂറോപ്യൻ നേതൃശക്തിയായി ന്യൂക്ലിയർ ആയുധങ്ങൾ അവകാശപ്പെടുകയാണു്. ബോൺ പ്രതികാരമോഹികളുടെ ഉദ്യമങ്ങളെ അമേരിയ്ക്ക സഹായിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. എന്തെന്നാൽ പശ്ചിമജർമ്മൻ സൈനികമേധാവിത്വത്തെയാണു് അതു് അവലംബിക്കുന്നതു്. യൂറോപ്പിൽ യു. എസ്. പട്ടാളങ്ങളുടെ സാന്നിദ്ധ്യവും യു. എസ്. സൈനികത്താവളങ്ങളുടെയും ന്യൂക്ലിയർ ആയുധങ്ങളു

ടേയും അണികളും ആ ഭൂഖണ്ഡത്തിലെ പിരിമുറുക്കത്തിൽ അയവുവരുത്താൻ സഹായിക്കുകയില്ല. യൂറോപ്പിൽ നിലവിലുള്ള സ്ഥിതിയെ വിമർശനപരമായി വീക്ഷിച്ചുകൊണ്ട് സോവിയറ്റ് യൂണിയൻ അഭിപ്രായപ്പെട്ടതു്, സമാധാനമെന്ന ലക്ഷ്യത്തിനു് വമ്പിച്ച ആപത്തു് അവിടെ നിറഞ്ഞുനില്ക്കയാണെന്നാണു്. യൂറോപ്പിന്റെ രാഷ്ട്രീയകാലാവസ്ഥ മെച്ചപ്പെട്ടത്താനം അവിടെ ഒരു മൂന്നാംലോകയുദ്ധം അഴിച്ചുവിടുന്നതിനുള്ള സാദ്ധ്യതയെ പ്രതിരോധിക്കാനും തികച്ചും സാദ്ധ്യമാണു്. 1966 ഗ്രീഷ്മത്തിൽ ബുക്കാറസ്റ്റിൽ ചേർന്ന വാർസാ ഉടമ്പടി അംഗരാഷ്ട്രങ്ങളുടെ രാഷ്ട്രീയകൂടിയാലോചനാ സമിതിയുടെ സമ്മേളനം ഇതു് ദൃഢീകരിക്കുകയുണ്ടായി. സമ്മേളനത്തിൽ പങ്കെടുത്ത യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങൾ യൂറോപ്പിൽ ഒരു കൂട്ടുരക്ഷാവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള സമൂർത്തവും സുകരവുമായ ഒരു പരിപാടി തയ്യാറാക്കി.

സോവ്യറ്റു യൂണിയനടക്കം വാർസാ ഉടമ്പടിയിലെ എല്ലാ അംഗരാഷ്ട്രങ്ങളും ഒപ്പിട്ട, യൂറോപ്പിലെ സമാധാനവും ഭദ്രതയും ശക്തിപ്പെടുത്തുന്നതിനുള്ള പ്രഖ്യാപനം ഇങ്ങനെ നിർദ്ദേശിക്കുന്നു:

ഒന്നാമതു്, സ്വാതന്ത്ര്യത്തിനേറയും ദേശീയപരമാധികാരത്തിനേറയും സമത്വത്തിനേറയും, അന്യോന്യമുള്ള ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നതിനേറയും പരസ്പര ഗുണത്തിനേറയും, എന്നുവെച്ചാൽ വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളോടുകൂടിയ സ്റ്റേറുകളു

ടെ സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്വങ്ങളുടെ, അടിസ്ഥാനത്തിൽ നല്ല അയൽപക്ക ബന്ധങ്ങൾ വളർത്തുക. ഇതു നേടുന്നതിനുള്ള പ്രത്യക്ഷമാർഗ്ഗം സാമ്പത്തിക-വ്യാപാരബന്ധങ്ങളെ ശക്തിപ്പെടുത്തലും ശാസ്ത്രം, സാങ്കേതികവിദ്യ, സംസ്കാരം, കലകൾ എന്നിവയിൽ സഹകരണവുമാണു്. യൂറോപ്യൻ രാജ്യങ്ങളുടെ സഹകരണത്തിന്റെ പുതിയ സാദ്ധ്യതകളാണിവ. എത്രകണ്ടു് വിപുലവും വ്യത്യസ്തവുമായ സാമ്പത്തിക-വ്യാപാര-ശാസ്ത്രീയ-സാങ്കേതിക-സാംസ്കാരിക ബന്ധങ്ങൾ രാഷ്ട്രങ്ങൾ തമ്മിലുണ്ടാകുന്നുവോ അത്രകണ്ടു് ദൃഢവും സുസ്ഥിരവുമായിരിയ്ക്കും യൂറോപ്യൻ ഭദ്രത.

സോഷ്യലിസ്റ്റ് രാജ്യങ്ങളും മുതലാളിത്ത രാജ്യങ്ങളും തമ്മിലുള്ള മേത്തരമായ ബന്ധങ്ങളുടെ എത്രയോ ഉദാഹരണങ്ങൾ യൂറോപ്യൻ ജനതകൾക്കു് അറിവുള്ളതാണു്. സോവിയറ്റു യൂണിയനും ഫ്രാൻസും തമ്മിൽ കൂടുതൽ നല്ല ബന്ധങ്ങൾ സൃഷ്ടിച്ചിട്ടുണ്ടു്. യൂറോപ്പിലെ എല്ലാ രാഷ്ട്രങ്ങൾക്കും മൈത്രിയിലും രഞ്ജിപ്പിലും ജീവിയ്ക്കാൻ ഇന്നു് പരിതസ്ഥികൾ അനുകൂലമാണു്.

രാഷ്ട്രതന്ത്രജ്ഞർ തമ്മിലുള്ള സമ്പർക്കങ്ങൾ മുതലാളിത്ത ഫ്രാൻസിനു്, യു.എസ്.എസ്.ആറുമായും ഒട്ടേറെ പൂർവ്വയൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളുമായും—പോളണ്ടു്, റുമാനിയ ചെക്കോസ്ലോവാക്യ, ബൾഗേറിയ, ഹങ്കറി—ബന്ധങ്ങൾ മെച്ചപ്പെടുത്താനും വള

ത്താനും സാദ്ധ്യമാക്കിയിരിക്കുന്നു. പ്രസിദ്ധണ്ട് ഡീ ഗോൾ കഴിഞ്ഞ ഒക്ടോബറിൽ ചൂണ്ടിക്കാണിച്ചു;

"...ഈ ജനതകൾ തമ്മിലുള്ള ഒരു ശീതയുദ്ധം ഇന്ന് തികച്ചും അയുക്തികമായ ഒന്നായാണ് തോന്നുന്നത്. മറിച്ച് സർവ്വതോമുഖമായ സൗഹൃദസഹകരണം വളർന്നുകൊണ്ടിരിക്കുകയാണ്..."

സോവിയറ്റ് യൂണിയൻ മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങൾ എന്നിവയും ഫിൻലണ്ട്, ഇറലി, ബ്രിട്ടൻ, ആസ്ത്രിയ, ഡെൻമാർക്ക്, തുടങ്ങിയവയും തമ്മിലുള്ള സമ്പർക്കങ്ങൾ വിജയകരമായി വളർന്നുകൊണ്ടിരിക്കയാണ്. യൂറോപ്പിന്റെ വെടിമരുന്നറയാകാറുള്ള ബാൾക്കൻസിലെ സ്ഥിതി ഗണനീയമാംവിധം മെച്ചപ്പെട്ടിരിക്കുന്നു.

സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്വങ്ങൾ യൂറോപ്യൻ രാജ്യങ്ങളുടെ ബന്ധങ്ങളിൽ വർദ്ധമാനമായ തോതിൽ ഒരളവുകോലായിത്തീർന്നുകൊണ്ടിരിക്കുകയാണ്. സമാധാനപരമായ സഹവർത്തിത്വത്തിന്റെ ശത്രുക്കളായ പ്രതികാരമോഹികൾ രാഷ്ട്രീയമായി കൂടുതൽ ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

രണ്ടാമത്, യൂറോപ്പിലെ സൈനികസംഘർഷാവസ്ഥ കുറയ്ക്കുന്നതിനുള്ള നടപടിയെടുക്കുക. അത് ചെയ്യുന്നതിനുള്ള ഏറ്റവും ഫലപ്രദമായ വഴി നിലവിലുള്ള സൈനികസഖ്യങ്ങൾ — നാറ്റോവും വാർസാ ഉടമ്പടിയും ഒന്നിച്ചു — പൊളിച്ചു നീക്കുകയായിരിക്കും.

ലോകത്തെ ശത്രുസൈനികസംഘങ്ങളായി വിഭജിക്കുന്നതു് സാവ്ത്രികമായ സമാധത്തിന്നും ഭദ്രതയ്ക്കും ആപല്ക്കരമാണെന്നു് കരുതുന്നതുകൊണ്ടു് സോഷ്യലിസ്റ്റു് രാജ്യങ്ങൾ സൈനികകച്ചേരികൾക്കു് എന്നും എതിരാണു്. വാർസാ ഉടമ്പടിയെ സംബന്ധിച്ചാണെങ്കിൽ നാറ്റോവിന്റെ രൂപീകരണവും പശ്ചിമജർമ്മനിയെ അതിലുൾപ്പെടുത്തിയതും അത്തരമൊരുടമ്പടി ആവശ്യമാക്കിത്തീർത്തതാണു്. അന്നു് 'കിഴക്കുനിന്നുള്ള ഭീഷണി'യെപ്പറ്റി പാശ്ചാത്യപത്രങ്ങൾ കോലാഹലം കൂട്ടി. ഇപ്പോൾ അത്തരം സംസാരം വെറും അസംബന്ധമായാണു് കണക്കാക്കുന്നതു്. അത്തരമൊരു ഭീഷണി നിലനിൽക്കുന്നില്ലെന്നു്, പശ്ചിമയൂറോപ്പിനെ വെട്ടിപ്പിടിയ്ക്കാനുള്ള ഉദ്ദേശം യു. എസ്. എസ്. ആറിനില്ലെന്നു് നാറ്റോ സമരതന്ത്രജ്ഞർ പോലും സമ്മതിക്കുന്നു. ഐസനോവർ, ഹൃസിംഗർ എന്നിവരും മറ്റു പല പാശ്ചാത്യ രാഷ്ട്രീയ-സൈനികനേതാക്കളും പറഞ്ഞ അഭിപ്രായമാണിതു്. സ്വാഭാവികമായും ഈ പ്രശ്നമുദിക്കുന്നു: "രാജ്യരക്ഷാലക്ഷ്യങ്ങളെക്കുറിച്ചു് നാറ്റോ ഉദ്ഘോഷിക്കുണ്ടെങ്കിലും അവരെ ഒരാളും ഭീഷണിപ്പെടുത്താതിരിക്കേ അവക്കെന്തിനാണതു്?"

മറ്റു രാജ്യങ്ങളുടെ ഭൂപ്രദേശത്തു സൈനികച്ചേരികളുടേയും സൈനികത്താവളങ്ങളുടേയും നിലനില്പു് കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധങ്ങൾ അഭിവൃദ്ധിപ്പെടുന്നതിനേയും സഹകരണം വളരുന്നതിനേ

യും മുടക്കുന്നുവെന്നു് വാർസാ ഉടമ്പടി രാഷ്ട്രങ്ങൾ സമ
ത്ഥിച്ചിരിക്കുന്നു. സമതലത്തിലും ഭ്രഖണ്ഡത്തിലെ എ
ല്ലാ സ്റ്റേറുകളുടേയും പരസ്പര ബഹുമാനത്തിലും അധി
ഷ്ഠിതമായ ഫലപ്രദമായ ഒരു രക്ഷാവ്യവസ്ഥ ഇന്ന
ത്തെ സാർവ്വദേശീയപ്രശ്നങ്ങൾക്കുയോജ്യമല്ലാത്ത
സൈനികച്ചേരികളെ പകരം വെക്കണം. നാറ്റോ
വിന്റെ നിലനില്പു് ഇല്ലാതെ വരികയാണെങ്കിൽ
വാർസാ ഉടമ്പടിയും അതുപോലെ നിർത്തലാക്കപ്പെട്ട
മെന്നു് സോവിയറു യൂണിയനും മറുസോഷ്യലിസ്റ്റു്
രാജ്യങ്ങളും ആവർത്തിച്ചു പറഞ്ഞിട്ടുണ്ടു്.

അത്തരത്തിലാണു് യൂറോപ്പിലെ സോഷ്യലിസ്റ്റു്
രാജ്യങ്ങൾ ഉന്നയിച്ചിട്ടുള്ള അന്തിമപരിപാടി, സ്വാ
ഭാവികമായും നാറ്റോരാജ്യങ്ങൾ ഇതിനൊരുക്കമായി
രിക്കയില്ല. അതുകൊണ്ടു് ഒരു പ്രാരംഭപരിപാടി, അ
തായതു് രണ്ടു് എതിർസൈനികസഖ്യങ്ങളും പിരിച്ചു
വിടുകയെന്നു്, അവർ നിർദ്ദേശിക്കുന്നു. അതേ സമയം
നാറ്റോ നിലനിൽക്കുന്ന കാലത്തോളം അവ തങ്ങളുടെ
പ്രതിരോധശേഷിയും സൈനികശക്തിയും തുടർന്നു് ശ
ക്തിപ്പെടുത്തുമെന്നു് വാർസാ ഉടമ്പടിയിലെ അംഗരാ
ഷ്ട്രങ്ങൾ വളച്ചുകെട്ടില്ലാതെ പ്രഖ്യാപിച്ചിട്ടുണ്ടു്.

മൂന്നാമതു്. യൂറോപ്പിലെ രാഷ്ട്രീയ കാലാവസ്ഥ
യിൽ അയവു വരുത്തുന്നതിന്നായി ഭാഗികമായ നടപ
ടികൾ എടുക്കുക. ഇതിന്നർത്ഥം:

—വിദേശ ഭ്രഭാഗത്തുള്ള പട്ടാളത്താവളങ്ങൾ നീ
ക്കം ചെയ്യൽ;

— അന്യദേശങ്ങളിൽ അവയുടെ ദേശീയാതൃത്തിക്കുള്ളിൽനിന്നു് എല്ലാ വിദേശപട്ടാളങ്ങളേയും പിൻവലിയ്ക്കൽ;

— രണ്ടു ജർമ്മൻ സ്റ്റേറുകളുടേയും സായുധസേനകളെ കുറയ്ക്കൽ;

— ആറ്റം സ്വതന്ത്രമേഖലകൾ സൃഷ്ടിക്കലും ന്യൂക്ലിയർ സംഘട്ടനത്തിന്റെ ആപത്തൊഴിവാക്കുന്നതിനുള്ള മറ്റു നടപടികളെടുക്കലും;

—ന്യൂക്ലിയർ ബോമ്പുകൾ കയറ്റിയ വിദേശവിമാനങ്ങൾ യൂറോപ്പിന്നു മുകളിലൂടെ പറക്കുന്നതും ന്യൂക്ലിയർആയുധങ്ങൾ കയറ്റിയ വിദേശക്കപ്പലുകൾ യൂറോപ്യൻ തുറമുഖങ്ങളിൽ അടുക്കുന്നതും മുഴുവൻ നിർത്തുക;

ബുക്കാറസ്റ്റിൽ നിർദ്ദേശിയ്ക്കപ്പെട്ട ഭാഗികമായ നടപടികളുടെ കൂട്ടത്തിൽ വിദേശപട്ടാളത്താവളങ്ങൾ എടുത്തുകളയുകയെന്നതാണു് ആദ്യത്തേതു്. ഇതു് യാദൃച്ഛികമല്ല. കാരണം, പാശ്ചാത്യസൈനികത്താവളങ്ങൾ (അധികവും യു.എസ്.എ. താവളങ്ങൾ) ഓരോ ഭൂഖണ്ഡത്തിലും പല ദ്വീപുകളിലും മരുഭൂമികളിലും ധ്രുവപ്രദേശങ്ങളിലും ചിന്നിച്ചിതറിക്കിടക്കുകയാണു്. സൈന്യങ്ങൾ പുറപ്പെട്ടതും ഇറങ്ങുന്നതുമായ വിമാനത്താവളങ്ങൾ സാർവ്വദേശീയ സംഘർഷത്തിന്റെ ഒരു സ്ഥിരം ഉറവിടവും ദേശീയസ്വാതന്ത്ര്യത്തിന്നു് ഒരു ഭീഷണിയുമാണു്. തീർച്ചയായും ഈ സൈനികത്താവളങ്ങൾ സോഷ്യലിസ്റ്റു് രാജ്യങ്ങൾക്കും അതുപോലെ

ദേശീയ വിമോചനപ്രസ്ഥാനത്തിനും എതിരായ കൂന്ത
മുനയാക്കപ്പെട്ടതാണ്. വിദേശസൈനികത്താവളങ്ങൾ
അവ എവിടെയ ണോ സ്ഥാപിച്ചിട്ടുള്ളത്, ആ രാജ്യ
ങ്ങളുടെ പരമാധികാരത്തിനും ഭദ്രതക്കും പൊരുത്ത
പ്പെടാത്തവയ ണ്.

സോഷ്യലിസ്റ്റിതരലോകമാകെ ഫലത്തിൽ ഒരു
യു. എസ്. "രക്ഷാമേഖല"യാണെന്ന് യുദ്ധത്തെ ആ
സ്പദമാക്കി അമേരിക്കൻ നേതാക്കൾ ഉദ്ഘോഷി
ക്കുകയുണ്ടായി. ഗ്രീൻലാണ്ട്, ഐസ്ലാണ്ട്, ബ്രിട്ടൻ,
ഇറ്റലി, തുർക്കി, പാക്കിസ്ഥാൻ, ലിബിയ, ദക്ഷിണ
കൊറിയ എന്നിവയും, യുണൈറ്റഡ് സ്റ്റേറ്റ്സിനേ
ക്കാൾ സോവിയറ്റ് യൂണിയനോട് കൂടുതൽ അടുത്തു
കിടക്കുന്നതുമായ മറ്റു രാജ്യങ്ങളും ഈ മേഖലയിൽ
ഉൾപ്പെട്ടും. "സോവിയറ്റ് ഭീഷണി എന്ന വ്യാജേന
യും സ്വന്തം താവളങ്ങളുടെ സഹായത്തോടെയും പ്രാ
ദേശിക യുദ്ധങ്ങൾ കുത്തിപ്പൊക്കിയും അഴിച്ചുവിട്ടും
എല്ലാ രാഷ്ട്രങ്ങളുടേയും മേൽ സ്വന്തം ജീവിതരീതി
അടിച്ചേല്പിക്കാനുള്ള ശ്രമത്തിൽ യുണൈറ്റഡ്സ്റ്റേറ്റ്സ്
സമാധാനത്തിനു ഒരു യഥാർത്ഥഭീഷണി തുടരെത്തുട
രെ ഉയർത്തിയിട്ടുണ്ട്. ദക്ഷിണകൊറിയയിലേയും
ജപ്പാനിലേയും യു. എസ്സ് താവളങ്ങൾ കൊറിയൻ യു
ദ്ധകാലത്തുപയോഗിച്ചു. ഗ്വണ്ടനാമോ താവളവും
മദ്ധ്യ അമേരിക്കയിലുള്ളവയും ക്യൂബയ്ക്കെതിരായ പ്ര
കോപനങ്ങളുടെ കേന്ദ്രങ്ങളാക്കി മാറ്റി. തൈവാനി
ലേയും തായ്ലണ്ടിലേയും ദക്ഷിണപൂർവ്വേഷ്യയിലെ

മറ്റിടങ്ങളിലേയും താവളങ്ങൾ വിയറ്റ്നാം ജനാധിപത്യറിപ്പബ്ളിക്കിന്റ് മേൽ ആകാശാക്രമണം നടത്താനുള്ള കേന്ദ്രങ്ങളാണ്.

ആറായിരക്കണക്കിന് സൈനികരും ആയിരക്കണക്കിന് ന്യൂക്ലിയർ യുദ്ധസ്ഫോടനങ്ങളുടെ കുമ്പാരങ്ങളുമടങ്ങിയ ദശക്കണക്കിന്റ് യു. എസ്. താവളങ്ങൾ ഇന്നുവരെ യൂറോപ്പിൽ നിലനില്ക്കുന്നുണ്ട്. സമാധാനകാലത്തുകൂടി അറോമിക്ക് ആയുധങ്ങളോടുകൂടിയ വിമാനങ്ങൾ പറപ്പിക്കുന്ന യു. എസ്. താവളങ്ങൾ ജനതകൾക്കൊരു ആപത്താണ്. അണുബോംബുകൾ കയറ്റിയ ഒരമേരിക്കൻ യുദ്ധവിമാനം പാലൊമാറസ് എന്ന സ്പാനിഷ് ഗ്രാമത്തിന്റ മേൽ തകർന്നു വീണതു് ഇതിന്നുപോൽബലകമായ ഒരു സംഭവമാണ്. ഇത്തരം സംഭവങ്ങൾ ഭാവിയിൽ മാരകമായ ഒരു സർവ്വനാശത്തെ ഇളക്കിവിടാനിടയില്ലെന്നതിന്നുറപ്പില്ല.

തങ്ങളുടെ രാജ്യത്തുള്ള വിദേശതാവളങ്ങൾ നീക്കംചെയ്യണമെന്നാവശ്യപ്പെട്ട ഫ്രാൻസിന്റെ ദൃഷ്ടാന്തം നാറ്റോ അംഗങ്ങളിൽ ശക്തിയായ വികാരമുളവാക്കിയിരിക്കുന്നു. തങ്ങളുടെ രാജ്യത്തു് അമേരിക്കൻ താവളങ്ങൾ നിലനിർത്തുന്നതെന്തിനാണെന്നു് അവർ മനസ്സിലാക്കിവരികയാണ്. തുർക്കിയിലെ അമേരിക്കൻ താവളങ്ങൾ ആ രാജ്യത്തെ രക്ഷിക്കാനല്ല അവിടെ നില്ക്കുന്നതെന്നും മറിച്ചു് പെന്റഗണിന്റെ താല്പര്യങ്ങൾ രക്ഷിക്കാൻ മാത്രമാണെന്നും തുർക്കിവാരികയായ 'യോൺ' പറഞ്ഞതു് തികച്ചും ശരിയാണ്.

നാലാമതു്. സ്റ്റോറുകൾ ഗ്രൂപ്പുചേരലുകൾവഴി ന്യൂക്ലിയർ ആയുധങ്ങളിലേക്കു് പ്രത്യക്ഷമായോ പരോക്ഷമായോ പശ്ചിമജർമ്മനി പ്രവേശിയ്ക്കാനുള്ള സാദ്ധ്യതയെ തടയുക. ഈ ആയുധം ഉപയോഗിക്കുന്ന കാര്യത്തിൽ പശ്ചിമജർമ്മനിയുടെ ഏതു രൂപത്തിലുള്ള പങ്കാളിത്തത്തിനും ഇതു് ബാധകമാണു്.

ഈ പ്രശ്നം മുൻ അദ്ധ്യായത്തിൽ നമ്മൾ പരിശോധിച്ചു. പല യൂറോപ്യൻരാജ്യങ്ങളുടേയും (യൂറോപ്യൻ രാജ്യങ്ങളുടെ മാത്രമല്ല) ഭാവി, ഇതെങ്ങിനെ പരിഹരിയ്ക്കുന്നു എന്നതിനെ ആശ്രയിച്ചാണെന്നു സൂചിപ്പിക്കുകയുമുണ്ടായി.

ന്യൂക്ലിയർ ആയുധങ്ങളിലേക്കുള്ള ഫെഡറൽ ജർമ്മനിയുടെ ഏതുതരം പ്രവേശനവും യൂറോപ്പിന്റെ സമാധാനത്തിനും രക്ഷക്കും ഗുരുതരമായ ഭവിഷ്യത്തുളവാക്കുമെന്നും തങ്ങളുടെ ഭദ്രത കാത്തുരക്ഷിക്കുന്നതിനാവശ്യമായ രക്ഷാനടപടികൾ കൈക്കൊള്ളാൻ സോഷ്യലിസ്റ്റ് രാജ്യങ്ങളെ നിർബ്ബന്ധിതരാക്കുമെന്നുമുള്ള ഒരു താക്കീതു് പുറപ്പെടുവിക്കേണ്ടതാവശ്യമാണെന്നു് ബുക്കാറസ്റ്റ് സമ്മേളനത്തിൽ പങ്കെടുത്തവർ കണ്ടു.

അഞ്ചാമതു്. ഒഡേർ-നീസ്സേ രേഖയിലൂടെയുള്ള പോളിഷ് അതിർത്തിയും രണ്ടു ജർമ്മൻ സ്റ്റേറുകൾക്കിടയിലുള്ള അതിർത്തിയുമടക്കം യൂറോപ്യൻ രാജ്യങ്ങൾക്കിടയിൽ ശരിയ്ക്കും നിലനില്ക്കുന്ന അതിർത്തികളെ അംഗീകരിച്ചുകൊണ്ടുവേണം എല്ലാ സ്റ്റേറുകളും—യൂറോപ്യൻ

സ്റ്റേറുകളും യൂറോപ്യേതര സ്റ്റേറുകളും—തങ്ങളുടെ വിദേശനയം ആരംഭിക്കാൻ. നിലവിലുള്ള അതിർത്തികൾ യൂറോപ്യൻ ഭദ്രതയുടെ ഒരടിസ്ഥാനമാണ്. അവയുടെ അലംഘനീയത യൂറോപ്പിൽ സുസ്ഥിരതയ്ക്കുള്ള ഒരുറപ്പാണ്.

തങ്ങൾക്ക് ഇഷ്ടപ്പെട്ടവിധം അതിർത്തികൾ മാറാനുള്ള ഒരക്രമി സ്റ്റേറിന്റെ അഭിലാഷം ഒരു സായുധസംഘട്ടനത്തിലേക്കു നയിച്ച അനേകം സംഭവങ്ങൾ സാവ്വദേശീയബന്ധങ്ങളുടെ ചരിത്രത്തിലുണ്ടായിട്ടുണ്ട്. നമ്മുടെ കാലത്തും യൂറോപ്പിന്റെ ഭൂപടം മാറിവരയ്ക്കാൻ പുറപ്പെട്ടവർ ആളുകളുണ്ട്. ജർമ്മൻ ഫഡറൽ റിപ്പബ്ലിക്കിലെ പ്രതികാരമോഹികൾ യൂറോപ്യൻ അതിർത്തികളെ മാറ്റിവരയ്ക്കാനുള്ള തങ്ങളുടെ ഉദ്ദേശങ്ങൾ മറച്ചുപിടിക്കണമെന്നുപോലും കരുതുന്നില്ല. ജർമ്മനിയുടെ 1937ലെ അതിർത്തിയിലേക്ക് മടങ്ങണമെന്നാണ് അവർ ആവശ്യപ്പെടുന്നത്.

പൂർവ്വയൂറോപ്പിലേതിനേക്കാൾ വളരെക്കൂടുതൽ പ്രദേശങ്ങൾ തങ്ങൾക്കുണ്ടാകണമെന്ന് പ്രതികാരമോഹികൾ കൊതിയ്ക്കുന്നുണ്ടെന്നതിലും മറ്റു രാജ്യങ്ങളുടെമേൽ ദുരമൂത്ത കണ്ണുകൾ പതിപ്പിക്കുന്നുണ്ടെന്നതിലും നേരിയ സംശയംപോലുമില്ല. ഇപ്പോളവർ നാവടക്കി നില്ക്കുകയും, പടിഞ്ഞാറും തെക്കുമുള്ള അയൽക്കാരുടെ പ്രദേശങ്ങളുടെമേലുള്ള തങ്ങളുടെ അവകാശവാദങ്ങളിൽ നിർബ്ബന്ധംപിടിക്കാതിരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതു വെറും അടവുകൾ മാത്രമാണ്. രണ്ടു

മുന്നണികളിൽ പൊരുതാനിടവരുത്തരുതെന്നവർ പ
ഠിച്ചിട്ടുണ്ട്.

ബോൺ അതിന്റെ ഭൂപരമായ അവകാശവാദ
ങ്ങൾ ഉപേക്ഷിക്കുന്നതുവരെ യൂറോപ്പിൽ സംഘർഷാവ
സ്ഥയുണ്ടാകുമെന്ന അഭിപ്രായമാണ് സോഷ്യലിസ്റ്റ്
രാജ്യങ്ങൾക്കുള്ളത്.

ആറാമത്. ബന്ധപ്പെട്ട എല്ലാ യൂറോപ്യൻ രാ
ജ്യങ്ങളുടേയും സമാധാനത്തിന്റേയും ഭദ്രതയുടേയും താ
ല്പര്യങ്ങൾക്കനുയോജ്യമായി ജർമ്മൻ സമാധാന ഒത്തുതീ
പ്പിൽ എത്താനുള്ള മാർഗ്ഗമാരായുന്നത് തുടരുക. ഈ
പ്രശ്നം പരിഹരിക്കുന്നതിന്നു്, രണ്ടു് ജർമ്മൻ സ്റ്റേറു
കൾ നിലനില്ക്കുന്നുണ്ടെന്നുള്ള വസ്തുതയിൽനിന്നു് തുട
ങ്ങണം. യൂറോപ്യൻ സഹകരണം വളർത്തുന്നതിലും
ശക്തിപ്പെടുത്തുന്നതിലും ജർമ്മൻജനാധിപത്യറിപ്പബ്ലി
ക്കും ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കും പങ്കുവഹിക്കണം.
രണ്ടു ജർമ്മൻസ്റ്റേറുകളുടേയും പുനരേകീകരണം അവ
തമ്മിലുള്ള സംഘർഷാവസ്ഥയിൽ അയവുവരുത്തുന്നതു
വഴിയും അനുക്രമം സൽബന്ധമുണ്ടാക്കുന്നതുവഴിയും പ
രസ്പരം കരാറുണ്ടാക്കുന്നതുവഴിയും ജർമ്മനിയിലും യൂറോ
പ്പിലാകെയും നിരായുധീകരണമേർപ്പെടുത്തുന്നതു വഴി
യും നേടാൻ കഴിയും. അയൽപക്കങ്ങളേയോ യൂറോ
പ്യൻ സമാധാനത്തേയോ ഒരിയ്ക്കലും ഭീഷണിപ്പെടു
ത്താത്ത സമാധാനപരമായ ഒരു ജനാധിപത്യജർമ്മൻ
സ്റ്റേറായിരിക്കണം ജർമ്മനിയുടെ ഏകീകരണത്തി
ന്നു് അത്യന്താപേക്ഷിതമായ ഒരുപാധി.

ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കുമായി സൽബന്ധമുണ്ടാക്കുന്നതിനു് ജർമ്മൻ ജനാധിപത്യറിപ്പബ്ലിക്കു് ഒന്നിലധികം തവണ രചനാത്മകമായ നടപടികളെടുത്തിട്ടുണ്ടു്. അടിയന്തിര ദേശീയപ്രശ്നങ്ങളെപ്പറ്റി ഇരു സ്റ്റേറുകളും കൂടിയാലോചന തുടങ്ങണമെന്നു് നിർദ്ദേശിക്കുകയുമുണ്ടായി. 1966-ൽ തന്നെ ജർമ്മൻ ജനാധിപത്യറിപ്പബ്ലിക്കിന്റെ സ്റ്റേറ്റ്കൗൺസിൽ ചേർമാനായ വാൾട്ടർ ഉൾബ്രിക്ടു്, ഇരു ജർമ്മൻ സ്റ്റേറ്റുകളുടേയും ഒരു കോൺഫെഡറേഷൻ സൃഷ്ടിക്കുന്നതിലേക്കു് നയിക്കുന്ന സമൂർത്ത നടപടികൾക്കുള്ള ഒരു പരിപാടി മുന്നോട്ടുവച്ചു. താഴെ പറയുന്ന സുപ്രധാനമായ വ്യവസ്ഥകൾ പരിപാടിയിലടങ്ങിയിരുന്നു:

—ഇരു ഗവൺമെണ്ടുകളും തമ്മിൽ സാധാരണബന്ധങ്ങൾ സ്ഥാപിക്കുന്നതുസംബന്ധിച്ചു് പരസ്പരമൊരു കരാറുണ്ടാക്കുക.

—നിലവിലുള്ള യൂറോപ്യൻ അതിർത്തികളംഗീകരിക്കുകയും ദേശീയ സൈനികച്ചിലവുകളുടെ 50 ശതമാനം കുറയ്ക്കുകയും ചെയ്യുക.

—ന്യൂക്ലിയർ ആയുധങ്ങളേയോ ഏതെങ്കിലും രൂപത്തിൽ അവയുടെ ചുമതല വഹിയ്ക്കാനുള്ള അധികാരത്തെയോ സംബന്ധിച്ച അവകാശവാദങ്ങൾ ഇരു ജർമ്മൻ സ്റ്റേറുകളും ഉപേക്ഷിക്കുകയും ഒരു ആറാം സ്വതന്ത്രമേഖല സൃഷ്ടിക്കുന്നതിൽ പങ്കുവഹിക്കാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുക.

—ജി. ഡി. ആറും എഫ്. ആർ. ജിയും തമ്മിൽ നിഷ്പക്ഷ പദവി സംബന്ധിച്ചു ഒരു കരാറുണ്ടാക്കുക.

—ഒരു സ്വതന്ത്ര പ്രദേശമെന്ന നിലയിൽ പശ്ചിമബർലിനെ അംഗീകരിക്കുന്നതായി ഇരു സ്റ്റേറുകളും തമ്മിൽ ഒരു കരാറുണ്ടാക്കുക.

പശ്ചിമജർമ്മനിയിലെ പല ആളുകളും ജി. ഡി. ആറിന്റെ നിർദ്ദേശങ്ങളിൽ താല്പര്യം കാണിച്ചിട്ടുണ്ട്. ഉൾബ്രിക്ടിന്റെ നിർദ്ദേശങ്ങൾ കായ്മമായ പരിഗണനയർഹിക്കുന്നതാണെന്നു് സുഡ്ഡ്യൂട്ഷേ സീടങ്ങ് എഴുതി. രണ്ടു ജർമ്മൻസ്റ്റേറുകളുടെ സഹവർത്തിത്വം സ്ഥാപിക്കുന്നതിനുള്ള ഒരു പരിപാടിയെന്നു് ഫ്രാങ്ക് ഫർട്ടർ റുണ്ടഷാ അതിനെ വിളിച്ചു.

എന്നാൽ ബോൺ നേതാക്കൾ വ്യത്യസ്തമായ അഭിപ്രായമുള്ളവരാണു്. ഈ നിർദ്ദേശങ്ങൾ പരിഗണിക്കാൻ തന്റെ ഗവണ്മെണ്ടിനുദ്ദേശമില്ലെന്നു് ഒരു ഔദ്യോഗിക ബോൺവക്താവു് പ്രസ്താവിച്ചു. ജർമ്മൻ ജനാധിപത്യറിപ്പബ്ളിക്കു് നിലനില്ക്കുന്നില്ലെന്നും ജർമ്മൻ ജനതയ്ക്കുവേണ്ടി സംസാരിയ്ക്കാനുള്ള ഏകാവകാശം ഫെഡറൽ ജർമ്മനിയുടെ ഗവണ്മെണ്ടിനാണെന്നും ബോൺ തുടർന്നു ഭാവിയ്ക്കുന്നു.

ജർമ്മൻ ജനാധിപത്യറിപ്പബ്ളിക്കിനെ അംഗീകരിക്കാതിരിക്കുക എന്ന നയം രണ്ടു ജർമ്മൻസ്റ്റേറുകളും തമ്മിൽ സൽബന്ധമുണ്ടാക്കുന്നതിലേക്കു് സംഭാവന

ചെയ്യാൻ വഴിയില്ല. നേരെമറിച്ച് ജർമ്മനിയുടെ സമാധാനപരമായ പുനരേകീകരണത്തിന്റെ ഭാവി സാദ്ധ്യതയെ അതു കുഴപ്പത്തിലാക്കുന്നു. സൈനിക മാഗ്ഗങ്ങൾ അവലംബിക്കുന്ന കാര്യമാണെങ്കിൽ പശ്ചിമജർമ്മൻ പ്രതികാരമോഹികൾ അതു് മറക്കുന്നതു് നന്നു്. കാരണം അക്രമിയെ നശിപ്പിയ്ക്കാനാവശ്യമായ എല്ലാംകൊണ്ടും സജ്ജീകരിയ്ക്കപ്പെട്ട വാർസാ ഉടമ്പടിയുടെ ഘടനയാകെ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സമാധാനപരമായ പ്രയത്നത്തെ കാത്തു പോരുകയാണു്. ജർമ്മൻ ജനാധിപത്യറിപ്പബ്ലിക്കിന്റെ അതിർത്തികളുടെ അലംഘനീയതയും പരമാധികാരവും യൂറോപ്പിൽ ഒരു ഉറച്ച സമാധാനത്തിനും ഭദ്രതയ്ക്കുമുള്ള അടിസ്ഥാനപ്രധാനമായ അടിത്തറകളിലൊന്നാണെന്നു് സോവിയറ്റ് ഗവണ്മെണ്ടു് അടിയ്ക്കടി പ്രഖ്യാപിച്ചിട്ടുണ്ടു്. ജി. ഡി. ആറിനെ പിപ്പിടി കാട്ടാനോ അതിന്മേൽ സമ്മർദ്ദം ചെലുത്താനോ ഉള്ള എല്ലാ ശ്രമങ്ങളും പൊളിയാൻ വിധിയ്ക്കപ്പെട്ടതാണു്. യുദ്ധാനന്തരം യൂറോപ്യൻ അതിർത്തികൾ മാറ്റിവരയ്ക്കാമെന്നു് ഒരിയ്ക്കലും നേരെയാവാത്ത സാഹസികർക്കു മാത്രമേ വിശ്വസിയ്ക്കാൻ കഴിയൂ എന്നാണു് 1967 ജനവരി 30-ാം തിയ്യതിയിലെ സോവിയറ്റ് ഗവണ്മെണ്ടിന്റെ പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതു്. ജി. ഡി. ആറിനേറെയും മറ്റു സോഷ്യലിസ്റ്റു രാജ്യങ്ങളുടേയും അവിശ്വസിനീയതയെ പരീക്ഷിയ്ക്കാനാഗ്രഹിക്കുന്നവർക്കു് ആസന്നവും ഛിന്നഭിന്നമാക്കുന്നതുമായ ഒരു തിരിച്ചടിനേരിടും.

ഏഴാമതു്. ഒരു അഖില യൂറോപ്യൻ സമ്മേളനം വിളിച്ചുകൂട്ടി യൂറോപ്യൻ ഭദ്രതയുടെ താല്പര്യങ്ങളിൽ ഒരു സഹകരണപ്രഖ്യാപനം അംഗീകരിക്കുക. ഈ പ്രഖ്യാപനത്തിലെ കക്ഷികൾ അന്യോന്യമുള്ള ബന്ധങ്ങളിൽ സമാധാനതാല്പര്യങ്ങളെ അനുവർത്തിക്കുകയും തങ്ങൾ സമാധാനപരമായിതീർക്കുകയും പരസ്പരതാല്പര്യമുള്ള പ്രശ്നങ്ങളിൽ കൂടിയാലോചനകളും അഭിപ്രായവിനിമയവും നടത്തുകയും സാമ്പത്തികവും ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവുമായ ബന്ധങ്ങൾ സമഗ്രമായി വികസിപ്പിക്കുന്നതിന്നു് പ്രവർത്തിക്കുകയും ചെയ്യണം.

അഖില യൂറോപ്യൻ സമ്മേളനം വിളിച്ചുകൂട്ടുന്നതു് യൂറോപ്യൻ ഭദ്രതയുടെ ഒരു വ്യവസ്ഥ സൃഷ്ടിക്കാൻ സഹായകമായിരിക്കും.

ഇവയാണു് ബുക്കാറസ്റ്റ് സമ്മേളനത്തിൽ പങ്കെടുത്ത സോഷ്യലിസ്റ്റ് രാജ്യങ്ങൾ സമാധാനത്തിന്നും യൂറോപ്പിന്റെ ഭദ്രതക്കും നിർദ്ദേശിച്ച മാർഗ്ഗങ്ങൾ. ഇതേ ലക്ഷ്യത്തിലേക്കെത്തിക്കുന്ന മറേറതു നിർദ്ദേശം പരിശോധിക്കാനും അവർ നിസ്സംശയമായും സന്നദ്ധരാണു്.

യൂറോപ്യൻ ഭദ്രതക്കുവേണ്ടിയുള്ള സമരത്തെപ്പറ്റി 1967 വസന്തത്തിൽ കർലോവി വാരിയിൽ (ചെക്കോസ്ലോവാക്യ) ചേർന്ന യൂറോപ്യൻ കമ്മ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളുടെ സമ്മേളനം ചർച്ചചെയ്തു. വ്യത്യസ്ത സാ

മൂഹ്യ വ്യവസ്ഥകളോടുകൂടിയ സ്റ്റേറുകളുടെ സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കൂട്ടുരക്ഷാവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള ഒരു പരിപാടി പൊതുജനങ്ങളുടേയും രാഷ്ട്രീയവൃത്തങ്ങളുടേയും ചർച്ചയ്ക്കായി അതിൽ പങ്കെടുത്തവർ നിർദ്ദേശിച്ചു.

കർലോവി വാരിയിൽ അംഗീകരിച്ച പ്രസ്താവനയിൽ ഉൾപ്പെട്ട ഈ പരിപാടി സമാധാനത്തിന്റെ യഥാർത്ഥ സാദ്ധ്യതകൾ പ്രദാനം ചെയ്യുന്നു. സമ്മേളനം മുന്നോട്ടുവെച്ച നിർദ്ദേശങ്ങളിൽ ചിലതു് ഇവയാണു്.

—തങ്ങളുടെ ബന്ധങ്ങളിൽ ബലപ്രയോഗമോ ഭീഷണിയോ സാവ്വദേശീയ കാര്യങ്ങളിലുള്ള ഇടപെടലുകളോ ഉപേക്ഷിക്കുന്നതായ ഒരു ഉടമ്പടി—യു. എൻ. ചാർട്ടറിലെ തത്വങ്ങൾക്കനുസരിച്ചു് എല്ലാ തർക്കങ്ങളും സമാധാനപരമായി മാത്രമേ പരിഹരിയ്ക്കൂ എന്നുറപ്പുവരുത്തുന്ന ഒരുടമ്പടി — എല്ലാ യൂറോപ്യൻ രാജ്യങ്ങളും ചേർന്നുണ്ടാക്കുക.

—എല്ലാ സ്റ്റേറുകളും ജി. ഡി. ആറും തമ്മിലും, രണ്ടു ജർമ്മൻ സ്റ്റേറുകൾ തമ്മിലും, ജി. ഡി ആറും, ഒരു പ്രത്യേക രാഷ്ട്രീയഘടകമെന്ന നിലക്കു് പശ്ചിമ ബർലിനും തമ്മിലുമുള്ള ബന്ധങ്ങൾ സാധാരണനിലയിലാക്കിത്തീർക്കുക.

—എഫ്. ആർ. ജിയിൽ ജനാധിപത്യത്തിനു് സ്ഥിരമായ രക്ഷയും വളർച്ചയും. നിയമവും ചരിത്രാനു

ഭവവും യുദ്ധാനന്തര സാർവ്വദേശീയക്കരാറുകളും ജനങ്ങൾക്കു് ഇതവകാശപ്പെട്ടന്നതിനുള്ള അവകാശം നല്കുന്നുണ്ടു്.

—ആയുധപ്പന്തയം നിർത്തുന്നതിലേക്കുള്ള ഒരു പ്രധാന ചുവടുവെപ്പായി ഒരു നിർവ്യാപന ഉടമ്പടി ഉണ്ടാക്കുക. നാറ്റോവിന്റെയും വാർസാ ഉടമ്പടിയുടേയും സൈനികഘടനയെ പൊളിച്ചുനീക്കുന്നതിനു് അടിയന്തിരമായി ഒരു ഒത്തുതീർപ്പുണ്ടാക്കണമെന്ന വാർസാ ഉടമ്പടി അംഗരാഷ്ട്രങ്ങളുടെ നിർദ്ദേശങ്ങളെ യൂറോപ്യൻകമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളുടെ പ്രതിനിധികൾ പിൻതാങ്ങുകയും; യൂറോപ്പിന്റെ ഭദ്രതയുടേയും സഹകരണത്തിന്റെയും അതുപോലെ ഈ വഴിയുള്ള മറ്റു നീക്കങ്ങളുടേയും പ്രശ്നങ്ങൾ പഠിയ്ക്കാൻ ഒരു ഖില യൂറോപ്പു് സമ്മേളനം വിളിച്ചുകൂട്ടണമെന്ന ആശയത്തെ അംഗീകരിക്കുകയും ചെയ്തു.

സി. പി. എസ്. യു കേന്ദ്രസമിതി ജനറൽ സിക്രട്ടറി ലിയോനിദ് ബ്രഷ്നേവു് കർലോവി വാരി സമ്മേളനത്തിൽ പ ഞ്ഞു:

> "നാം യുദ്ധവിപത്തിനെതിരായി ബഹുത്രുപമായ സമരത്തിനുവേണ്ടി നിലക്കൊള്ളുന്നു. എല്ലാ പാതകളും ഉചിത സമാധാനത്തിലേക്കു നയിയ്ക്കണം; നയിയ്ക്കുകയും ചെയ്യും—കമ്മ്യൂണിസ്റ്റുകാരും എല്ലാ പുരോഗമനശക്തികളും യൂറോപ്പിന്റെ ഭദ്രതക്കുള്ള ഒരു നിർണ്ണായകസമരത്തിനു് ബഹുജനങ്ങളെ അണിനിരത്തുകയാണെങ്കിൽ".

കർലോവി വാരി സമ്മേളനം ഭൂഖണ്ഡത്തിൽ കൂട്ട രക്ഷക്കു് ഉറപ്പുവരുത്താനും ആയുധസന്നാഹം നിർത്താനും യുദ്ധത്തിന്റെ ശക്തികളെ പരാജയപ്പെടുത്താനും ഒരു വിപുലമായ പ്രസ്ഥാനം സംഘടിപ്പിയ്ക്കാൻ യൂറോപ്പിലെ തൊഴിലാളിവർഗ്ഗത്തേയും സോഷ്യലിസ്റ്റ്-സോഷ്യൽ ഡെമോക്രേററിക്കു് പാർട്ടികളേയും ട്രേഡ് യൂനിയനുകളേയും മതവിശ്വാസികളേയും യുവാക്കളേയും സ്ത്രീകളേയും എല്ലാ സമാധാനപ്രേമികളായ ശക്തികളേയും ആഹ്വാനം ചെയ്തു.

> "യൂറോപ്യൻ ജനതകൾ തങ്ങളുടെ ഭൂഖണ്ഡത്തിൽ സമാധാനവും ഭദ്രതയും സംബന്ധിച്ച പ്രശ്നങ്ങളെപ്പററി സ്വയം തീരുമാനിയ്ക്കാൻ കഴിവുള്ളവരാണു്. യൂറോപ്പിന്റെ ഭാഗധേയങ്ങളെ അവർ സ്വന്തം കൈകളിലെടുക്കുമാറാകട്ടെ", എന്ന സമ്മേളനത്തിന്റെ പ്രസ്താവനയിൽ പയുന്നു.

സമാധാനത്തെ പരിലാളിച്ചുപോററുന്നവരും ജനതകളുടെ മൈത്രിയ്ക്കുവേണ്ടി വാദിയ്ക്കുന്നവരുമായ എല്ലാവരിലും ഈ വാക്കുകൾ പ്രതികരണമുയർത്തും, സംശയമില്ല.

തുല്യരാഷ്ട്രങ്ങൾ തമ്മിൽ സാഹ്ലാദ്യേഷിതവും ഫലദായകവുമായ സഹകരണത്തിന്റെ ഒരു ഭൂഖണ്ഡമാക്കി, സമാധാനത്തിനും പരസ്പരധാരണയ്ക്കുമുള്ള ഒരു സുശക്ത ഘടകമാക്കി, യൂറോപ്പിനെ മാററാനുള്ള എല്ലാ യൂറോപ്യൻ രാജ്യങ്ങളുടേയും സംരംഭങ്ങളെ ഏകീ

കരിയ്ക്കുകയാണു് ഇന്നത്തെ മുഖ്യകടമ: പാശ്ചാത്യയൂ
റോപ്യൻ രാജതന്ത്രജ്ഞന്മാർ ഇതു മനസ്സിലിക്കിവരു
ന്നുണ്ടു്. യൂറോപ്യൻ ഭദ്രതയെസംബന്ധിച്ചു യൂറോ
പ്യൻ രാജ്യങ്ങളുമായി കൂടിയാലോചന നടത്തുന്നതി
നെ ഡെന്മാക്കുനുകൂലിക്കുന്നു. പോളണ്ടിന്റെ പടി
ഞ്ഞാറെ അതിർത്തി ഓഡർ-നീസ്സേ രേഖയിലൂടെ
അംഗീകരിക്കുന്നതുസംബന്ധിച്ചു് ഫ്രാൻസുമായി നോ
വ്വേ ഐക്യദാർഢ്യം പ്രകടിപ്പിച്ചു. ദീപാളികളിച്ച
അത്ലാന്തിക്കു് നയം പുന: പരിശോധിയ്ക്കണമെന്നു്
ബെൽജിയം ആവശ്യപ്പെട്ടിരിയ്ക്കുന്നു. കൂട്ടുരക്ഷാ ആ
ശയങ്ങൾക്കു് സ്വീഡനിലും ഫിൻലണ്ടിലും സ്വാധീ
നം കൂടിവരികയാണു്. പശ്ചിമജർമ്മനി മാത്രമാ
ണു് ഇക്കാര്യത്തിൽ ഏറ്റവും കുറഞ്ഞ യാഥാർത്ഥ്യ
ബോധത്തോടുകൂടിയ നിലപാടെടുക്കുന്നതു്:

യൂറോപ്പിൽ ഒരുറച്ച സമാധാനം സ്ഥാപിക്കുന്ന
തിനെ തടയുന്ന ഘടകങ്ങളുടെ കൂട്ടത്തിൽ പശ്ചിമജർ
മ്മൻ സൈനികമേധാവിത്വത്തെ ഞങ്ങൾ ഇടയ്ക്കിടെ
പരാമർശിക്കുന്നതു് വായനക്കാർ ശ്രദ്ധിച്ചിരിയ്ക്കും. അ
തേസമയം സോഷ്യലിസ്റ്റു് രാജ്യങ്ങൾ നിർദ്ദേശിച്ച കൂ
ട്ടുരക്ഷാവ്യവസ്ഥ പശ്ചിമജർമ്മനിയും അതിൽ പങ്കാളി
യാവണമെന്നു് നിർദ്ദേശിയ്ക്കുന്നുണ്ടു്. ഫ്രാൻസിലെ
സ്റ്റേറ്റു് സന്ദർശനവേളയിൽ പാരീസിൽ നടന്ന ഒരു പ
ത്രസമ്മേളനത്തിൽ സോവിയറ്റു് പ്രധാനമന്ത്രി അല
ക്സി കൊസിഗിൻ ഇക്കാര്യം സംസാരിക്കുകയുണ്ടായി.
അദ്ദേഹം പറഞ്ഞു:

"രണ്ട ജർമ്മൻസ്റ്റേറുകൾ യൂറോപ്പിൽ നില നിൽക്കുന്നുണ്ടെങ്കിലും പുറത്തുള്ള ശക്തികൾക്ക് ഇതു മാറ്റാൻ കഴിയില്ലെന്നുള്ള വസ്തുത ഫെഡറൽ ജർമ്മനി അംഗീകരിക്കുകയായിരിക്കും യൂറോപ്യൻ ഭദ്രതയുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള അതിന്റെ അടിസ്ഥാനപരമായ സംഭാവന. ഇതു സംബന്ധിച്ച മറ്റെല്ലാ ധാരണകളും യാഥാർത്ഥ്യാധിഷ്ഠിതമല്ലാത്തതാണ്. അതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തേതു്, യുദ്ധാനന്തര യൂറോപ്യൻ അതിർത്തികൾ അലംഘനീയമാണെന്നതാണ്. അതുകൂടാതെ പശ്ചിമജർമ്മനി ന്യൂക്ലിയർ ആയുധങ്ങൾക്കുള്ള അതിന്റെ അവകാശവാദം എന്നെന്നേക്കുമായി ഉപേക്ഷിക്കണം. ഈ രണ്ടുപാടുകളെ ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്ക് അംഗീകരിക്കുകയാണെങ്കിൽ യൂറോപ്പിൽ രാഷ്ട്രങ്ങളുടെ സൌഹാർദ്ദത്തിനും യൂറോപ്പിന്റെ ഭദ്രതയ്ക്കും അതു് കാര്യമായി സംഭാവന ചെയ്യും".

അങ്ങിനെ യൂറോപ്പിൽ ഒരു രാഷ്ട്രീയരഞ്ജിപ്പിനു വേണ്ടി ആത്മാർത്ഥമായി സാഹസപ്പെടുന്ന സ്റ്റേറുകളുടെ കൂടെ ചേരണമോ, അല്ല യൂറോപ്യൻകാലാവസ്ഥയെ വിഷമയമാക്കുന്ന ഒരു "ചീക്കു"സ്റ്റേറായി നില നിൽക്കണമോ എന്നു് പശ്ചിമജർമ്മനിയാണു് തീരുമാനിക്കേണ്ടതു്.

യൂറോപ്പിൽ കൂട്ടഭദ്രതയ്ക്കുള്ള പാത എളുപ്പമുള്ള ഒന്നല്ല. ഉരുതരമായ വിലങ്ങുതടികൾ ഒരുപാടിയുണ്ടു്.

എങ്കിലും തരണംചെയ്യാൻ കഴിയാത്ത പ്രതിബന്ധങ്ങളില്ല. പ്രസിഡണ്ട് ഡിഗോൾ 1967-ന് തൊട്ടുമുമ്പ് പറഞ്ഞതുപോലെ:

"..... 20 കൊല്ലത്തോളമായി നടന്നുകൊണ്ടിരിക്കുന്ന യൂറോപ്പിലെ ശീതസമരം അതിവേഗം അവസാനിക്കും. എന്തുകൊണ്ടെന്നാൽ സ്ഥിരമായ സംഘട്ടനാവസ്ഥയുടെ നിഷ്ഫലതയും ആപത്തും കിഴക്കും പടിഞ്ഞാറും മനസ്സിലാക്കിവരികയാണ്. അതേസമയം ഒരു രഞ്ജിപ്പും കരാറും പിന്നീട് സഹകരണവും നമ്മുടെ പുരാതനമായ ഭൂഖണ്ഡത്തിലെ എല്ലാ ജനതകൾ തമ്മിലും ഉണ്ടാവുകയെന്നതു്, മനുഷ്യപുരോഗതിയുടെ മുന്നിൽ വീണ്ടും യൂറോപ്പ് എത്തുന്നതിനുവേണ്ടി ലോകത്തിനാകമാനമായിരിക്കുന്ന സമാധാനപരമായ സന്തുലിതാവസ്ഥ പുനസ്ഥാപിക്കുന്നതിനും അതിനെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, വിശേഷിച്ചും ജർമ്മൻ പ്രശ്നം, പരിഹരിക്കുന്നതിനും ഒരവസരം പ്രദാനം ചെയ്യുമെന്നു് അവർ മനസ്സിലാക്കുന്നു";

ഈ പ്രവചനം സത്യമായിവരട്ടെ. കാരണം എല്ലാ യൂറോപ്യൻ രാഷ്ട്രങ്ങളുടേയും താല്പര്യങ്ങൾക്കു് അതുതരം നൽകുന്നു.

സമാപനം

സമാധാനത്തിന്റെയും എല്ലാ ജനതകളും തമ്മിലുള്ള മൈത്രിയുടേയും നയം സോവിയറ്റ് സ്റ്റേറ്റ് അതിന്റെ ആരംഭം മുതൽക്കുതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ 50 വഷ്ങ്ങളായി സോവിയറ്റുയൂണിയൻ വ്യത്യസ്ത സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥകളോടുകൂടിയ രാജ്യങ്ങളുടെ സമാധാനപരമായ സഹവത്തിത്വനയം നിരന്തരം പിൻതുടരുന്നു.

ഐക്യരാഷ്ട്രസംഘടനയടക്കം പല സാവ്വദേശീയ വേദികളും സമാധാനപരമായ സഹവത്തിത്വത്തിന്റെ തത്വങ്ങൾ അംഗീകരിച്ചിരിക്കുന്നുവെന്നത് സോവിയറ്റുയൂണിയന്റെയും മറ്റു സമാധാനപ്രേമികളായ ശക്തികളുടേയും അവിശ്രമമായ പരിശ്രമങ്ങൾക്കു് കടപ്പെട്ടിരിക്കുന്നു. 1957 ഡിസംമ്പർ 14-ാം തിയ്യതി യു. എൻ. ജനറലസംബ്ലി സമാധാനപരമായ സഹവത്തിത്തത്തെ സംബന്ധിച്ച ഒരു പ്രമേയം ഐകകണ്ഠ്യേന അംഗീകരിച്ചു.

യു. എസ്. എസ്. ആറിന്റെ വിദേശനയനടപടികളെ അവഗണിക്കാനും അവയെ "പ്രചാരവേല" എന്ന മുദ്ര കുത്തുവാനും സോവിയറ്റുയൂണിയന്റെ പ്രത്യയശാസ്ത്രത്തിന്റെ എതിരാളികൾക്കു് സാധിച്ചിരു

ന്ന കാലം കഴിഞ്ഞിരിയ്ക്കുന്നു. ഇപ്പോൾ മുതലാളിത്ത രാജ്യങ്ങളിലെ പല രാജ്യതന്ത്രജ്ഞന്മാരും പൊതുജന നേതാക്കളും ശാസ്ത്രജ്ഞരും പത്രക്കാരും പല രാഷ്ട്രീയ വിശ്വാസങ്ങളോടുകൂടിയ ആളുകളും സോവിയറുയൂണിയനെ സമാധാനത്തിന്റെ ഒരു പ്രകാരമായി ആദരിയ്ക്കുന്നുണ്ട്. രണ്ടു വ്യവസ്ഥകൾ തമ്മിലുള്ള ബന്ധങ്ങൾക്കടിസ്ഥാനമെന്നനിലയിൽ സമാധാനപരമായ സഹവർത്തിത്വത്തിനുള്ള വമ്പിച്ച പ്രാധാന്യത്തെ സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ബദ്ധശത്രുക്കൾപോലും സമ്മതിച്ചിരിയ്ക്കുന്നു.

അമേരിക്കൻ പ്രൊഫസർ ഡി. എഫ്. ഫ്ളെമ്മിങ്ങ് എഴുതി:

"നിരന്തരം ചുരുങ്ങിക്കൊണ്ടിരിയ്ക്കുന്ന ഗ്രഹത്തിൽ, സോവിയറുയൂണിയന്റെകൂടെ ജീവിയ്ക്കുകയും യുദ്ധം കൂടാതെ നമ്മുടെ അഭിപ്രായവ്യത്യാസങ്ങൾ അതുമായി പൊരുത്തപ്പെട്ടുത്താൻ പഠിയ്ക്കുയുമല്ലാതെ നമുക്കു വാച്യാർത്ഥത്തിൽ മറു വഴിയില്ല".

വ്യവസായത്തിലും ശാസ്ത്രത്തിലും വിദ്യാഭ്യാസത്തിലും വമ്പിച്ച വിജയം നേടിയിരിയ്ക്കുകൊണ്ടും ശരിയ്ക്കും യുദ്ധത്തിന്റെ അർത്ഥമെന്തെന്നു് മറാരേക്കാളും കൂടുതലായി അവർക്കു് അറിയാവുന്നതുകൊണ്ടും സോവിയറുയൂനിയനോ അതിന്റെ നേതാക്കളോ ന്യൂക്ലിയർ യുദ്ധം ആഗ്രഹിക്കുന്നില്ലെന്നു് സുപ്രസിദ്ധ യു. എസ്. രാഷ്ട്രതന്ത്രജ്ഞനായ അവറൽ ഹരിമാൻ തന്റെ വാഷിങ്ങ്ടൺ പ്രസംഗത്തിൽ ഉന്നിപ്പറയുക

യുണ്ടായി. സോവിയറുജനത സമാധാനപരമായ നിർമ്മാണത്തിൽ ഏർപ്പെട്ടിരിയ്ക്കുകയാണു്. അവർ 5 കൊല്ലത്തെ സാമ്പത്തികവികസനത്തിനുള്ള പദ്ധതിയുടെ (1966-1970) ചുമതലകൾ നിർവ്വഹിക്കുകയും അതുവഴി സാർവ്വത്രികമായ സമാധാനവും ഭദ്രതയും ശക്തിപ്പെടുത്തുന്നതിനും വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളോടുകൂടിയ സ്റ്റേറുകളുടെ സമാധാനപരമായ സഹവർത്തിത്വമെന്ന ലെനിനിസ്റ്റ് തത്വം പ്രാവർത്തികമാക്കുകയും ചെയ്തുകൊണ്ടിരിയ്ക്കുകയാണു്.

ഇന്നു് ഏറ്റവും അടിയന്തരമായി ഒരു പുതിയ യുദ്ധത്തെ തടയുകയെന്നതാണെന്നു് പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചുള്ള സോവിയറ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 23-ാം കോൺഗ്രസ്സിന്റെ ശാസനകൾ ഊന്നുന്നു. ജനതകൾക്കു് ഒരുറച്ച സമാധാനവും ഭദ്രതയും സ്വാതന്ത്ര്യവും നേടിയെടുക്കാനും, പരസ്പരം ഗുണകരമായ സാമ്പത്തിക-ശാസ്ത്രീയ-സാങ്കേതിക-സാംസ്കാരിക സഹകരണം അവർ തമ്മിൽ വളർത്തുവാനുമുള്ള എല്ലാ ശ്രമവും സോവിയറുയൂനിയൻ നടത്തുന്നു.

സാർവ്വദേശീയ സംഘട്ടത്തിൽ അയവുവരുത്താനും ഭദ്രതയ്ക്കു് താങ്ങുകൊടുക്കാനും നിലകൊള്ളുന്ന എല്ലാ രാജ്യങ്ങളുമായും സോവിയറുയൂനിയൻ സഹകരണമാരായുന്നു. സമാധാനം കാത്തുസൂക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ഏതു ശ്രമത്തിനും സോവിയറുയൂണിയന്റെ ഹൃദയംഗമമായ പിന്തുണ എല്ലായ്പോഴുമുണ്ടാകുന്നതാണു്.

സോവിയറ്റ് നാട്ട് ഗ്രന്ഥമാല